# 15 -ാം കേരള നിയമസഭ

# 1 -ാം സമ്മേളനം

2021 ജൂൺ 7, തിങ്കൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--262]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| മുഖ്യമന്ത്രി | : 1 മുതൽ 107 വരെ |
| ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി | : 108 മുതൽ 136 വരെ |
| തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി | : 137 മുതൽ 175 വരെ |
| ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി | : 176 മുതൽ 262 വരെ |

**ജപ്തിയിലൂടെ വീട് നഷ്ടപ്പെടുന്നത് തടയാൻ നിയമനിർമ്മാണം**

1 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്തിയിലൂടെ വീട് നഷ്ടപ്പെടുന്നത് തടയുവാൻ നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ വിഭാഗങ്ങളിൽപെട്ടവർക്കാണ് ഇതിന്റെ ആനുകൂല്യം ലഭിക്കുക;

(സി) ഇത്തരത്തിൽ നിയമനിർമ്മാണം നടത്തുന്നതിലൂടെ നിർദ്ധനരായ ആളുകൾക്ക് വായ്പ നൽകുന്നതിന് ധനകാര്യ സ്ഥാപനങ്ങൾ വിമുഖത കാട്ടാനിടയുണ്ടെന്നുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

**ഭരണ പരിഷ്കാര കമ്മീഷന്റെ പ്രവർത്തനം**

2 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നിയോഗിച്ചതും ശ്രീ. വി. എസ്. അച്യുതാനന്ദൻ അദ്ധ്യക്ഷനമായ ഭരണപരിഷ്കാര കമ്മീഷൻ ഇതിനകം എത്ര റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചുവെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടുകൾ ഓരോന്നും എന്നാണ് സർക്കാരിന് സമർപ്പിച്ചതെന്നും അവയിലെ ഏതൊക്കെ ശിപാർശകളാണ് ഇതിനോടകം നടപ്പിലാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) ഭരണപരിഷ്കാര കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് ഇതിനോടകം ആകെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

**<u>വൻകിട പദ്ധതികൾക്കായി സ്വതന്ത്രവകുപ്പ്</u>**

3 **ശ്രീ. ലിന്റോ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന വൻകിട പദ്ധതികൾ സ്വതന്ത്ര വകുപ്പിനു കീഴിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഗുണഫലങ്ങൾ എന്താണെന്ന് വിശദമാക്കുമോ;

(സി) ഏതൊക്കെ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തുന്നതെന്നും എങ്ങനെയാണ് പ്രവർത്തനരീതിയെന്നും വിശദമാക്കുമോ?

**<u>ഫയലുകൾ തീർപ്പാക്കുന്നതിലെ കാലതാമസം</u>**

4 **ശ്രീ എൻ എ നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ ഓഫീസുകളിൽ ഫയലുകൾ തീർപ്പാക്കുന്നതിന് കാലതാമസം നിലനിൽക്കുന്നുണ്ടോയെന്ന് അറിയിക്കാമോ ;

(ബി) ഏത് വകുപ്പുമായി ബന്ധപ്പെട്ട ഫയലുകളാണ് തീർപ്പാകാതെ കിടക്കുന്നതെന്നും, എത്രകാലമായി ഈ ഫയലുകൾ തീർപ്പാകാതെ അനന്തമായി നീളുകയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(സി) സെക്രട്ടറിയേറ്റിൽ എത്ര ഫയലുകൾ തീരുമാനമാകാതെ കിടക്കുന്നുണ്ടെന്നും, ഏത് സെക്ഷനിലാണ ഈ ഫയലുകളെന്നും എത്ര കാലമായി ഈ അവസ്ഥ തുടരുന്നുവെന്നും വ്യക്തമാക്കാമോ ;

(ഡി) ഫയലുകൾ തീർപ്പാകാതെ കിടക്കുന്നതിനുള്ള കാരണങ്ങൾ കണ്ടെത്താൻ പരിശോധന നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ;

(ഇ) ഉദ്യോഗസ്ഥരുടെ അലംഭാവവും കൃത്യവിലോപവുമാണ് ഫയലുകളുടെ നിശ്ചലാവസ്ഥയ്ക്ക് കാരണമെങ്കിൽ അതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>കോവിഡ് ബാധിച്ച് മാതാപിതാക്കൾ മരിച്ച കുട്ടികളുടെ സംരക്ഷണം</u>**

5 **ശ്രീ എൻ എ നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിച്ച് മാതാപിതാക്കൾ മരിച്ച എത്ര കുട്ടികൾ സംസ്ഥാനത്തുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കുട്ടികൾ ഇപ്പോൾ അനാഥത്വം അനുഭവിക്കുന്നുണ്ടോ എന്നും അവരുടെ സംരക്ഷണം ആരെങ്കിലും ഏറ്റെടുത്തിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(സി) ഇത്തരം കുട്ടികളുടെ സംരക്ഷണം ഏറ്റെടുക്കാൻ സർക്കാരിന് ആലോചനയുണ്ടോ; വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ഇതിനായി ഉദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ച് വിശദാംശം നൽകാമോ;

(ഇ) സാമ്പത്തിക പരാധീനതമൂലം അനാഥത്വം അനുഭവിക്കാൻ വിധിക്കപ്പെട്ട ഇത്തരം കുട്ടികളുടെ മാതാപിതാക്കൾക്ക് വൻതുക ചികിത്സാ ചെലവ് വന്നിട്ടുണ്ടെങ്കിൽ പ്രസ്തുത തുക സർക്കാർ സഹായധനമായി അനുവദിക്കുമോ; വ്യക്തമാക്കാമോ?

## പി.എസ്.സി നിയമനം

6 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ അഞ്ച് വർഷകാലാവധിക്കുള്ളിൽ പി.എസ്.സി മുഖേന എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാർ വിവിധ വകുപ്പുകളിൽ പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചു;വിശദമാക്കുമോ;

(സി) പി.എസ്.സി പരീക്ഷ നടത്തിപ്പിലും റാങ്ക് ലിസ്റ്റ് തയ്യാറാക്കലിലും നിലവിൽ തുടർന്നു വരുന്ന വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഡി) ഒഴിവുകൾ യഥാസമയം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാതെ, കൃത്യവിലോപം കാണിക്കുന്ന വകുപ്പ് മേലധികാരികൾ സംസ്ഥാനത്തുണ്ടെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരക്കാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) പി.എസ്.സി പരീക്ഷാപരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് കർശന മാനദണ്ഡങ്ങൾ ഏർപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## ലക്ഷദ്വീപിൽ നടപ്പിലാക്കപ്പെടുന്ന പരിഷ്കാരങ്ങൾ

7 **ശ്രീ . മഞ്ഞളാംകുഴി അലി**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ .പി. കെ. ബഷീർ**
**ഡോ. എം.കെ . മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലക്ഷദ്വീപിൽ പുതിയതായി നടപ്പിലാക്കപ്പെടുന്ന പരിഷ്കാരങ്ങൾക്കെതിരെ സംസ്ഥാനത്തിനകത്തും പുറത്തും ഉയരുന്ന പ്രതിഷേധങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭാഷാപരമായും സാംസ്കാരികമായും കേരളത്തിനോട് വളരെ അടുപ്പം പുലർത്തുന്ന ദ്വീപ് നിവാസികളുടെ പ്രശ്നങ്ങളിൽ പൊതുസമൂഹത്തിനുള്ള ആശങ്കകൾ സംബന്ധിച്ച് സംസ്ഥാന സർക്കാർ എന്തെങ്കിലും നിലപാട് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(സി) ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിനകത്ത് പൊതുസമൂഹത്തിനുള്ള ആശങ്കകൾ പരിഹരിയ്ക്കുന്ന തരത്തിൽ എന്തെല്ലാം ഇടപെടൽ നടത്തുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്ത മാക്കാമോ?

## <u>പുതിയ തസ്തികകൾ</u>

8 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് 2021 മേയ് മൂന്നുവരെ എത്ര പുതിയ തസ്തികകളാണ് സൃഷ്ടിച്ചത്;

(ബി) വകുപ്പ് തിരിച്ചുള്ള വിശദാംശം നൽകുമോ?

## <u>എക്സൈസ് ഡ്രൈവർ റാങ്ക് ലിസ്റ്റ്</u>

9 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 659/2017 പ്രകാരം പരീക്ഷ നടത്തി 476/19 ഡി.ഇ.ഒ. പ്രകാരം നിലവിൽ വന്ന എക്സൈസ് ഡ്രൈവർ റാങ്ക് ലിസ്റ്റിലെ മെയിൻ ലിസ്റ്റിൽ നിന്നും സപ്ലിമെന്ററി ലിസ്റ്റിൽ നിന്നും നിലവിൽ എത്ര പേർക്ക് നിയമനം നല്കി എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ലിസ്റ്റിന്റെ കാലാവധി എന്ന് വരെയാണെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ പ്രസ്തുത തസ്തികയിൽ ഏതെങ്കിലും ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കും മുൻപ് പ്രതീക്ഷിക്കാവുന്ന റിട്ടയർമെന്റ് ഒഴിവുകൾ എത്രയാണെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത വിഭാഗത്തിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ ; വിശദമാക്കാമോ?

## <u>സർക്കാർ സർവ്വീസിലെ പട്ടിക വിഭാഗം ജീവനക്കാർ</u>

10 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട ജീവനക്കാരുടെ ഗസറ്റഡ്, നോൺ ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് തസ്തിക തിരിച്ചുള്ള എണ്ണം ലഭ്യമാക്കുമോ;

(ബി) 2016 മുതൽ 2020 വരെയുള്ള കാലയളവിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഏതെല്ലാം തസ്തികകളിലേക്കാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് പരീക്ഷ നടത്തിയത് എന്നറിയിക്കുമോ ;തസ്തിക തിരിച്ച് വിവരം ലഭ്യമാക്കുമോ; പ്രസ്തുത കാലയളവിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ എത്ര പട്ടിക വിഭാഗക്കാർക്ക് നിയമന ശിപാർശ നൽകി എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കാലയളവിൽ പൊതു ഭരണ (എംപ്ലോയ്മെന്റ് സെൽ-ബി) വകുപ്പ് ഏതെല്ലാം ഓഫീസുകളിൽ പട്ടിക വിഭാഗക്കാരുടെ പ്രാതിനിധ്യം സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടെന്നറിയിക്കുമോ; പരിശോധനാ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## സർക്കാർ സർവ്വീസിലെ പട്ടിക വിഭാഗ പ്രാതിനിധ്യം സംബന്ധിച്ച വിവരങ്ങൾ

11 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലെ പട്ടിക വിഭാഗ പ്രാതിനിധ്യം സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനായി പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ) വകുപ്പ് സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിനായി നാളിതുവരെ എത്ര രൂപ ചെലവഴിച്ചു എന്നറിയിക്കുമോ;

(ബി) സോഫ്റ്റ് വെയർ വികസനവുമായി ബന്ധപ്പെട്ട നടപടികൾ ഏത് വർഷമാണ് ആരംഭിച്ചത് എന്നും എപ്പോൾ പ്രവർത്തനക്ഷമമാകും എന്നും വ്യക്തമാക്കുമോ;

(സി) സർക്കാർ സർവ്വീസിലെ പട്ടിക വിഭാഗ പ്രാതിനിധ്യം സംബന്ധിച്ച വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ) വകുപ്പ് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

## റീബിൽഡ് കേരള പദ്ധതി

12 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;അവയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) റീബിൽഡ് കേരള പദ്ധതി പ്രകാരം പുനർനിർമിക്കാൻ ഉദ്ദേശിച്ച വയനാട് ജില്ലയിലെ ഗ്രാമീണ റോഡുകളുടെ നിർമാണം അനന്തമായി നീണ്ടുപോകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന വിവരം വെളിപ്പെടുത്തുമോ?

## ലോക്ഡൗൺ കാലത്തെ പി.എസ്.സി. നിയമനങ്ങൾ

13 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് രൂക്ഷമായതിനെത്തുടർന്ന് ഏർപ്പെടുത്തിയ ലോക്ഡൗണും, ട്രിപ്പിൾ ലോക്ഡൗണുംമൂലം പി.എസ്.സി. നിയമനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ലോക്ഡൗൺ പി.എസ്.സി. നിയമനങ്ങളെ ബാധിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തുവാൻ എന്തെല്ലാം ക്രമീകരണങ്ങളാണ് പി.എസ്.സി.-യിൽ നടപ്പിലാക്കിയിട്ടുള്ളത് ?

## വൻകിട പദ്ധതികൾ

14 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കീഴിലെ വൻകിട പദ്ധതികൾ ഒറ്റ വകുപ്പിന് കീഴിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പദ്ധതികളെയാണ് ഒറ്റ വകുപ്പിൻ കീഴിലാക്കുന്നത്;

(ബി) വൻകിട പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് എന്തെങ്കിലും പ്രത്യേക ക്രമീകരണം ഏർപ്പെടുത്തിയിരുന്നോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത ക്രമീകരണം ഫലപ്രദമാണോ; എങ്കിൽ 2016-21 കാലയളവിൽ ആരംഭിച്ച ഏതൊക്കെ വൻകിട പദ്ധതികളാണ് ആ സർക്കാരിന്റെ കാലയളവിൽ തന്നെ പൂർത്തീകരിക്കുവാൻ സാധിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് പുതുതായി എന്തെങ്കിലും വൻകിട പദ്ധതികൾ ആവിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

**<u>കാലാവസ്ഥാ നിരീക്ഷണത്തിനായി സ്വകാര്യ സ്ഥാപനങ്ങളുടെ സഹായം</u>**

15 **ശ്രീ .പി. കെ. ബഷീർ**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ . എൻ . ഷംസുദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്ര സാങ്കേതിക രംഗത്ത് കാലാവസ്ഥാ നിരീക്ഷണത്തിനായി സ്വകാര്യ സ്ഥാപനങ്ങളുടെ സഹായം തേടാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(ബി) ഏതെല്ലാം സ്വകാര്യ ഏജൻസികളുടെ സേവനമാണ് ഇക്കാര്യത്തിൽ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്; അറിയിക്കുമോ;

(സി) ദുരന്ത ലഘൂകരണത്തിന് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

**<u>ഉപയോഗിച്ച് കളയുന്ന മാസ്കുകൾ അടക്കമുള്ള കൊവിഡ് പ്രതിരോധ സാമഗ്രികളുടെ ശാസ്ത്രീയമായ സംസ്കരണം</u>**

16 **ശ്രീ . മുഹമ്മദ് മുഹസിൻ പി . :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചിട്ടുള്ള മാസ്കുകളും പി.പി.ഇ. കിറ്റ് അടക്കമുള്ള സാമഗ്രികളും അലക്ഷ്യമായി വലിച്ചെറിയുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇവ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നത് ശിക്ഷ ലഭിക്കാവുന്ന കുറ്റമായി പരിഗണിക്കുന്നതിനുള്ള നടപടികൾ സീകരിക്കുമോ?

**<u>പി.എസ്.സി പരീക്ഷ പരിഷ്കരണം</u>**

17 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് 19 കാരണം സംസ്ഥാനത്ത് പി.എസ്.സി പരീക്ഷകൾ യഥാസമയം നടത്താൻ കഴിയാത്തത് മൂലം വലിയ തോതിൽ യുവതി യുവാക്കൾക്ക് തൊഴിൽ നഷ്ടമായിട്ടുണ്ടോ;

(ബി) കോവിഡ് 19 ന്റെ സാഹചര്യത്തിൽ പി.എസ്.സി പരീക്ഷകളുടെ നടത്തിപ്പിൽ

എന്തെങ്കിലും പരിഷ്കാരങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പി.എസ്.സി. മുഖേന എത്ര പേർക്കാണ് ജോലി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശുപാർശ

18 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് 25 മുതൽ 2021 മേയ് 3 വരെ പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി എത്ര പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്;

(ബി) പ്രസ്തുത ശിപാർശകളുടെ അടിസ്ഥാനത്തിൽ എത്ര പേർ ടി കാലയളവിൽ ജോലിയിൽ പ്രവേശിച്ചു ;വ്യക്തമാക്കുമോ?

## PSC മുഖേന നിയമനങ്ങൾ

19 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പി.എസ്.സി. മുഖേന സംസ്ഥാന - ജില്ലാ തലങ്ങളിൽ എത്ര നിയമനങ്ങളാണ് നടത്തിയത്; വിശദാംശം നൽകുമോ;

(ബി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതു മുതൽ അഡ്വൈസ് മെമ്മോ അയക്കുന്നതുവരെയുള്ള നടപടി ക്രമങ്ങളിൽ ഇപ്പോഴും കാലതാമസം ഉണ്ടാകുന്നു എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയത് പരിഹരിക്കാനും നടപടിക്രമങ്ങൾ സമയബന്ധിതമായി മുന്നോട്ട് കൊണ്ടുപോകുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വെളിപ്പെടുത്തുമോ;

(ഡി) പി.എസ്.സി. നടത്തുന്ന പരീക്ഷകളുടെയും, ഇന്റർവ്യൂവിന്റെയും സുതാര്യത ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് കൂടി വ്യക്തമാക്കുമോ?

## കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള ബൈട്രാൻസ്ഫർ നിയമനം

20 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2020 വരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഏതെല്ലാം തസ്തികകളിലേക്കാണ് ബൈട്രാൻസ്ഫർ നിയമനം നടത്തുന്നതിനായി പരീക്ഷ നടത്തിയത്; തസ്തിക തിരിച്ച് വിവരം ലഭ്യമാക്കുമോ;

(ബി) 2016 മുതൽ 2020 വരെ എത്ര പേർക്ക് ബൈട്രാൻസ്ഫർ നിയമനത്തിനായി നിയമന ശിപാർശ നൽകി; തസ്തിക തിരിച്ച് വിവരം ലഭ്യമാക്കുമോ;

(സി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള ബൈട്രാൻസ്ഫർ നിയമനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം നൽകുന്നതിനായി ഭരണഘടനയുടെ ആർട്ടിക്കിൾ 16(4എ) യുടെ അടിസ്ഥാനത്തിൽ കെ.എസ്. & എസ്.എസ്.ആർ. ഭേദഗതി ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

## തസ്തികകളുടെ കൈമാറ്റം

21 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തിക്കൊണ്ടിരുന്ന ഏതെങ്കിലും തസ്തികകൾ സ്വയംഭരണ സ്ഥാപനത്തിന് കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) നേരിട്ട് നിയമനം നടത്തുന്ന സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പി.എസ്.സി. മുഖേന നിയമനം നടത്തിക്കൊണ്ടിരുന്ന സർക്കാർ വകുപ്പിലെ ജീവനക്കാരെയും തസ്തികകളെയും കൈമാറുന്ന കാര്യത്തിൽ സർക്കാർ നിലപാട് എന്താണെന്നു വ്യക്തമാക്കാമോ;

(സി) പി.എസ്.സി. മുഖേന നിയമനം നടത്തേണ്ട സർക്കാർ വകുപ്പിലെ തസ്തികകൾ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് കൈമാറുന്ന നിലപാടിൽ നിന്നും പിന്തിരിയുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

## താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച്

22 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പത്ത് വർഷം പൂർത്തിയാക്കിയ താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ നയപരമായ തീരുമാനം കൈക്കൊണ്ടിരുന്നോ; എങ്കിൽ അതിനുള്ള സാഹചര്യം എന്തായിരുന്നുവെന്ന് വിശദ മാക്കാമോ ;

(ബി) എതൊക്കെ വകുപ്പുകളിൽ/കോർപ്പറേഷനുകളിലാണ് ഇപ്രകാരം താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയത്; വിശദാംശം നൽകുമോ;

(സി) താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയ നടപടി ബഹു.കേരള ഹൈക്കോടതി സ്റ്റേ ചെയ്യുകയോ റദ്ദ് ചെയ്യുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിലെ താല്ക്കാലിക നിയമനങ്ങൾ സ്ഥിരപ്പെടുത്തിയ നടപടിയാണ് കോടതി തടഞ്ഞിട്ടുള്ളത്;

(ഡി) പത്ത് വർഷം പൂർത്തിയാക്കിയ താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക എന്ന നയം തുടരുവാൻ ഈ സർക്കാർ ആലോചിക്കുന്നുണ്ടോ;

(ഇ) പി.എസ്.സി. പരീക്ഷ എഴുതി റാങ്ക് ലിസ്റ്റിൽ ഇടം നേടിയിട്ടുള്ള ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികളെ സാരമായി ബാധിക്കുന്ന പ്രസ്തുത നടപടി പുന:പരിശോധിക്കുമോ?

## പ്രകൃതി ദുരന്തങ്ങളേയും മഹാമാരിയേയും നേരിടുന്നതിനായുള്ള കേരളത്തിന്റെ കരുതൽ പദ്ധതികൾ

23 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ദുരന്തങ്ങളേയും മഹാമാരിയേയും നേരിടുന്നതിൽ ലോകത്തിന് മാതൃകയായ കേരളത്തിന്റെ കരുതൽ പദ്ധതികളും പരിപാടികളും വിശദീകരിക്കാമോ;

(ബി) ഇത്തരം ദുരിതങ്ങളെ അതിജീവിക്കുന്നതിന് വിദ്യാർത്ഥി-യുവജന സമൂഹത്തിന് ആവശ്യമായ പരിശീലനം നല്കുന്നതിന് കൂടുതൽ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

## പ്രളയ കാരണത്തെക്കുറിച്ചുള്ള പഠനറിപ്പോർട്ട്

24 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2018-ൽ ഉണ്ടായ അതിതീവ്ര മഴയും അതിനെ തുടർന്നുള്ള വെള്ളപ്പൊക്കവും ഉരുൾപൊട്ടലും ഉണ്ടായതിനുള്ള കാരണത്തെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 2019 ആഗസ്റ്റ് 22 ന് രൂപീകരിച്ച സമിതി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പഠനറിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകളും ശുപാർശകളും എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

## പ്രളയത്തെത്തുടർന്ന് സംസ്ഥാനത്തിനുണ്ടായ നഷ്ടം

25 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലും, 2019-ലും ഉണ്ടായ പ്രളയത്തെത്തുടർന്ന് സംസ്ഥാനത്തിനുണ്ടായ നഷ്ടം എത്ര കോടി രൂപയാണ്; അറിയിക്കുമോ;

(ബി) ഇതിനായി എന്ത് തുക കേന്ദ്ര സഹായമായി ഇതിനകം ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പ്രളയ ദുരിതാശ്വാസമായി എത്ര കോടി രൂപ ലഭിച്ചു; സാലറി ചലഞ്ച് വഴി എന്ത് തുക ലഭിച്ചു; വിശദാംശം നൽകുമോ;

(ഡി) പ്രളയദുരിതാശ്വാസത്തിന്റെ ഭാഗമായി സർക്കാരിന് വിവിധ ഇനങ്ങളിൽ ഇതിനകം എന്ത് തുക ചിലവായി; വ്യക്തമാക്കുമോ?

## ഓട്ടുകമ്പനികളിലെ ദിവസ വേതനക്കാരായ തൊഴിലാളികൾക്ക് ധനസഹായം

26 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് 19 മഹാമാരി മൂലം വിവിധ തൊഴിൽ മേഖലകളിൽ വരുമാനമില്ലാതായി വിഷമിക്കുന്നവരെ സഹായിക്കുന്നതിന് സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും, സംസ്ഥാനത്തെ ഓട്ടുകമ്പനികളിൽ പണിയെടുക്കുന്ന ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടാത്ത ദിവസവേതനക്കാരായ തൊഴിലാളികൾക്ക് ധനസഹായം അനുവദിക്കുന്നതിന് ഇനിയും നടപടി സ്വീകരിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോവിഡ് 19 ലോക്ഡൗൺ കാലത്ത് തൊഴിലും വരുമാനവും നഷ്ടപ്പെട്ട ഓട്ടുകമ്പനികളിലെ ദിവസവേതനക്കാരായ തൊഴിലാളികൾക്ക് ധനസഹായം

അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## പുത്തുമല ദുരന്തബാധിതരുടെ പുനരധിവാസവും വയനാട് പാക്കേജും

27 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ മേപ്പാടി പഞ്ചായത്തിൽ 2019- ൽ ഉണ്ടായ ഭീകരമായ ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പുത്തുമല ദുരന്തത്തിൽ വീട് നഷ്ടപ്പെട്ട പലർക്കും ഇനിയും വീട് നിർമ്മിച്ച് നൽകുകയോ ആയതിന് വേണ്ട ധനസഹായം ലഭിക്കുകയോ ചെയ്തിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പുത്തുമല ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബത്തിന് എത്ര തുകയുടെ ധനസഹായമാണ് പ്രഖ്യാപിച്ചിരുന്നത്; ഇത് അടിയന്തിരമായി നൽകുന്നതിൽ എന്തെങ്കിലും കാലതാമസം ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പുത്തുമല ദുരന്തത്തിൽ കൃഷി, ലൈവ് സ്റ്റോക്ക് എന്നിവ നഷ്ടപ്പെട്ട പല കർഷകർക്കും നാളിതുവരെയായിട്ടും നഷ്ടപരിഹാര തുക നല്കിയിട്ടില്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കർഷകർക്കാണ് ഇനിയും നഷ്ടപരിഹാരം ലഭിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) പുത്തുമലയുടെ സമഗ്രമായ വികസനത്തിന് ഊന്നൽ നൽകികൊണ്ട് എന്തെങ്കിലും പദ്ധതികൾ വയനാട് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## കോവിഡ് കാലത്തെ കർമ്മ പദ്ധതികൾ

28 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ . ഷാഫി പറമ്പിൽ**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡും ലോക്ഡൗണും മൂലം തൊഴിലും വരുമാനവും നഷ്ടപ്പെട്ട പാവപ്പെട്ടവരെ സഹായിക്കുവാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ;

(ബി) കോവിഡ് മൂലം തൊഴിലും ജീവനോപാധിയും നഷ്ടപ്പെട്ട ജനങ്ങളുടെ പുനരധിവാസത്തിനായി സർക്കാർ കർമ്മ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) സംസ്ഥാനത്ത് കോവിഡ് മൂലം തകർന്നുപോയ വ്യവസായങ്ങൾ, ചെറുകിട സംരംഭങ്ങൾ എന്നിവയെ പുനരുദ്ധരിക്കുന്നതിനായി പാക്കേജ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

## വ്യാപാര മേഖലയ്ക്കുള്ള ഉത്തേജക പാക്കേജ്

29 **ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മൂലം പ്രതിസന്ധി നേരിടുന്ന വ്യാപാര മേഖലയുടെ നിലനിൽപ്പിനായി ഉത്തേജക പാക്കേജ് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) വ്യാപാരികളും കർഷകരും എടുത്തിരിക്കുന്ന ബാങ്ക് വായ്പകൾക്ക് പലിശരഹിത മൊറോട്ടോറിയം പ്രഖ്യാപിക്കാൻ നടപടി കൈക്കൊള്ളുമോ എന്ന് വ്യക്തമാക്കുമോ?

## കോവിഡ് മഹാമാരി

30 **ശ്രീ ഡി കെ മുരളി**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് മഹാമാരി സമസ്ത മേഖലകളിലും ഏൽപ്പിച്ച സാമ്പത്തിക ആഘാതം മറികടക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചെയ്തതുപോലെ പദ്ധതികൾ കാലതാമസം കൂടാതെ പൂർത്തിയാക്കുന്നതിനും വിഭവ വിനിയോഗം ത്വരിതപ്പെടുത്തുന്നതിനും എന്തെല്ലാം പുതിയ നിർദ്ദേശങ്ങളാണ് നൽകാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## കോവിഡ്-19 മഹാമാരി

31 **ശ്രീ. പി.വി.അൻവർ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. എം.വിജിൻ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 മഹാമാരിയുടെ കാലത്ത് ജനജീവിതം മെച്ചപ്പെടുത്തുന്നതിനായി മുൻ സർക്കാർ നടത്തിയ ലോകശ്രദ്ധയാകർഷിച്ച പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് കോവിഡ് രണ്ടാംതരംഗവും പിന്നിടുമ്പോൾ ആയത് ജനജീവിതത്തെ ഏതെല്ലാം തരത്തിൽ ബാധിച്ചിട്ടുണ്ടെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ എന്നറിയിക്കുമോ;

(സി) കോവിഡ്-രണ്ടാംതരംഗം നേരിടാൻ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വ്യക്തമാക്കുമോ?

## കോവിഡ്-19 വാക്സിനേഷൻ

32 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ ആസൂത്രണത്തിലുണ്ടായ പിഴവു മൂലം സംസ്ഥാനത്ത് കോവിഡ്-19 വാക്സിൻ വേണ്ടത്ര ലഭ്യമാകുന്നില്ല എന്നുള്ള വസ്തുത കണക്കിലെടുത്ത് ആയത് പരിഹരിക്കുവാൻ ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ കോവിഡ് വാക്സിൻ ലഭ്യമാക്കുവാൻ സംസ്ഥാന സർക്കാരിന് എത്ര കോടി രൂപയുടെ അധിക ബാധ്യത വേണ്ടി വരുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ഉണ്ടാകുന്ന ബാധ്യത നികത്തുവാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കോവിഡ് വാക്സിൻ സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും എന്നത്തേയ്ക്ക് ലഭ്യമാക്കുവാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് കോവിഡ്-19 മൂലം മാതാപിതാക്കളെ നഷ്ടപ്പെട്ട കുട്ടികളുടെ സംരക്ഷണത്തിനായി സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും ഇത്തരത്തിൽ എത്ര കുട്ടികൾ ഉണ്ട് എന്നും വ്യക്തമാക്കുമോ;

(എഫ്) നാളിതുവരെ എത്ര കോടി രൂപ മുഖ്യമന്ത്രിയുടെ കോവിഡ്-19 ദുരിതാശ്വാസനിധിയിൽ ലഭിച്ചുവെന്ന് അറിയിക്കാമോ?

## <u>പാവപ്പെട്ട രോഗികൾക്ക് ചികിത്സ സഹായം</u>

33 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിശ്ചിത വരുമാനത്തിൽ താഴെയുള്ള നിർദ്ധനരായ രോഗികൾക്ക് ചികിത്സാ സഹായങ്ങൾ വർദ്ധിപ്പിച്ച് നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ;

(ബി) നിർദ്ധന കുടുംബങ്ങളിൽ ഒരാൾ മാറാരോഗി ആയാൽ പലപ്പോഴും കിടപ്പാടം വിൽക്കേണ്ട സാഹചര്യം വരെ ഉണ്ടാകുമെന്നതിനാൽ പാവപ്പെട്ടവരുടെ രോഗചികിത്സയ്ക്ക് നൽകുന്ന ധന സഹായം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>വാക്സിൻ ചലഞ്ച്</u>

34 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാവർക്കും കോവിഡ് വാക്സിനേഷൻ സൗജന്യമായി നൽകുമെന്ന പ്രഖ്യാപനം തെരഞ്ഞെടുപ്പിന് മുൻപ് തന്നെ നടത്തിയിരുന്നോ;

(ബി) 45 വയസ്സിന് താഴെയുള്ളവർക്ക് കേന്ദ്രം സൗജന്യ വാക്സിൻ നൽകാത്ത സാഹചര്യത്തിൽ അത് സംസ്ഥാനം സൗജന്യമായി നൽകുന്നതിന് എന്ത് തുക

ആവശ്യമായി വരുമെന്നാണ് കണക്കാക്കുന്നത്;

(സി) വാക്സിൻ ചലഞ്ച് വഴി ഇതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എന്ത് തുക ലഭിച്ചുവെന്ന് അറിയിക്കാമോ?

**<u>അബ്ദുൾ ഖാദറിന് ചികിത്സ സഹായം</u>**

35 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ മണ്ഡലത്തിലെ മുത്തൂർ സ്വദേശി വലിയ പറമ്പിൽ അബ്ദുൽ ഖാദറിനു ബ്ലാക്ക് ഫംഗസ് രോഗം സ്ഥിരീകരിക്കുകയും തുടർന്ന് രോഗം ഗുരുതരാവസ്ഥയിൽ ആയതിനെ തുടർന്ന് വിദഗ്ധ ചികിൽസക്കായി കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടി വരികയും രോഗിയുടെ ഒരു കണ്ണ് എടുത്ത് മാറ്റേണ്ടിവരികയും പ്രസ്തുത രോഗി സ്വകാര്യ ആശുപത്രിയിൽ ഇപ്പോഴും ചികിൽസയിലാണെന്നുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അബ്ദുൽ ഖാദറിന്റെ കുടുംബത്തിന്റെ മോശം സാമ്പത്തികാവസ്ഥ പരിഗണിച്ച് അദ്ദേഹത്തിന്റെ ചികിൽസാ ചെലവ് വഹിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ;

(സി) അബ്ദുൽ ഖാദറിന് വിദഗ്ധ ചികിൽസ ഉറപ്പു വരുത്തുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ?

**<u>എരുമേലി എയർപോർട്ട്</u>**

36 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ഡോ. എൻ. ജയരാജ്**
**ശ്രീ പ്രമോദ് നാരായൺ**
**ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട എരുമേലി എയർപോർട്ടുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

**<u>തിരുവനന്തപുരം - കാസർകോഡ് സെമി ഹൈസ്പീഡ് റെയിൽ പദ്ധതി</u>**

37 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം - കാസർകോഡ് സെമി ഹൈസ്പീഡ് റെയിൽ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണ്; ഇതിനായി എത്ര തുക ആവശ്യമായി വരുമെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി നിലവിൽ എന്ത് ചെലവ് പ്രതീക്ഷിക്കുന്നു; അതിനായുള്ള സാമ്പത്തിക സഹായത്തിനായി ഏതൊക്കെ ഏജൻസികളെയാണ്

സമീപിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതി മൂലം എത്ര കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടി വരും; അവരെ പുനരധിവസിപ്പിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാരിന്റെ കാലയളവിൽ തന്നെ പ്രസ്തുത പദ്ധതി പൂർത്തീകരിക്കുവാൻ കഴിയുമോയെന്ന് അറിയിക്കുമോ?

## സെമി ഹൈസ്പീഡ് റെയിൽ പദ്ധതി

38 **ശ്രീ . എൻ . ഷംസുദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെമി ഹൈസ്പീഡ് റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ ആകാശ സർവ്വേയുടെ റിപ്പോർട്ടിൽ സർവ്വേ ഓഫ് ഇന്ത്യയും കേന്ദ്രപ്രതിരോധ മന്ത്രാലയവും പരിശോധനകൾ പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ മൂലധനസമാഹരണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും സ്വദേശ-വിദേശ ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങളുമായിട്ടാണ് ചർച്ച നടത്തിയിട്ടുള്ളതെന്നും ഇതിൽ എന്തെല്ലാം തീരുമാനങ്ങൾ ആണ് എടുത്തിട്ടുള്ളത് എന്നതിന്റെയും വിശദാംശം ലഭ്യമാക്കുമോ;

(സി) പദ്ധതിക്ക് എത്ര തുക ചെലവ് വരും എന്നത് കണക്കാക്കിയിട്ടുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ?

## സിൽവർലൈൻ സെമി ഹൈസ്പീഡ് റെയിൽവേ

39 **ശ്രീ എ. സി. മൊയ്തീൻ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്- തിരുവനന്തപുരം യാത്രാസമയം മൂന്നിലൊന്നായി കുറയ്ക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച "സിൽവർ ലൈൻ" എന്ന പേരിലുള്ള സെമി ഹൈസ്പീഡ് റെയിൽവേ കോറിഡോർ പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ആയത് എന്തൊക്കെയാണ്;

(ബി) പ്രസ്തുത പദ്ധതിയുടെ ചെലവ് കണക്കാക്കിയിട്ടുണ്ടോ; പദ്ധതി എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്;

(സി) 'സെമി ഹൈസ്പീഡ് റെയിൽ പദ്ധതി' സമയബന്ധിതമായി നടപ്പാക്കുന്നതിന്റെ ഭാഗമായി സ്ഥലം ഏറ്റെടുക്കൽ അടക്കമുള്ള പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനായി എന്തെല്ലാം അടിയന്തിര നടപടികളാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നത്?

## പറമ്പിക്കുളം-ആളിയാർ നദീജല കരാർ

40 **ശ്രീ . എൻ . ഷംസുദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ നദീജല കരാർ പുനരവലോകനം ചെയ്യുന്നതിനായി ഇരുസംസ്ഥാനങ്ങളിലേയും ഉന്നത ഉദ്യോഗസ്ഥരേയും സാങ്കേതിക അംഗങ്ങളേയും ഉൾപ്പെടുത്തി രൂപീകരിച്ച സംയുക്ത കമ്മിറ്റിയുടെ 12.12.2019-ലെ യോഗതീരുമാനപ്രകാരം സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## തൃക്കരിപ്പൂർ കവ്വായി കായലിലെ ഉൾനാടൻ ജലഗതാഗത പാത

41 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ കവ്വായികായലിൽ കൊറ്റി മുതൽ കോട്ടപ്പുറം വരെയുള്ള ഉൾനാടൻ ജലഗതാഗത പാതയിൽ ഇൻലാന്റ് നാവിഗേഷൻ വകുപ്പു മുഖേന നേരത്തെ അനുവദിച്ച ബോട്ട് ജട്ടികൾ നവീകരിക്കാനും പുതിയവ അനുവദിക്കാനും നടപടികൾ ഉണ്ടാകുമോ;

(ബി) നിരവധി ഹൗസ് ബോട്ടുകളും വാട്ടർ ട്രാൻസ്പോർട്ടിന്റെ യാത്രാ ബോട്ടുകളും നിത്യേന സർവ്വീസ് നടത്തുന്ന ഈ പ്രദേശത്ത് നായനാർ സർക്കാരിന്റെ കാലത്തു അനുവദിച്ചതുൾപ്പെടെയുള്ള ബോട്ട് ജട്ടികൾ ഈ വർഷം തന്നെ നവീകരിക്കാൻ നടപടികളുണ്ടാകുമോ ?

## തീരദേശ പരിപാലന പ്ലാൻ

42 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലനവുമായി ബന്ധപ്പെട്ട് 2019-ൽ വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷം തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് ഇതു പ്രകാരം പുതുതായി എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാവുക; വിശദമാക്കാമോ?

## പ്രാദേശിക പത്രപ്രവർത്തകർ

43 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക പത്രപ്രവർത്തകരെ സാംസ്കാരിക ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നതിന് ബഡ്ജറ്റ് നിർദ്ദേശമുണ്ടോ; വിശദീകരിക്കുമോ;

(ബി) സംസ്ഥാനത്തെ പ്രാദേശിക പത്രപ്രവർത്തകർക്ക് പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

## സർക്കാർ പരസ്യങ്ങൾ

44 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ സർക്കാരിന്റെ നേട്ടങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനായി പത്ര, ദൃശ്യമാധ്യമങ്ങൾ, സോഷ്യൽ മീഡിയ എന്നിവ വഴി 2020 ഡിസംബർ 1 മുതൽ തെരഞ്ഞെടുപ്പിന്റെ പെരുമാറ്റച്ചട്ടം വരുന്നതുവരെ പരസ്യങ്ങൾ നൽകിയിരുന്നോ;

(ബി) പ്രസ്തുത പരസ്യത്തിനായി ഓരോ ഇനത്തിലും എന്ത് തുക ചെലവഴിച്ചു. വിശദാംശം നൽകുമോ?

## <u>സർക്കാർ പരസ്യങ്ങൾ</u>

45 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പിആർഡി മുഖേനയും അല്ലാതെയും വിവിധ ദേശീയ സംസ്ഥാന ദൃശ്യ-ശ്രാവ്യ-പത്ര മാധ്യമങ്ങൾക്ക് സർക്കാർ പരസ്യങ്ങൾ നല്കിയ വകയിൽ എത്ര തുകയാണ് അനുവദിച്ചത്; എത്ര തുക ചെലവഴിച്ചു; സർക്കാർ ഉത്തരവുകളുടെ പകർപ്പ് അടക്കം വെളിപ്പെടുത്തുമോ;

(ബി) ആയതിൽ പ്രസ്തുത ദൃശ്യ-ശ്രാവ്യ-പത്ര മാധ്യമങ്ങൾ ഏതെല്ലാമാണെന്നും, ഓരോന്നിനും 2016 മുതൽ 2021 വരെ ഓരോ സാമ്പത്തിക വർഷവും അനുവദിച്ച തുക ഇനം തിരിച്ച് എത്രയാണെന്നും ഉള്ള വിശദാംശം നൽകുമോ?

## <u>കോവിഡ് പ്രതിസന്ധി കാരണം പ്രവാസികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ</u>

46 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് 19 പ്രതിസന്ധി കാരണം വിദേശരാജ്യങ്ങളിൽ നിന്ന് മടങ്ങിയെത്തിയ പ്രവാസികൾക്ക് തിരികെ പോകുന്നതിന് പല രാജ്യങ്ങളിലും യാത്രാവിലക്ക് ഏർപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ അവർ നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം ഇടപെടലുകൾ നടത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) യാത്രാവിലക്ക് ഏർപ്പെടുത്തുന്നതിന് മുമ്പ് വിമാനടിക്കറ്റ് ബുക്ക് ചെയ്തിരുന്ന യാത്രക്കാർക്ക് യാത്ര മുടങ്ങുന്ന സാഹചര്യത്തിൽ ടിക്കറ്റിന്റെ തുക റീഫണ്ട് ചെയ്ത് കിട്ടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) വിദേശത്തേക്ക് മടങ്ങിപ്പോകേണ്ട പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സർക്കാർ സ്വീകരിക്കുമോ?

## <u>വിദേശത്ത് പോകുന്നവരുടെ വാക്സിനേഷൻ</u>

47 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഠനത്തിനും ജോലിക്കുമായി വിദേശത്തു പോകുന്നവരെ കോവിഡ് വാക്സിനേഷൻ

മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികളെക്കുറിച്ച് വെളിപ്പെടുത്തുമോ;

(ബി) നിലവിൽ വാക്സിനേഷൻ സ്വീകരിച്ച പ്രവാസികൾക്ക് നൽകുന്ന സർട്ടിഫിക്കറ്റിൽ പാസ്പോർട്ട് നമ്പർ കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) വാക്സിനേഷൻ സർട്ടിഫിക്കറ്റിൽ പാസ്പോർട്ട് നമ്പർ ഇല്ലാത്തതിനാൽ പ്രവാസികളുടെ തൊഴിൽ നഷ്ടമാകുന്ന സാഹചര്യം നിലവിലുള്ളതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ആയത് പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ?

## പ്രവാസി ഡിവിഡന്റ് പദ്ധതി

48 **ശ്രീ . മുഹമ്മദ് മുഹസിൻ പി . :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ഡിവിഡന്റ് പദ്ധതി എന്നാണ് സംസ്ഥാനത്ത് ആരംഭിച്ചതെന്നും പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയെന്നും വിശദമാക്കാമോ;

(ബി) ഈ പദ്ധതിയിൽ എത്ര പ്രവാസികൾ അംഗങ്ങളായി ചേർന്നിട്ടുണ്ടെന്നും ഈ പദ്ധതിയിൽ അംഗത്വം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ?

## പ്രവാസി മലയാളികൾ

49 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ, വിദേശത്ത് ജയിലുകളിൽ കഴിയുന്ന എത്ര പ്രവാസി മലയാളികളെ മോചിപ്പിച്ച് നാട്ടിലെത്തിച്ചു; വിശദാംശം വ്യക്തമാക്കുമോ;

(ബി) നിലവിൽ വിദേശത്ത് ജയിലുകളിൽ കഴിയുന്ന പ്രവാസിമലയാളികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(സി) തങ്ങളുടേതല്ലാത്ത കുറ്റങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശത്ത് ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികൾക്ക് നിയമസഹായം നൽകാനുള്ള സർക്കാരിന്റെ ശ്രമം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ രീതിയിലുള്ള നിയമസഹായം നൽകാനാണ് സർക്കാർ ലക്ഷ്യമിടുന്നത്; വിശദാംശം വ്യക്തമാക്കുമോ?

## പ്രവാസികൾക്കായി പ്രത്യേക പാക്കേജ്

50 **ഡോ. എം.കെ . മുനീർ**
**ശ്രീ . എൻ . ഷംസുദീൻ**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധയെ തുടർന്ന് സംസ്ഥാനത്ത് തിരിച്ചെത്തിയ പ്രവാസികൾക്കായി പ്രത്യേക പാക്കേജ് ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) അവരുടെ പുനരധിവാസത്തിനായി ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## തൊഴിൽ നഷ്ടപ്പെട്ട പ്രവാസികൾ

51 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരി മൂലം തൊഴിൽ നഷ്ടപ്പെട്ട് വിദേശ രാജ്യങ്ങളിൽനിന്നും തിരിച്ചെത്തിയ പ്രവാസി മലയാളികളെ സംബന്ധിച്ച കണക്ക് ലഭ്യമാക്കാമോ;

(ബി) ഇപ്രകാരം തൊഴിൽ നഷ്ടപ്പെട്ട പ്രവാസി മലയാളികൾക്ക് ധനസഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) കോവിഡ്-19 മൂലം വിദേശ രാജ്യങ്ങളിൽ കുടുങ്ങിക്കിടക്കുന്ന മലയാളികളെ നാട്ടിൽ തിരിച്ചെത്തിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തിയ പ്രവാസി മലയാളികൾക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിനുവേണ്ടി ധനസഹായം/ വായ്പ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ലോകകേരള സഭ സമ്മേളനം

52 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ജനുവരിയിൽ തിരുവനന്തപുരത്ത് നടത്തിയ ലോകകേരള സഭയുടെ പ്രധാന ശിപാർശകളും തീരുമാനങ്ങളും എന്തൊക്കെയാണ്;

(ബി) പ്രസ്തുത ശിപാർശകളിൽ ഏതൊക്കെ ശിപാർശകൾ ഇതിനകം നടപ്പിലാക്കി;

(സി) പ്രസ്തുത ലോകകേരള സഭാ സമ്മേളനത്തിനായി ആകെ എത്ര തുക ചെലവഴിച്ചു ; ഇനം തിരിച്ച് വിശദാംശം നൽകുമോ?

## പുതിയ കുടുംബകോടതികൾ

53 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) Go(Ms)No.38/2021/Home തീയതി 11.2.2020 പ്രകാരം സംസ്ഥാനത്ത് അഞ്ച് കുടുംബകോടതികൾ ആരംഭിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളതുപ്രകാരം സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) കുടുംബ കോടതികൾ ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടികൾ പൂർത്തീകരിക്കാനുണ്ട് എന്ന് വ്യക്തമാക്കാമോ?

## സ്വർണ്ണ കടത്തു കേസ്

54 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണ കടത്ത് കേസ്സുമായി ബന്ധപ്പെട്ട് കേന്ദ്ര ഏജൻസിയായ ഇ. ഡി. ഇതിലെ പ്രതികളെ ഭീഷണിപ്പെടുത്തി കേരളത്തിലെ പൊതു പ്രവർത്തകർക്കെതിരെ മൊഴി നൽകാൻ പ്രേരിപ്പിക്കുന്നതായുള്ള പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത കേസ് സംബന്ധിച്ച് ഇ. ഡി ക്കെതിരെ എന്തെങ്കിലും നിയമ നടപടിയുമായി മുന്നോട്ട് പോകാൻ സർക്കാർ ആലോചിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## സ്വർണ്ണക്കടത്തിലെ അന്വേഷണം

55 **ശ്രീ. പി. ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടന്ന സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട് സംസ്ഥാന പോലീസോ ഏതെങ്കിലും കേന്ദ്ര ഏജൻസികളോ സംസ്ഥാനത്തെ മുൻ സ്പീക്കറെയോ ഏതെങ്കിലും മുൻ മന്ത്രിമാരെയോ ചോദ്യം ചെയ്തിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## ക്യാംപ് ഫോളോവേഴ്സ് തസ്തികയിലെ നിയമനം

56 **ശ്രീ . എൻ . ഷംസുദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ ക്യാംപ് ഫോളോവേഴ്സ് തസ്തികയിൽ ജോലി ചെയ്യുന്നവരുടെ സർവ്വീസ് റൂൾ തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയ നിർദ്ദേശത്തിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ വിശദമാക്കുമോ;

(ബി) മുഖ്യമന്ത്രി കർശന നിർദ്ദേശം നൽകിയിട്ടും ഇപ്പോഴും ക്യാംപ് ഫോളോവേഴ്സിനെ ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെയും വിരമിച്ച പോലീസ് ഉദ്യോഗസ്ഥരുടെയും വീടുകളിൽ ദാസ്യവൃത്തിക്കായി നിയോഗിക്കപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## കരുനാഗപ്പള്ളി ട്രാഫിക്ക് പോലീസ് സ്റ്റേഷൻ

57 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി കേന്ദ്രമാക്കി പ്രഖ്യാപിച്ച ട്രാഫിക് പോലീസ് സ്റ്റേഷൻ തുടങ്ങുന്നതിനുള്ള നടപടിയുടെ പുരോഗതി അറിയിക്കാമോ?

## ജനമൈത്രി സുരക്ഷ പദ്ധതി

58 **ശ്രീ. എം. എം. മണി**
**ശ്രീമതി യു പ്രതിഭ**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിന്റെ ജനകീയ പദ്ധതിയായ ജനമൈത്രി സുരക്ഷ പദ്ധതി കൂടുതൽ

ശക്തവും സജീവവുമാക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) കോവിഡ് മഹാമാരിയിൽ നാടിന് താങ്ങും തണലുമായി നിന്ന കേരള പോലീസ് അതിലേയ്ക്കായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ടോ;

(സി) ലോക്ഡൗൺ കാലത്ത് തെരുവുകളിൽ വിശന്ന് അലയുന്നവർക്ക് സൗജന്യമായി ഭക്ഷണം നൽകുന്നതിന് കേരള പോലീസ് ആവിഷ്കരിച്ച 'ഒരു വയറൂട്ടാം' പദ്ധതിയുടെ വിശദാംശം നൽകുമോ?

## കോവിഡ് വ്യാപനം തടയുന്നതിൽ പോലീസ് സേനയുടെ പങ്ക്

59 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. എച്ച്. സലാം**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 വ്യാപനം തടയുന്നതിനായി രൂപീകരിച്ച കോവിഡ് പ്രോട്ടോക്കോൾ നടപ്പിൽ വരുത്തുന്നതിനായി കേരള പോലീസ് സേന നിർവ്വഹിച്ച ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി കേരള പോലീസ് നടപ്പാക്കിയ ത്രിമുഖ സമീപനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ദൈനംദിനം മരുന്നുകഴിച്ചുകൊണ്ടിരുന്ന രോഗികളായവർക്ക് ജീവൻ രക്ഷാമരുന്നുകൾ വീട്ടിൽ എത്തിച്ചുകൊടുക്കുന്നതിനായി ജനമൈത്രി പോലീസ് നടത്തിയ പ്രവർത്തനങ്ങൾ പ്രത്യേകമായി പരിശോധിച്ചിട്ടുണ്ടോ;

(ഡി) ജനമൈത്രി സുരക്ഷ പ്രോജക്ടിൽ പ്രശാന്തി എന്ന പേരിൽ നടപ്പിലായ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## ഗുരുവായൂർ പോലീസ് സ്റ്റേഷൻ നിർമ്മാണം

60 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ പോലീസ് സ്റ്റേഷൻ കണ്ടാണശ്ശേരിയിൽ പരിമിതമായ സൗകര്യങ്ങൾ മാത്രമുള്ള ഒരു വാടകകെട്ടിടത്തിലാണ് വർഷങ്ങളായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്റ്റേഷൻ നിർമ്മാണത്തിനായി മറ്റം പ്രദേശത്ത് ഗ്രൗണ്ടിന് സമീപത്തായി പുറമ്പോക്ക് ഭൂമി കണ്ടെത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ട് നിലവിലുള്ള കേസിന്റെ അവസ്ഥ എന്താണെന്നറിയിക്കുമോ;

(ഡി) സ്റ്റേഷൻ നിർമ്മാണം അടിയന്തരമായി ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

## കുഴൽപ്പണം കൊള്ളയടിക്കപ്പെട്ട സംഭവം

61 **ശ്രീ . പി . ഉബൈദുള്ള**
**ശ്രീ. യു.എ.ലത്തീഫ്**
**ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ**
**ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാ തെരഞ്ഞെടുപ്പിൽ ഉപയോഗിക്കുന്നതിന് കൊണ്ടുവന്നതായി ആരോപിക്കുന്ന കോടിക്കണക്കിനു കുഴൽപ്പണം കൊള്ളയടിക്കപ്പെട്ട സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെ നിന്നെല്ലാം ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇത് സംബന്ധിച്ച അന്വേഷണം ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ?

## <u>കുഴൽപണം തട്ടിയെടുത്തത് സംബന്ധിച്ച അന്വേഷണം</u>

62 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-ലെ സംസ്ഥാന നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് 2021 ഏപ്രിൽ 3-ന് പുലർച്ചെ 4.30ന് തൃശ്ശൂർ കൊടകരയിൽ വാഹനാപകടം സൃഷ്ടിച്ച് 3.5 കോടി രൂപയുടെ കുഴൽപണം തട്ടിയെടുത്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് സംസ്ഥാന പോലീസ് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് എത്ര പേരെ നാളിതുവരെ ചോദ്യം ചെയ്തു; അതിൽ എത്ര പേർക്കെതിരെ കേസ്സ് രജിസ്റ്റർ ചെയ്തു; അവർ ആരെല്ലാമെന്നും ഇതിന് പിന്നിൽ ഏതെങ്കിലും ദേശീയ രാഷ്ട്രീയ പാർട്ടി പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ ആയത് ഏതെന്നും വ്യക്തമാക്കുമോ;

(ഡി) കണക്കിൽ പെടാത്ത പണം നിയമവിരുദ്ധമായി സംസ്ഥാനത്ത് എത്തിച്ചതായി കണ്ടെത്തിയ സാഹചര്യത്തിൽ യുക്തമായ നിയമനടപടി സ്വീകരിക്കുവാൻ സംസ്ഥാന സർക്കാർ തെരഞ്ഞെടുപ്പ് കമ്മീഷനോടും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനോടും ആവശ്യപ്പെടുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

## <u>കോവിഡ് രോഗികളായ സ്ത്രീകളുടെ സുരക്ഷ</u>

63 **ശ്രീ. എ . പി . അനിൽ കുമാർ**
**ശ്രീ . ഐ .സി .ബാലകൃഷ്ണൻ**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണയിൽ കോവിഡ് ബാധിതയായ യുവതിക്ക് നേരെ പീഡനശ്രമം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സംഭവത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; അറിയിക്കുമോ;

(സി) 2020-ൽ പത്തനംതിട്ടയിൽ കോവിഡ് രോഗിയെ പീഡിപ്പിച്ച സംഭവത്തിനു ശേഷം

ഇതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കാമോ;

(ഡി) കോവിഡ് രോഗികളായ സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

## <u>കുഴൽപണ കവർച്ച കേസിന്റെ അന്വേഷണം</u>

64 **ശ്രീ. അനൂപ് ജേക്കബ്**

**ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭ തെരഞ്ഞെടുപ്പിന്റെ അവസാന ദിവസങ്ങളിൽ ചെലവഴിക്കുവാൻ കൊണ്ടുവന്നതായി ആരോപിക്കുന്ന 3.5 കോടി രൂപയുടെ കുഴൽപണം കൊടകര വെച്ച് വാഹനാപകടം ഉണ്ടാക്കി കവർന്ന കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഏത് രാഷ്ട്രീയ പാർട്ടിക്കുവേണ്ടിയാണ് പ്രസ്തുത പണം കൊണ്ട് വന്നതെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഈ കേസിൽ ഇതിനകം എത്രപേരെ അറസ്റ്റ് ചെയ്തു; അവർക്ക് ഏതെങ്കിലും രാഷ്ട്രീയപാർട്ടിയുമായി ബന്ധമുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; അറിയിക്കാമോ;

(ഡി) പ്രസ്തുത കേസിന്റെ അന്വേഷണത്തിനായി പ്രത്യേക അന്വേഷണ സംഘത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; അന്വേഷണം ഊർജ്ജിതപ്പെടുത്തി എല്ലാ പ്രതികളേയും നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## <u>ആമിന അബ്ദുൾ ഖാദറിന്റെ കൊലപാതകം</u>

65 **ശ്രീ. ആന്റണി ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ പിണ്ടിമന ഗ്രാമപഞ്ചായത്തിൽ തൃക്കാരിയൂർ വില്ലേജിൽ അയിരൂർപാടം സ്വദേശിനി പാണ്ട്യാർപിള്ളിൽ വീട്ടിൽ ആമിന അബ്ദുൾ ഖാദർ (66)നെ കൊലപ്പെടുത്തിയ കേസിന്റെ അന്വേഷണ പുരോഗതി വിശദമാക്കാമോ?

## <u>കുഞ്ഞാമിന കൊല്ലപ്പെട്ട കേസ്</u>

66 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ കുഞ്ഞാമിന എന്ന വയോധിക നാല് വർഷങ്ങൾക്ക് മുമ്പ് കൊല്ലപ്പെട്ട കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) കേസന്വേഷണം പോലീസിലെ ഏത് ഏജൻസിയാണ് അന്വേഷിക്കുന്നതെന്നും നിലവിൽ അവരുടെ നിഗമനങ്ങൾ എന്തെന്നും അറിയിക്കാമോ;

(സി) അന്വേഷണം കാര്യക്ഷമമമായി നടക്കുന്നില്ലെന്ന ബന്ധുക്കളുടേയും നാട്ടുകാരുടേയും പരാതി പരിഗണിച്ച് കേസ് അന്വേഷണം സി. ബി. ഐ-ക്ക് വിടാൻ നടപടികൾ

സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ബീവറേജസ് കോർപ്പറേഷനിലെ ജോലി തട്ടിപ്പ്

67 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബീവറേജസ് കോർപ്പറേഷനിൽ ജോലി വാഗ്ദാനം ചെയ്ത് സരിത എസ്. നായർ ഉൾപ്പെടെയുള്ള പ്രതികൾ ലക്ഷങ്ങൾ തട്ടിയെടുത്തുവെന്ന കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ജോലി തട്ടിപ്പ് സംബന്ധിച്ച പരാതി എന്നാണ് പോലീസിന് ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) പരാതി ലഭിച്ചിട്ടും പ്രതികളെ അറസ്റ്റ് ചെയ്യാൻ വൈകിയത് ഏത് സാഹചര്യത്തിലാണെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത കേസന്വേഷണം നിലവിൽ നടത്തുന്നത് ഏത് ഏജൻസിയാണെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പ്രതികൾക്ക് എതിരെ ജോലി തട്ടിപ്പ് സംബന്ധിച്ച പുതിയ പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

## കസ്റ്റഡി മരണങ്ങൾ

68 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21-ലെ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് എത്ര കസ്റ്റഡി മരണങ്ങൾ ഉണ്ടായി; വിശദാംശങ്ങൾ നൽകുമോ;

(ബി) കസ്റ്റഡി മരണങ്ങൾക്ക് ഉത്തരവാദികളായ എത്ര പോലീസുദ്യോഗസ്ഥർക്ക് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

## സിദ്ദിഖ് കാപ്പന്റെ മോചനം

69 **ശ്രീ . ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാധ്യമ പ്രവർത്തകൻ സിദ്ദിഖ് കാപ്പന്റെ മോചനത്തിനായി സർക്കാർ ഇതിനകം എന്തെങ്കിലും ഇടപെടലുകൾ നടത്തിയിട്ടുണ്ടോ;

(ബി) അദ്ദേഹത്തിന് നീതി ഉറപ്പാക്കുന്നതിനും മതിയായ ചികിത്സ ലഭ്യമാക്കുന്നതിനും ആവശ്യമായ ഇടപെടൽ നടത്തുമോ?

## യു.എ.പി.എ. കേസ്

70 **ശ്രീ. എ . പി . അനിൽ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ എത്രപേർക്കെതിരെ യു.എ.പി.എ. ചുമത്തി കേസെടുത്തിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) യു.എ.പി.എ. ചുമത്തിയ കേസുകളിൽ ചിലത് പോലീസ് മനഃപൂർവ്വം കെട്ടിച്ചമച്ചതാണെന്ന പരാമർശം കോടതിയിൽ നിന്ന് ഉണ്ടായിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ തെറ്റായ രീതിയിൽ യു.എ.പി.എ. ചുമത്തിയ പോലീസുദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## വ്യാജ ഇ-മെയിൽ ഐഡി ഉപയോഗിച്ചുള്ള പണപ്പിരിവ്

71 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത നേതാക്കളുടേയും ഉന്നത ഉദ്യോഗസ്ഥരുടേയും പേരിൽ വ്യാജ ഇ-മെയിൽ ഐഡി ഉണ്ടാക്കി പണ പിരിവ് നടത്തുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇത് തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## പയ്യാവൂർ പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം

72 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജക മണ്ഡലത്തിൽ 18.02.2021 ന് ഉദ്ഘാടനം നിർവ്വഹിച്ച പയ്യാവൂർ പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിടം പ്രവർത്തനക്ഷമമായോ എന്ന് വെളിപ്പെടുത്താമോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള തടസ്സങ്ങൾ എന്താണെന്നും പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ;

(സി) തടസ്സങ്ങൾ പരിഹരിച്ച് പോലീസ് സ്റ്റേഷന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റാൻ നടപടികൾ സ്വീകരിക്കുമോ?

## പേരാമ്പ്ര മണ്ഡലത്തിലെ പോലീസ് സ്റ്റേഷനുകൾ

73 **ശ്രീ. റ്റി.പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ പെരുവണ്ണാമൂഴി, മേപ്പയ്യൂർ പോലീസ് സ്റ്റേഷനുകൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) പേരാമ്പ്രയിൽ പുതുതായി അനുവദിച്ച പോലീസ് സബ്ഡിവിഷൻ ഓഫീസിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ചെറുപുഴ പോലീസ് സ്റ്റേഷൻ കെട്ടിടം

74 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കാൻ ഫണ്ട് അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## <u>കരിയിലക്കുളങ്ങര പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം</u>

75 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ കരിയിലക്കുളങ്ങര പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ആലപ്പുഴ കോപ്പറേറ്റീവ് സ്പിന്നിംഗ് മിൽ 25 സെന്റ് സ്ഥലം വിട്ടുനൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവിടെ പുതിയ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ?

## <u>ആറ്റിങ്ങലിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ</u>

76 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിൽ തിരുവനന്തപുരത്തിനും കൊല്ലത്തിനുമിടയിലെ പ്രധാന പട്ടണമായ ആറ്റിങ്ങലിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം വകുപ്പിന്റെ പരിഗണനയിലുണ്ടോ;

(ബി) ആറ്റിങ്ങലിൽ നിലവിൽ പ്രവർത്തിക്കുന്ന ട്രാഫിക് യൂണിറ്റ് പട്ടണത്തിലെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കാൻ അപര്യാപ്തമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ?

## <u>പോലീസ് സ്റ്റേഷന് കെട്ടിടം</u>

77 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിറ്റി പരിധിയിലുള്ള പന്തീരങ്കാവ് പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കാൻ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

## <u>കായംകുളം പോലീസ് സ്റ്റേഷന് പുതിയ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കൽ</u>

78 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം പോലീസ് സ്റ്റാഫ് ക്വാർട്ടേഴ്സ് കാലങ്ങളായി ജീർണ്ണാവസ്ഥയിലായി അപകട ഭീഷണി ഉയർത്തി നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവിടെ പുതിയ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

## <u>പാലൊളി കമ്മിറ്റി ശിപാർശകൾ നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ</u>

79 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം

മറുപടി നൽകുമോ:

(എ) സച്ചാർ കമ്മിറ്റി ശിപാർശകളുടെ ഭാഗമായുള്ള പാലൊളി കമ്മിറ്റി ശിപാർശകൾ നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

**മാവോയിസ്റ്റ് ഭീഷണി**

80 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവോയിസ്റ്റ് ഭീഷണി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മുൻ സർക്കാരിന്റെ കാലയളവിൽ പോലീസുമായുള്ള ഏറ്റുമുട്ടലിൽ എത്ര മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ ; വിശദാംശം നൽകുമോ ;

(സി) മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടത് വ്യാജ ഏറ്റുമുട്ടലിലാണെന്ന ആക്ഷേപം വസ്തുതാപരമാണോ ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; പ്രസ്തുത അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

**കുറ്റകൃത്യങ്ങളിൽ ഇരകളാകുന്നവർക്ക് നഷ്ടപരിഹാരം**

81 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റകൃത്യങ്ങളിൽ ഇരകളാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്ന പദ്ധതി സംസ്ഥാനത്ത് നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ നൽകാമോ;

(സി) പദ്ധതി നിലവിലുണ്ടെങ്കിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച നഷ്ടപരിഹാരത്തിന്റെ വിവരങ്ങൾ വിശദമാക്കാമോ?

**അനധികൃത സ്വത്ത് സമ്പാദനം**

82 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃത സ്വത്ത് സമ്പാദനക്കേസ്സിൽ ഏതെല്ലാം മുൻ എം.എൽ.എ.മാർക്കെതിരെയാണ് വിജിലൻസ് കേസുകൾ എടുത്തിട്ടുള്ളത് എന്നതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത കേസുകളുടെ അന്വേഷണ പുരോഗതി ഏതു ഘട്ടത്തിലാണെന്നു വിശദമാക്കാമോ?

**കുന്ദമംഗലം മജിസ്ട്രേറ്റ് കോടതി നവീകരണം**

83 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറ് വർഷത്തിലധികം പഴക്കമുള്ള കുന്ദമംഗലം മജിസ്ട്രേറ്റ് കോടതി നവീകരിച്ച് സംരക്ഷിക്കുന്നതിന് C5/190/2017/Home ഫയലിൽ സമർപ്പിച്ച പ്രൊപ്പോസലിന്

ഭരണാനുമതി ലഭ്യമാക്കുന്നതിൽ കാലതാമസം വരുന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടങ്ങളിൽ പ്രവർത്തിച്ചു വന്നിരുന്ന പോലീസ് സ്റ്റേഷൻ, പുതിയ കെട്ടിടം നിർമ്മിച്ച് മാറ്റിയ സാഹചര്യത്തിൽ കുന്ദമംഗലം മജിസ്ട്രേറ്റ് കോടതിയുടെ കെട്ടിട നവീകരണ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

## കടുത്തുരുത്തി കോർട്ട് കോംപ്ലക്സിന്റെ പുരോഗതി

84 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയതും 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ 150 കോടി രൂപ പ്രഖ്യാപിച്ചതുമായ കടുത്തുരുത്തി കോർട്ട് കോംപ്ലക്സിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശം വെളിപ്പെടുത്താമോ;

(ബി) ഇപ്പോൾ ആഭ്യന്തര വകുപ്പിലുള്ള 97480/സി 5/ആഭ്യന്തരം/2014 ഫയലിൽ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) കിഫ്ബി വഴി പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഡി.പി.ആർ തയ്യാറായിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഏത് ഏജൻസിയെയാണ് ഡി. പി. ആർ തയ്യാറാക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കുമോ?

## സ്വർണ്ണക്കടത്ത് കേസ്സ്

85 **ശ്രീ. പി. ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണക്കടത്ത് കേസ്സ് ഉൾപ്പെടെ നിരവധി കേസ്സുകളിൽ പ്രതി ചേർക്കപ്പെട്ട സ്വപ്ന സുരേഷിനെ കേന്ദ്ര ഏജൻസികൾ കസ്റ്റഡിയിൽ എടുത്തതിനെ തുടർന്ന് ഇവരുടെ സുരക്ഷയ്ക്കായി സംസ്ഥാന പോലീസ് സേനയിലെ എത്ര വനിതാ പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചിരുന്നു എന്നും അവർ ആരെല്ലാമെന്നും ഓരോരുത്തരും എന്നുമുതലാണ് പ്രസ്തുത ചുമതലയിൽ ഉണ്ടായിരുന്നതെന്നും അറിയിക്കുമോ;

(ബി) ഇപ്രകാരം സുരക്ഷാ ചുമതല നിർവ്വഹണത്തിന് നിയമിച്ചിരുന്ന ഉദ്യോഗസ്ഥരിൽ ആരെങ്കിലും പോലീസ് അസോസിയേഷന്റെ ഏതെങ്കിലും ഭാരവാഹിത്വം എപ്പോഴെങ്കിലും വഹിച്ചിട്ടുണ്ടോ എന്നറിയിക്കുമോ; എങ്കിൽ ആയതിന്റെ വിശദ വിവരം ലഭ്യമാക്കുമോ;

(സി) സ്വപ്ന സുരേഷിന്റെ ശബ്ദരേഖ പുറത്തുവന്നതു സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് ക്രൈം ബ്രാഞ്ച് ടീമിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്നും ആരൊക്കെയാണ് അന്വേഷണ ടീമിൽ ഉള്ളതെന്നും അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി എന്തെന്നും വെളിപ്പെടുത്തുമോ?

## രാഷ്ട്രീയ കൊലപാതകങ്ങൾ

86 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മെയ് 25 മുതൽ 2021 മെയ് 3 വരെ എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നു എന്ന വിവരം അറിയിക്കുമോ ;

(ബി) പ്രസ്തുത രാഷ്ട്രീയ കൊലപാതകങ്ങളിൽ ഓരോന്നിലും കൊല്ലപ്പെട്ടവരുടെയും പ്രതികളുടെയും രാഷ്ട്രീയ ബന്ധം വിശദമാക്കുമോ;

(സി) പ്രസ്തുത രാഷ്ട്രീയ കൊലപാതകങ്ങളിൽ എത്ര കേസുകളിൽ ഇതിനകം കോടതി ശിക്ഷ വിധിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശം അറിയിക്കുമോ ?

## ജസ്റ്റീസ് ഹേമ കമ്മീഷൻ റിപ്പോർട്ട്

87 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാ മേഖലയിലെ വനിതകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനായി ജസ്റ്റിസ് ഹേമ അദ്ധ്യക്ഷയായി രൂപീകരിച്ച കമ്മീഷൻ അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് അറിയിക്കുമോ;

(ബി) ജുഡീഷ്യൽ അന്വേഷണ കമ്മീഷനുകൾ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ച് കഴിഞ്ഞാൽ ആറുമാസത്തിനുള്ളിൽ ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഹിതം നിയമസഭയിൽ സമർപ്പിക്കണമെന്ന് 1952 ലെ കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ടിലെ സെക്ഷൻ 3(4) ൽ നിബന്ധനയുണ്ടോ;

(സി) എങ്കിൽ ജസ്റ്റിസ് ഹേമ കമ്മീഷന്റെ റിപ്പോർട്ട് പ്രസ്തുത കാലാവധി കഴിഞ്ഞിട്ടും സഭയുടെ മേശപ്പുറത്ത് വെക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

## നൂറുദിന കർമ്മപരിപാടി

88 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറുദിന കർമ്മപരിപാടികളുടെ ഭാഗമായി ആലത്തൂർ നിയോജക മണ്ഡലത്തിൽ ഏതെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയെന്ന് വിശദമാക്കാമോ?

## കൊല്ലം ചാത്തന്നൂരിൽ പുതിയ അഗ്നിരക്ഷാനിലയം

89 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ അഗ്നിരക്ഷാനിലയങ്ങൾ ആരംഭിക്കുന്നതിനായി ഫയർ&റെസ്ക്യൂ വകുപ്പ് സമർപ്പിച്ചിട്ടുള്ള മുൻഗണനാടിസ്ഥാനത്തിലുള്ള ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) അനിവാര്യമായ സ്ഥലങ്ങളിൽ അഗ്നിരക്ഷാനിലയങ്ങൾ അടിയന്തിരമായി ആരംഭിക്കുന്നത് സംബന്ധിച്ച് സംസ്ഥാനസർക്കാരിന്റെ നിലപാട് വിശദമാക്കാമോ;

(സി) കൊല്ലം ജില്ലയിലെ ചാത്തന്നൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലെ 20 സെൻറ് സ്ഥലം (കൊല്ലം താലൂക്ക്, മീനാട് വില്ലേജ്, സർവ്വേ നമ്പർ 91/14) നിർദിഷ്ട ചാത്തന്നൂർ ഫയർ സ്റ്റേഷനുവേണ്ടി ഫയർ&റെസ്ക്യൂ വകുപ്പിന് കൈമാറുന്നതിന് സഹായകമായ നടപടികൾ ഉണ്ടാകണമെന്ന് ആവശ്യപ്പെട്ട് 25.1.2019ൽ

ജനപ്രതിനിധി നൽകിയ നിവേദനത്തിലെ ആവശ്യം സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) ചാത്തന്നൂർ ആസ്ഥാനമായി ഒരു പുതിയ അഗ്നിരക്ഷാനിലയം ആരംഭിക്കുന്നതിന് നിലവിലുള്ള തടസങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

**പുതുപ്പാടി അടിവാരത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കൽ**

90 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുതുപ്പാടി അടിവാരത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുണ്ടോ;

(ബി) ഇതിനായി സ്വീകരിച്ചു വന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) പുതുപ്പാടി അടിവാരത്ത് ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**ബാലുശ്ശേരി മണ്ഡലത്തിൽ പുതിയ ഫയർ സ്റ്റേഷൻ**

91 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(ബി) ബാലുശ്ശേരി മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനായി സർക്കാരിൽ അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) കക്കയം ഡാം, കിനാലൂർ വ്യവസായ കേന്ദ്രം തുടങ്ങിയ സ്ഥാപനങ്ങളും മലയോര ഗ്രാമപഞ്ചായത്തുകളും ഉൾപ്പെട്ട ബാലുശ്ശേരി മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

**കിളിമാനൂരിൽ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ**

92 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനപാത-1(എം.സി.റോഡ്)ൽ ഏറെ അപകടങ്ങൾ നടക്കുന്ന പ്രദേശം എന്ന സാഹചര്യം പരിഗണിച്ച് കിളിമാനൂരിൽ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കണമെന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയതു സംബന്ധിച്ച് വകുപ്പുതല ശിപാർശകൾ ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ?

**മാവേലിക്കര ഫയർ സ്റ്റേഷൻ കെട്ടിടം**

93 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ച

നടപടികൾ വിശദമാക്കുമോ?

**<u>മാവൂരിൽ പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കൽ</u>**

94 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മാവൂരിൽ പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ടോ;

(ബി) ആയത് ആരംഭിക്കുന്നതിന് കാലതാമസം വരുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത ഫയർ സ്റ്റേഷൻ ഉദ്ഘാടനം ചെയ്യാൻ എപ്പോൾ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**<u>വാമനപുരം നിയോജകമണ്ഡലത്തിലെ ഫയർ & റസ്ക്യൂ സ്റ്റേഷൻ</u>**

95 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ നന്ദിയോട് പഞ്ചായത്തിൽ ഫയർ & റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് നൽകാമോ;

(ബി) പ്രസ്തുത സ്റ്റേഷൻ ആരംഭിക്കുന്നതിന് അവശേഷിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ;

(സി) പ്രസ്തുത സ്റ്റേഷൻ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

**<u>വളാഞ്ചേരി ഫയർ സ്റ്റേഷൻ</u>**

96 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജക മണ്ഡലത്തിലെ വളാഞ്ചേരി ഫയർ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ഫയർ സ്റ്റേഷൻ താൽക്കാലികമായി ആരംഭിക്കുവാൻ അനുമതി ലഭിച്ചിട്ടുണ്ടോ ;വ്യക്തമാക്കുമോ;

(സി) ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനു വേണ്ടി ബഡ്ജറ്റിൽ മാറ്റിവെച്ച തുകയ്ക്കുള്ള ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഫയർ സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

**<u>ചീമേനി തുറന്ന ജയിൽ</u>**

97 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലഘട്ടത്തിൽ ചീമേനി തുറന്ന ജയിലിൽ എന്തെല്ലാം പരിഷ്കാരങ്ങളും നവീകരണ പ്രവൃത്തികളുമാണ് കൊണ്ടുവന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ തുറന്ന ജയിലിലെ തടവുകാരുടെ വേതനം എത്ര ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ചീമേനി തുറന്ന ജയിലിൽ എന്തൊക്കെ നവീകരണ പ്രവൃത്തികളാണ് നടപ്പിൽ വരുത്താനുള്ളതെന്ന് വ്യക്തമാക്കാമോ?

## പരോൾ വ്യവസ്ഥകൾ

98 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ ജയിൽ ചട്ടങ്ങൾ പ്രകാരം സംസ്ഥാനത്തെ ജയിലുകളിൽ കഴിയുന്ന കൊലക്കേസ് പ്രതികൾക്ക് അനുവദനീയമായ പരോൾ കാലാവധി എത്രയെന്നും ഇത് എത്ര തവണയായിട്ടാണ് അനുവദിക്കാവുന്നതെന്നും അറിയിക്കാമോ;

(ബി) പരോൾ അനുവദിക്കുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരൊക്കെയാണ്; ഓരോ ഉദ്യോഗസ്ഥർക്കും അനുവദിക്കാനാവുന്ന പരോൾ കാലാവധി എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) ടി.പി.ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾക്ക് ചട്ടങ്ങൾക്ക് വിരുദ്ധമായി പരോൾ അനുവദിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത കേസിലെ പ്രതികളുടെ ശിക്ഷാ കാലാവധി എത്രയാണ്; ഇവർക്ക് നാളിതുവരെ അനുവദിക്കപ്പെട്ടിട്ടുള്ള പരോൾ കാലാവധി എത്രയാണ്; എത്ര തവണയായിട്ടാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ?

## മദ്രസ്സാ അദ്ധ്യാപകരുടെ ശമ്പളം

99 **ശ്രീ .പി. കെ. ബഷീർ**
**ശ്രീ . എൻ . ഷംസുദീൻ**
**ശ്രീ . മഞ്ഞളാംകുഴി അലി**
**ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്രസ്സാ അദ്ധ്യാപകർക്ക് പൊതുഖജനാവിൽ നിന്നും ശമ്പളവും അലവൻസുകളും വിതരണം ചെയ്യുന്നുണ്ടോ; ഈ അദ്ധ്യാപകർക്ക് നിലവിൽ ഏത് രീതിയിലാണ് ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നതെന്ന് അറിയിക്കുമോ;

(ബി) മദ്രസ്സാ അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നതിന് ബജറ്റിൽ നിന്നും വലിയൊരു വിഹിതം ചെലവഴിക്കുന്നതായി സാമൂഹ്യ മാധ്യമങ്ങളിൽ ഉൾപ്പെടെ പ്രചരണം നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ യഥാർത്ഥ വസ്തുത പൊതുജനത്തെ ബോധ്യപ്പെടുത്തുന്നതിനായി എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ; ഫാക്ട് ചെക്ക് ചെയ്യുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ രൂപീകരിച്ചിട്ടുള്ള ടീം ഈ വിഷയം പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ വിഷയത്തിൽ യഥാർത്ഥ വസ്തുത പൊതുസമൂഹത്തെ ബോധ്യപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

## ന്യൂനപക്ഷ ക്ഷേമ വകുപ്പിന് നീക്കി വെച്ച തുക

100 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 5 വർഷത്തെ ബജറ്റുകളിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പിന് നീക്കി വെച്ച തുക എത്രയാണ് എന്ന് വർഷം തിരിച്ചു അറിയിക്കാമോ;

(ബി) ഇതിൽ വിനിയോഗിച്ച തുക എത്രയാണ്; വർഷം തിരിച്ച് അറിയിക്കാമോ;

(സി) ഈ തുക ഏതെല്ലാം ന്യൂനപക്ഷ വിഭാഗങ്ങൾക്കാണ് ചെലവഴിച്ചത്;

(ഡി) ഓരോ ന്യൂനപക്ഷ വിഭാഗത്തിനും ചെലവഴിച്ച തുക വർഷം തിരിച്ച് നൽകാമോ?

## മദ്രസ്സ അദ്ധ്യാപകർക്കുള്ള പലിശ രഹിത വായ്പാ പദ്ധതി

101 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ വഴി മദ്രസ്സ അദ്ധ്യാപകർക്ക് നൽകി വരുന്ന പലിശ രഹിത വായ്പാ പദ്ധതി പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര അപേക്ഷകർക്ക് വായ്പ വിതരണം ചെയ്തു; ഇതിനായി എത്ര തുക ചെലവഴിച്ചു; വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏതെങ്കിലും വർഷം വായ്പ വിതരണം ചെയ്യാതിരുന്നിട്ടുണ്ടോ; എങ്കിൽ കാരണമെന്താണ്; വിശദാംശം ലഭ്യമാക്കുമോ?

## ന്യൂനപക്ഷക്ഷേമ പദ്ധതികൾ

102 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 മുതൽ 2021-22 വരെയുള്ള സംസ്ഥാന ബജറ്റിൽ ന്യൂനപക്ഷക്ഷേമ പദ്ധതികൾക്കായി വകയിരുത്തിയ തുക, ചെലവഴിച്ച തുക, ബാക്കിയായ തുക എന്നിവ സംബന്ധിച്ച കണക്കുകൾ വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവുകളിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കി, ഓരോന്നിനും എന്ത് തുക വകയിരുത്തി, എന്ത് തുക ചെലവഴിച്ചു, എത്ര തുക ബാക്കിയായി എന്നീ കണക്കുകൾ ലഭ്യമാക്കുമോ;

(സി) ഈ കാലയളവുകളിൽ ആകെ ബജറ്റിന്റെ എത്രശതമാനമാണ് ന്യൂനപക്ഷക്ഷേമ പദ്ധതികൾക്കായി മാറ്റി വച്ചിട്ടുള്ളത്; ജനസംഖ്യാനുപാതികമായി തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ കണക്കുകൾ ലഭ്യമാക്കുമോ?

## ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ

103 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 വർഷം മുതൽ ന്യൂനപക്ഷ ക്ഷേമത്തിനായി ഏതെല്ലാം കേന്ദ്രപദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ ; അതിനായി ഓരോ വർഷവും എത്ര തുക ലഭിച്ചുവെന്നും, എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ;

ചെലവഴിക്കാതെ ബാക്കിയായ തുക എത്രയാണെന്ന് അറിയിക്കാമോ ; പ്രസ്തുത തുകയുടെ വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏതെല്ലാം കേന്ദ്ര പദ്ധതികളിൽ തുക നേടിയെടുക്കാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞില്ലായെന്നും അതിന് കഴിയാഞ്ഞത് എന്തുകൊണ്ടാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

## റീ ബിൽഡ് കേരള പദ്ധതി

104 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഇതുവരെ അംഗീകാരം നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ ഓരോ പ്രവർത്തിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

## വൻകിട പദ്ധതികളുടെ പുരോഗതി

105 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലയളവിൽ സർക്കാർ പുതുതായി ആരംഭിച്ച വൻകിട പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതൊക്കെ പദ്ധതികളാണ് പൂർത്തിയാക്കാൻ സാധിച്ചത്; പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ എന്തൊക്കെ വൻകിട പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് വൻകിട പദ്ധതികളുടെ നടത്തിപ്പിൽ കാര്യക്ഷമമല്ലാതിരുന്നത് മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ഭക്ഷ്യകിറ്റ്

106 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ലോക്ഡൗൺ കാരണം സ്കൂൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനുള്ള ഭക്ഷ്യകിറ്റ് സ്കൂളുകളിൽ കെട്ടികിടക്കുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ; ഇവ വിതരണം ചെയ്യുന്നതിനുള്ള നടപടി നടത്തുമോ?

## ലക്ഷദ്വീപ് നിവാസികളുടെ പ്രശ്നം

107 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി

നൽകുമോ:

(എ) ലക്ഷദ്വീപുമായി കേരളത്തിനുള്ള വാണിജ്യ-സാസ്കാരികബന്ധം കണക്കിലെടുത്ത് അവിടുത്തെ സമകാലിക പ്രശ്നങ്ങളിൽ ഇടപെട്ട് ദ്വീപ് നിവാസികളുടെ ആശങ്ക അകറ്റുന്നതിന് സംസ്ഥാനസർക്കാർ കേന്ദ്ര സർക്കാറുമായി എന്തെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ?

## <u>സംസ്ഥാനത്തെ ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ</u>

108 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്യസംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ എത്തുന്ന പച്ചക്കറികൾ, മത്സ്യം, മാംസം തുടങ്ങിയവ പലപ്പോഴും കേടായ നിലയിലും രാസവസ്തുക്കളും ആരോഗ്യത്തിന് ഹാനികരമായ മറ്റ് പദാർത്ഥങ്ങളും ചേർത്താണ് വിപണനത്തിനെത്തുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ കേടായ ഭക്ഷണപദാർത്ഥങ്ങൾ വിപണനം ചെയ്യുന്നത് തടയുന്നതിനുള്ള നിലവിലെ സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഭക്ഷ്യസംസ്കരണ മേഖലയിൽ കേരളത്തിനുള്ള വലിയ വളർച്ചാ സാധ്യതകളും തൊഴിൽ സാധ്യതകളും പ്രയോജനപ്പെടുത്തുന്നതിന് കേരളത്തിന് സ്വന്തമായി ഭക്ഷ്യസംസ്കരണ നയം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഭക്ഷ്യസംസ്കരണ വ്യവസായത്തിന്റെ വളർച്ച സംസ്ഥാനത്ത് ശക്തിപ്പെടുത്തുന്നതിനും സുസ്ഥിരമാക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നവർക്കും പ്രാദേശിക സംരംഭകർക്കും പ്രയോജനപ്പെടുത്തുന്നതിനുമായി ഭക്ഷ്യസംസ്കരണ നയം രൂപീകരിച്ച് നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>പൊതുവിതരണ രംഗം കാര്യക്ഷമമാക്കൽ</u>

109 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ പൊതുവിതരണ രംഗത്തെ മായം ചേർക്കൽ, തൂക്കം വെട്ടിപ്പ് എന്നിവ സംബന്ധിച്ച ആക്ഷേപങ്ങൾ സമയബന്ധിതമായി അന്വേഷിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും കഴിയുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഭക്ഷ്യ പൊതുവിതരണം സംബന്ധിച്ച പരാതികൾ അറിയിക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും മന്ത്രിതലത്തിൽ പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) പൊതുവിതരണ രംഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെങ്കിലും പരിഷ്ക്കാരങ്ങൾ വകുപ്പിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വെളിപ്പെടുത്താമോ?

## <u>പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തുവാൻ നടപടി</u>

110 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ

പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തുവാൻ എന്തെല്ലാം പുതിയ സംവിധാനങ്ങളാണ് സർക്കാർ നടപ്പിലാക്കാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് റേഷൻ കടകൾ വഴി മെച്ചപ്പെട്ട ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കുമോ;

(സി) വിലക്കയറ്റം പിടിച്ചു നിർത്തുന്നതിൽ വലിയ പങ്ക് വഹിക്കുന്ന പൊതുവിതരണ ശൃംഖലയുടെ നിലനിൽപ്പിന് എന്തെല്ലാം നവീന പരിപാടികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കാമോ?

## കോവിഡ് – 19 മഹാമാരി കാലത്തെ ഭക്ഷ്യവസ്തുക്കളുടെ പൂഴ്ത്തിവെപ്പ്

111 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 മഹാമാരി കാലത്ത് ഭക്ഷ്യവസ്തുക്കൾ പൂഴ്ത്തി വെക്കുന്നത് സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം പ്രവർത്തികൾ തടയുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കോവിഡ്- 19 കാലത്ത് ഭക്ഷ്യ വസ്തുക്കളുടെയും അവശ്യസാധനങ്ങളുടെയും വില വർദ്ധനവ് തടയുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) കോവിഡ്-19 കാലത്ത് ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനും ഭക്ഷ്യ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുമായി കേന്ദ്ര സർക്കാർ ധനസഹായവും ഭക്ഷ്യ വസ്തുക്കളും കേരളത്തിന് ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## സൗജന്യ കിറ്റ് വിതരണം

112 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ ആരംഭിച്ച സൗജന്യ കിറ്റ് വിതരണം തുടരുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് മാസം വരെയാണ് അത് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സൗജന്യ കിറ്റ് നൽകുന്നതിന് ആവശ്യമായ തുക ഏത് രീതിയിലാണ് കണ്ടെത്തുന്നതെന്ന് വിശദമാക്കാമോ?

## സൗജന്യ ഭക്ഷ്യകിറ്റ് വിതരണം

113 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയെ തുടർന്നുള്ള ലോക്ഡൗൺ കാലത്തും, അതിനുശേഷവും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന 'സൗജന്യ ഭക്ഷ്യകിറ്റ്' വിതരണത്തിന് സംസ്ഥാന സർക്കാർ വഹിക്കുന്ന ചെലവിന്റെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഭക്ഷ്യകിറ്റിനായി കേന്ദ്രസർക്കാർ സഹായം നൽകുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) കോവിഡ് ലോക്ഡൗൺ കാലത്ത് രാജ്യത്ത് മറ്റ് എവിടെയെങ്കിലും ഇത്തരത്തിൽ സൗജന്യ ഭക്ഷ്യകിറ്റ്' വിതരണപദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

## മായം ചേർത്ത മത്സ്യവിപണനം

114 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിൽ മായം ചേർത്ത മത്സ്യം വിൽക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) മത്സ്യത്തിൽ മായം കലർന്നിട്ടുണ്ടോ എന്ന് പൊതുജനങ്ങൾക്ക് പരിശോധിച്ച് ബോധ്യപ്പെടാനുള്ള എന്തെല്ലാം മാർഗ്ഗങ്ങളാണ് നിലവിലുള്ളത്; ഇത് സംബന്ധിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

## ഭക്ഷ്യഭദ്രത നിയമം മുൻഗണന പട്ടികയിലെ മാനദണ്ഡങ്ങൾ

115 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി അർഹതപ്പെട്ട ഗുണഭോക്താക്കളുടെ മുൻഗണന പട്ടിക തയ്യാറാക്കിയിട്ടുണ്ടോ;

(ബി) മുൻഗണന പട്ടിക തയ്യാറാക്കുന്നതിനായി സ്വീകരിച്ച അടിസ്ഥാന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പലരും മുൻഗണന പട്ടികയിൽ ഉൾപ്പെടാത്തത് സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത്തരം പിഴവുകൾ തിരുത്തുന്നതിനു വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## മായം കലർന്ന മത്സ്യത്തിന്റെ വിപണനം തടയുവാൻ നടപടി

116 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും രാസവസ്തുക്കൾ കലർന്നതും പഴകിയതുമായ ടൺ കണക്കിന് മത്സ്യം കേരളത്തിലെ മാർക്കറ്റുകളിൽ എത്തിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മായം ചേർന്ന ഇത്തരം മത്സ്യം ഭക്ഷിക്കുന്നതുമൂലം ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുമെന്ന് ആരോഗ്യവിദഗ്ദ്ധർ ചൂണ്ടിക്കാണിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം മത്സ്യത്തിന്റെ വിപണനം തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## റേഷൻകാർഡ് തരംമാറ്റം-അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ

117 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അർഹതയുണ്ടായിട്ടും റേഷൻകാർഡ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടാത്തതിനാൽ റേഷൻ ആനുകൂല്യങ്ങൾ പാവപ്പെട്ടവർക്ക് ലഭ്യമാകാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻഗണനാ വിഭാഗത്തിലേക്ക് കാർഡുകൾ മാറ്റുന്നതിന് ലഭിച്ച അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പുകല്പിക്കാൻ കഴിയാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) അപേക്ഷകളിന്മേൽ തീർപ്പുകൽപ്പിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## റേഷൻ മുൻഗണനന പട്ടിക

118 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ റേഷൻ മുൻഗണനാ പട്ടികയിൽ എത്ര കുടുംബങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത് എന്ന വിവരം മുൻഗണന ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) മുൻഗണനാ പട്ടികയിൽ നിന്ന് അനർഹരെ ഒഴിവാക്കി പുതിയ കുടുംബങ്ങളെ ഉൾപ്പെടുത്തുന്ന പ്രക്രിയ നടന്നു വരുന്നുണ്ടോ; വിശദമാക്കുമോ;

(സി) മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

(ഡി) മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ഓരോ ജില്ലയിലും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്നും ആയതിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്നുമുള്ളതിന്റെ വിശദാംശം അറിയിക്കുമോ ?

## എ.പി.എൽ.-ബി.പി.എൽ. കാർഡ് മാറ്റം

119 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വിവിധ താലൂക്കുകളിൽ റേഷൻ കാർഡുകൾ എ.പി.എൽ. വിഭാഗത്തിൽ നിന്നും ബി.പി.എൽ. ആയി മാറ്റിക്കിട്ടാൻ അർഹതയുള്ളവർ നൽകിയ അപേക്ഷകൾ തീർപ്പാക്കുന്നതിൽ തദ്ദേശ - -നിയമസഭ തിരഞ്ഞെടുപ്പുകളെത്തുടർന്ന് കാലതാമസം നേരിട്ടത് സമയബന്ധിതമായി പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) ഇത്തരത്തിൽ എത്ര അപേക്ഷകളാണ് ഇനിയും തീർപ്പ് കൽപ്പിക്കാതെ വിവിധ ടി.എസ്.ഒ. ഓഫീസുകളിൽ കെട്ടികിടക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കൂടാതെ ജില്ലയിൽ ഗുരുതര രോഗങ്ങൾ നിമിത്തം അവശരായ എത്ര കുടുംബങ്ങളാണ് അവരുടെ കാർഡുകൾ ബി.പി.എൽ. ആയി മാറ്റിക്കിട്ടാൻ അപേക്ഷ നൽകിയിട്ടുള്ളതെന്നും പ്രസ്തുത അപേക്ഷകളിൽ എപ്പോൾ തീരുമാനമെടുക്കുമെന്നും വ്യക്തമാക്കാമോ?

## റേഷൻ ഡിപ്പോകളുടെ പ്രവർത്തനം

120 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറെക്കാലമായി അംഗീകൃത ലൈസൻസികളോ നിയമപരമായ അവകാശികളോ ഇല്ലാതെ മറ്റ് എ.ആർ.ഡി.കളിൽ അറ്റാച്ച് ചെയ്ത് പ്രവർത്തിക്കുന്ന റേഷൻ ഡിപ്പോകൾക്ക് പുതിയ ലൈസൻസികളെ നിയമിക്കുന്നത് സംബന്ധിച്ച് പൊതുവിതരണ വകുപ്പിന്റെ നിലപാട് എന്താണെന്ന് വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ അംഗീകൃത ലൈസൻസികളോ നിയമപരമായ അവകാശികളോ ഇല്ലാതെ മറ്റ് എ.ആർ.ഡി.കളിൽ അറ്റാച്ച് ചെയ്ത് പ്രവർത്തിക്കുന്ന റേഷൻ ഡിപ്പോകളുടെ പ്രവർത്തനം സംബന്ധിച്ച് പൊതുജനങ്ങൾ നൽകിയിട്ടുള്ള പരാതികൾ പൊതുവിതരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഇപ്രകാരം അംഗീകൃത ലൈസൻസിയെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുവിതരണവകുപ്പിലുള്ള 4375118/ബി2/2020/ഭ.പൊ.വി.വ. തീയതി 15.07.2020 എന്ന നമ്പർ ഫയലിൽ ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

## <u>റേഷൻ ഡിപ്പോ പ്രവർത്തനം പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച് .</u>

121 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം താലൂക്ക് സപ്ലൈ ആഫീസ് പരിധിയിലുള്ള ഏ.ആർ.ഡി. 239 ന്റെ പ്രവർത്തനം പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് ജനപ്രതിനിധി നൽകിയ നിവേദനത്തിന്മേൽ (ഫയൽ നമ്പർ ബി 2 /42 /2020 -ഭ .പൊ.വി.വ.തീയതി 13 .03 .2020) നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ ?

## <u>പുതിയ റേഷൻ കടകൾ</u>

122 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ;

(ബി) പട്ടികവർഗ്ഗ മേഖലകളിൽ സഞ്ചരിക്കുന്ന റേഷൻകടകൾ അനുവദിക്കുമോയെന്ന് അറിയിക്കുമോ ?

## <u>കൊല്ലം താലൂക്ക് സപ്ലൈ ആഫീസ് വിഭജനം</u>

123 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏറ്റവും വലിയ താലൂക്ക് സപ്ലൈ ആഫീസുകളിൽ ഒന്നായ കൊല്ലം താലൂക്ക് സപ്ലൈ ആഫീസ് വിഭജിച്ച് കൊല്ലം ആസ്ഥാനമായി ഒരു സിറ്റി റേഷനിംഗ് ആഫീസും ചാത്തന്നൂർ ആസ്ഥാനമായി ഒരു താലൂക്ക് സപ്ലൈ

ആഫീസും ആരംഭിക്കണമെന്ന ആവശ്യം മുൻനിർത്തി ജനപ്രതിനിധി നൽകിയ നിവേദനത്തിന്മേൽ ഇതിനകം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിവേദനത്തിലെ ആവശ്യത്തിന്മേൽ അടിയന്തിര നടപടി സ്വീകരിക്കുമോ; ആയതിന് തടസങ്ങൾ എന്തെങ്കിലും ഉണ്ടങ്കിൽ അവ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## ഭക്ഷ്യ സബ്സിഡി

124 **ഡോ.കെ.ടി.ജലീൽ**
**ശ്രീമതി ദെലീമ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതു വിപണിയിലെ ഭക്ഷ്യധാന്യ വിലനിലവാരം വലിയൊരളവുവരെ പിടിച്ചു നിർത്തുന്നത് സംസ്ഥാനത്തെ പൊതുവിതരണ സംവിധാനമാണെന്നതിനാൽ ഭക്ഷ്യ സബ്സിഡി വെട്ടിക്കുറയ്ക്കാനുള്ള കേന്ദ്ര നിതി ആയോഗിന്റെ തീരുമാനം എന്തെല്ലാം പ്രതിസന്ധികളാണ് ഉണ്ടാക്കുകയെന്ന് അറിയിക്കാമോ;

(ബി) നിതി ആയോഗ് തയ്യാറാക്കിയിരിക്കുന്ന മാർഗ്ഗരേഖ പ്രകാരം റേഷൻ ഗുണഭോക്താക്കളുടെ എണ്ണത്തിൽ എത്ര ശതമാനത്തോളം കുറവുണ്ടാകുമെന്നാണ് കരുതുന്നത്;

(സി) ഭക്ഷ്യകമ്മി സംസ്ഥാനമായ കേരളത്തിന് പ്രതിവർഷം എത്ര ടൺ ഭക്ഷ്യധാന്യങ്ങളാണ് കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്നതെന്ന് അറിയിക്കാമോ?

## സൗജന്യ ഭക്ഷ്യ കിറ്റുകൾ

125 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം ലോക്ക് ഡൗൺ കാലം മുതൽ നാളിതുവരെ എത്ര ഘട്ടങ്ങളിലായി സൗജന്യ ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തുവെന്നും ഇതിനായി എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിൽ കേന്ദ്ര സർക്കാരിന്റെ സൗജന്യ റേഷൻ വിഹിതം ലഭിച്ചിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണത്തിനായി റേഷൻ വ്യാപാരികൾക്ക് നൽകേണ്ട നിയമാനുസൃത കമ്മീഷൻ നാളിതുവരെ നൽകിയിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയത് വിതരണം ചെയ്യുന്നതിനായി സത്വര നടപടികൾ സ്വീകരിക്കുമോ?

## ഭക്ഷ്യകിറ്റ്

126 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയുടെയും ലോക്ഡൗണിന്റെയും പശ്ചാത്തലത്തിൽ വിതരണം ചെയ്യുന്ന ഭക്ഷ്യകിറ്റിൽ ഏതെല്ലാം വിഭവങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനാവശ്യമായ തുക ഏത് ശീർഷകത്തിൽ നിന്നാണ് കണ്ടെത്തുന്നത്; വ്യക്തമാക്കുമോ?

## കോവിഡ് കാലത്തെ റേഷൻ വിതരണം

127 **ശ്രീ . മുഹമ്മദ് മുഹസിൻ പി . :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയുടെയും ലോക്ക്ഡൗണിന്റെയും പശ്ചാത്തലത്തിൽ കാർഡ് ഉടമയ്ക്കോ കുടുംബത്തിലെ മറ്റുള്ളവർക്കോ പലപ്പോഴും റേഷൻ കടകളിൽ എത്തിപ്പെടാൻ കഴിയാത്ത അവസ്ഥ സംജാതമാകാറുണ്ട്. ആയതിനാൽ ഈ ലോക്ക്ഡൗൺ കാലത്ത് മാത്രം വിരലടയാളം നിർബന്ധമാക്കാതെ റേഷൻ വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ഈ ലോക്ക്ഡൗൺ കാലത്തെ പ്രത്യേകതകൾ മൂലം റേഷൻ വിതരണം സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ മെയ് മാസത്തെ റേഷൻ വിതരണത്തിന്റെ അവസാന പരിധി ഒരാഴ്ച കൂടി നീട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുമോ?

## നെല്ല് സംഭരണത്തിൽ കർഷകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ

128 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയ്ക്ക് നെല്ല് നൽകിയ വകയിൽ കർഷകർക്ക് നിലവിൽ എത്ര തുക കുടിശ്ശികയായി നൽകാനുണ്ട് എന്ന് വ്യക്തമാക്കാമോ; കുടിശ്ശിക അടിയന്തരമായി കർഷകർക്ക് ലഭ്യമാക്കാനായി നടപടികൾ സ്വീകരിക്കുമോ ;

(ബി) നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കർഷകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(സി) സപ്ലൈകോ പ്രാദേശിക കർഷകരിൽ നിന്നും നെല്ല് സംഭരിക്കുക വഴി അരിയുടെ വിലസ്ഥിരത ഉറപ്പു വരുത്താൻ സാധിച്ചിട്ടുണ്ടോ; മറ്റു സംസ്ഥാനങ്ങളിൽ നിന്ന് അരി വാങ്ങുന്നതിന് ഇതുമൂലം കുറവ് വന്നിട്ടുണ്ടോ; എങ്കിൽ ആയതിൽ വന്ന കുറവ് എത്രയെന്ന് വ്യക്തമാക്കാമോ ;

(ഡി) നെല്ല് സംഭരണത്തിന് താമസം വരുത്തുന്നത് മൂലം കർഷകർക്ക് ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

## സൗജന്യ ഭക്ഷ്യകിറ്റ് വിതരണം

129 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മൂലം ഏർപ്പെടുത്തിയ ലോക്ഡൗൺ കാരണം ജീവിതം പ്രതിസന്ധിയിലായ സാധാരണക്കാർക്ക് ആശ്വാസം നൽകുന്നതിന് ഭക്ഷ്യ സിവിൽ

സപ്ലൈസ് വകുപ്പ് എന്തെല്ലാം ഇടപെടലുകളാണ് നടത്തുന്നത്;

(ബി) ഇലക്ഷന് മുമ്പ് പ്രഖ്യാപിച്ച സൗജന്യ ഭക്ഷ്യകിറ്റ് വിതരണം എന്നുവരെ തുടരുവാനാണ് തീരുമാനിച്ചിട്ടുള്ളത്;

(സി) സൗജന്യ ഭക്ഷ്യകിറ്റിൽ വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ഡി) സൗജന്യ ഭക്ഷ്യകിറ്റ് വിതരണത്തിനായി കേന്ദ്രത്തിൽ നിന്നും എന്തെങ്കിലും ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) സൗജന്യ ഭക്ഷ്യകിറ്റ് വിതരണത്തിനായി സംസ്ഥാന സർക്കാർ സിവിൽ സപ്ലൈസ് വകുപ്പിന് ഇതിനകം എത്ര തുകയാണ് നൽകിയത്?

## സപ്ലൈകോ ഔട്ട് ലെറ്റുകളിലെ വില വർദ്ധന തടയാൻ നടപടി

130 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ ഔട്ട് ലെറ്റുകളിൽ അവശ്യ സാധനങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പല അവശ്യ സാധനങ്ങൾക്കും മാർക്കറ്റ് വിലയെക്കാൾ വില കൂടി നിൽക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ;

(സി) അവശ്യസാധനങ്ങളുടെ ക്വാളിറ്റി നിശ്ചയിക്കുന്നത് ഏതുരീതിയിലാണ്; പല അവശ്യ സാധനങ്ങൾക്കും ക്വാളിറ്റി ഇല്ല എന്നുള്ള പരാതിക്ക് പരിഹാരം കണ്ടെത്തുമോ?

## നാട്ടുകാണിയിൽ പുതിയ മാവേലി സ്റ്റോർ

131 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കീരംപാറ പഞ്ചായത്തിലെ നാട്ടുകാണിയിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നത് സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ;

(ബി) നാട്ടുകാണിയിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനായി എറണാകുളം മേഖല മാനേജർ സാധ്യത പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ?

## പയ്യന്നൂർ താലൂക്ക് സപ്ലൈ ഓഫീസ്

132 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ താലൂക്ക് സപ്ലൈ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

## നെല്ലിന്റെ സംഭരണ വില

133 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിന്റെ വർദ്ധിപ്പിച്ച നിരക്കിലുള്ള സംഭരണ വില എന്ന് മുതൽ സംഭരിച്ച നെല്ലിനാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) തൃശ്ശൂർ ജില്ലയിൽ ഈ സീസണിൽ സംഭരിച്ച നെല്ലിന്റെ മുഴവൻ വിലയും നൽകിയിട്ടുണ്ടോ;

(സി) സംഭരണ വില കുടിശ്ശികയുണ്ടെങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ ?

## <u>ഭക്ഷ്യകിറ്റിലെ സാധനങ്ങളുടെ ഗുണനിലവാരം</u>

134 **ശ്രീ. പി. ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അധികാരമേറ്റതു മുതൽ ഇതു വരെ സിവിൽ സപ്ലൈസ് വകുപ്പ് മുഖേന സംസ്ഥാനത്ത് എത്ര ഭക്ഷ്യകിറ്റുകൾ എത്ര തവണകളായി വിതരണം ചെയ്തിട്ടുണ്ടെന്നും ഓരോ കിറ്റിലും എത്ര രൂപയുടെ സാധനങ്ങളാണ് ഉണ്ടായിരുന്നതെന്നും വിശദമാക്കാമോ;

(ബി) കിറ്റിലെ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; ഗുണനിലവാരം കുറവാണെന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ഭക്ഷ്യകിറ്റ് വിതരണത്തിനായി തുണി സഞ്ചി വാങ്ങിയതു സംബന്ധിച്ച അഴിമതി ആരോപണത്തിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം; ഇതിൽ സിവിൽ സപ്ളൈസ് കോർപ്പറേഷന് എത്ര രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്;

(ഡി) കഴിഞ്ഞ ഓണക്കാലത്ത് നൽകിയ ഭക്ഷ്യകിറ്റിൽ ഗുണനിലവാരം കുറഞ്ഞ ശർക്കര നൽകിയെന്ന ആരോപണവുമായി ബന്ധപ്പെട്ട അന്വേഷണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഇതിന്മേൽ ആർക്കെങ്കിലും എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; ഇതിൽ കോർപ്പറേഷനുണ്ടായ സാമ്പത്തികനഷ്ടം എത്രയെന്ന് വിശദമാക്കാമോ?

## <u>സംസ്ഥാനത്തെ മുഴവൻ റേഷൻ വ്യാപാരികൾക്കും വാക്സിൻ</u>

135 **ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയുടെ മുന്നണി പോരാളികൾ എന്ന നിലയിൽ സംസ്ഥാനത്തെ മുഴവൻ റേഷൻ വ്യാപാരികൾക്കും വാക്സിൻ നൽകുന്ന കാര്യം പരിഗണിക്കുമോ;

(ബി) കോവിഡ് ബാധിച്ച് സംസ്ഥാനത്ത് എത്ര റേഷൻ വ്യാപാരികളും അനുബന്ധ ജോലിയിൽ ഏർപ്പെട്ടവരും മരണപ്പെട്ടു; ഇവർക്ക് അർഹമായ നഷ്ട പരിഹാരം നൽകുന്ന കാര്യം പരിശോധിക്കുമോ;

(സി) സംസ്ഥാനത്ത് റേഷൻ വ്യാപാരികൾക്കും അനുബന്ധ ജോലിയിൽ ഏർപ്പെട്ടവർക്കുമായി ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിവരങ്ങൾ ലഭ്യമാക്കാമോ?

## ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് കാർഡുകൾ മാറ്റി നൽകുന്നതിനുവേണ്ട അടിയന്തര നടപടി

136 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിൽ നിലവിൽ എത്ര റേഷൻ കാർഡുകളാണ് ഉള്ളതെന്നും എ.എ.വൈ., മുൻഗണന, മുൻഗണനേതര സബ്സിഡി, മുൻഗണനേതര എന്നിങ്ങനെ എത്രയെന്നും തരംതിരിച്ച് വ്യക്തമാക്കാമോ;

(ബി) നിലവിൽ എപിഎൽ വിഭാഗത്തിൽപ്പെട്ട എത്ര റേഷൻ കാർഡ് ഉടമകൾ ബിപിഎൽ വിഭാഗത്തിലേയ്ക്ക് കാർഡ് മാറ്റുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര അപേക്ഷകർക്ക് ബിപിഎൽ വിഭാഗത്തിലേയ്ക്ക് റേഷൻ കാർഡ് മാറ്റി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) അർഹരായ മുഴുവൻ അപേക്ഷകരുടെയും കാർഡുകൾ ബിപിഎൽ വിഭാഗത്തിലേയ്ക്ക് മാറ്റി നൽകുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## കോവിഡ് മരണങ്ങളുടെ കണക്ക്

137 **ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ ജനന-മരണങ്ങളുടെ കണക്ക് സൂക്ഷിക്കുന്ന തദ്ദേശസ്വയംഭരണ വകുപ്പിൽ കോവിഡ് മരണങ്ങളുടെ കണക്ക് ലഭ്യമല്ല എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വകുപ്പിന് സംഭവിച്ചിട്ടുള്ള വീഴ്ച പരിശോധിച്ച് കോവിഡ് മരണ കണക്കുകൾ കൂടി മരണം രജിസ്റ്റർ ചെയ്യുന്ന പോർട്ടലിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

## പ്രളയത്തിൽ തകർന്ന റോഡുകൾ

138 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018, 2019 വർഷങ്ങളിൽ ഉണ്ടായ പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകൾ എത്ര; അവ ഏതൊക്കെ; എത്ര കോടിയുടെ നാശനഷ്ടങ്ങളാണ് റോഡുകൾക്ക് ഉണ്ടായിട്ടുള്ളത്; പ്രസ്തുത റോഡുകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക ഏതെല്ലാം റോഡുകൾക്കെന്ന് വിശദമാക്കുമോ;

(ബി) പ്രളയത്തിൽ തകർന്ന പല ഗ്രാമീണ റോഡുകളും നവീകരിക്കുന്നതിന് ഫണ്ട് അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: ആയവ നവീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

## ഇലക്ട്രിക്കൽ പ്രവൃത്തികളുടെ പൂർത്തീകരണത്തിനുള്ള കാലതാമസം

139 **ശ്രീ. റ്റി.പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഇലക്ട്രിക്കൽ

പ്രവൃത്തികൾ പരിശോധിക്കുന്നതിനായി സ്ഥിരം സംവിധാനം ഇല്ലാത്തത് മൂലം പല പ്രവൃത്തികളുടെയും പൂർത്തീകരണത്തിന് കാലതാമസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കാലതാമസം പരിഹരിക്കുന്നതിനായി ജില്ലാതലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ കൂടുതൽ അസിസ്റ്റന്റ് എഞ്ചിനിയർമാരെയും ഓവർസിയർമാരെയും ഉൾപ്പെടുത്തിക്കൊണ്ട് പ്രത്യേക ഇലക്ട്രിക്കൽ വിഭാഗം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ</u>

140 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ എം മുകേഷ്**
**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ പൊതുനിർദ്ദേശങ്ങൾ അനുസരിച്ച് കോവിഡ് മഹാമാരി പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കുമോ;

(ബി) കോവിഡ് പ്രതിസന്ധികളുടെ കാലഘട്ടത്തിലടക്കം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പൊതുജനങ്ങൾക്കായി പ്രത്യേക ഉപജീവന-സുരക്ഷാ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ക്വാറന്റൈൻ കേന്ദ്രങ്ങളുടെ ഫലപ്രദമായ നടത്തിപ്പിനാവശ്യമായ എന്തെല്ലാം ക്രമീകരണങ്ങളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ?

## <u>മാലിന്യ സംസ്കരണം</u>

141 **ശ്രീ കെ ആൻസലൻ**
**ശ്രീ. പി.വി.അൻവർ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലത്ത് കൊതുകുജന്യരോഗങ്ങൾ, എലിപ്പനി മറ്റുപകർച്ചവ്യാധികൾ തുടങ്ങിയവ പിടിപെടാനുള്ള സാധ്യത മുന്നിൽക്കണ്ട് എന്തെല്ലാം ശുചീകരണ പ്രവർത്തനങ്ങളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്താനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ഈ സർക്കാർ നൂതന പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ശുചിത്വ-മാലിന്യസംസ്കരണ മേഖലയിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ഇതുസംബന്ധിച്ച് പൊതുജനങ്ങൾക്കാവശ്യമായ

ബോധവത്ക്കരണം നൽകുന്നതിനും ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**ഇൻഫർമേഷൻ കേരളമിഷൻ**

142 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുൻസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഐ.കെ.എം. (ഇൻഫർമേഷൻ കേരളമിഷൻ)- സേവനത്തിന്റെ ഫലമായി ഏതെല്ലാം സോഫ്റ്റ്വെയറുകളാണ് വികസിപ്പിച്ചെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇൻഫർമേഷൻ കേരളമിഷൻ തൊഴിൽ നികുതി ഈടാക്കുന്നതിന് സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) തിരുവനന്തപുരം നഗരസഭയിൽ തൊഴിൽ നികുതി അടച്ചു കഴിഞ്ഞാൽ കമ്പ്യൂട്ടർ മുഖേന സ്വയംപ്രേരിതമായി പോസ്റ്റിങ് നടക്കുന്നതിനായി ഐ.കെ.എം. സോഫ്റ്റ്വെയറിൽ ആവശ്യമായ മാറ്റം വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ആയത് നടപ്പിൽ വരുത്തുന്നതിനായി നടപടി സ്വീകരിക്കുമോ;

(ഡി) തിരുവനന്തപുരം നഗരസഭയിൽ ഓൺലൈനായി ഏതെല്ലാം സ്ഥാപനങ്ങൾ തൊഴിൽ നികുതി അടച്ചുവെന്നും കുടിശ്ശിക എത്രയുണ്ട് എന്നും അറിയുവാൻ ഐ.കെ.എം. എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഇല്ലാത്തപക്ഷം ഐ കെ എം അത്തരത്തിലൊരു സോഫ്റ്റ്വെയർ വികസിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തെ നഗരസഭകളിൽ തൊഴിൽ നികുതി സ്വീകരിക്കുതിനുള്ള സംവിധാനങ്ങൾ ആധുനികവത്ക്കരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടി സ്വീകരിക്കും എന്നറിയിക്കാമോ?

**മാഞ്ചുവട് പാലം**

143 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ൽ ഉണ്ടായ ഉരുൾപൊട്ടലിൽ അയ്യൻകുന്ന്, ആറളം പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന മാഞ്ചുവട് പാലം തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പാലം പുനർനിർമ്മിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

**മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനങ്ങൾ**

144 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി കായംകുളം മണ്ഡലത്തിൽ നഗരസഭ, പഞ്ചായത്തുകൾ എന്നിവ മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഓടകൾ, നീരൊഴുക്കുചാലുകൾ, ചെറിയ കനാലുകൾ എന്നിവ വൃത്തിയാക്കി ജല

നിർഗ്ഗമനം സുഗമമാക്കുന്നതിനായി പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

## നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

145 **ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യവകുപ്പിന്റെ പ്രത്യേക ഫണ്ട് ഉപയോഗിച്ച് നെയ്യാറ്റിൻകര ചെങ്കൽ പഞ്ചായത്തിലെ ഉദിയൻകുളങ്ങര മാർക്കറ്റ് കോംപ്ലക്സ് നിർമ്മാണം, നെയ്യാറ്റിൻകര നഗരസഭയിലെ ആറാലുംമൂട് മാർക്കറ്റ് നവീകരണം എന്നീ പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഏതൊക്കെ നടപടികളാണ് തദ്ദേശസ്വയംഭരണവകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ മാർക്കറ്റിനും എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് ധനവകുപ്പ് നൽകിയതെന്ന് വിശദമാക്കുമോ?

## പ്രശാന്തി ഗാർഡൻ മോഡൽ ക്രിമറ്റോറിയം

146 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് തന്നെ മാതൃകയായി ഉള്ളിയേരി ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കുന്ന പ്രശാന്തി ഗാർഡൻ മോഡൽ ക്രിമറ്റോറിയത്തിന്റെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ബാലുശ്ശേരി മണ്ഡലത്തിലെ ഒൻപത് പഞ്ചായത്തുകൾക്കും ഉപകരിക്കുന്ന രീതിയിൽ നിർമ്മിക്കുന്ന പ്രസ്തുത ശ്മശാനം എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## ചൂർണിക്കര മിച്ചഭൂമി ഏറ്റെടുക്കൽ

147 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ നിയോജകമണ്ഡലത്തിൽ ചൂർണിക്കര പഞ്ചായത്തിലെ ആശോക ടെക്സ്റ്റൈൽസിൽ നിന്നും ഏറ്റെടുത്തതും നിലവിൽ കളിസ്ഥലമായി ഉപയോഗിച്ച് വരുന്നതുമായ ഭൂമി പഞ്ചായത്തിന് വിട്ടുകൊടുക്കുന്നത് സംബന്ധിച്ച പഞ്ചായത്ത് ഡയറക്ടറേറ്റിലെ 14409/19/18 നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്നറിയിക്കുമോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## ലൈഫ് മിഷൻ പദ്ധതി

148 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷനിൽ ഉൾപ്പെടുത്തി ഇതുവരെ എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്;

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിൽ ഇതുവരെയായി എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്;

(സി) ലൈഫ് മിഷനിൽ ഉൾപ്പെടുത്തുന്നതിനായി പുതുതായി എത്ര അപേക്ഷകൾ സംസ്ഥാനത്ത് ലഭിച്ചിട്ടുണ്ട്;

(ഡി) കല്ല്യാശ്ശേരി മണ്ഡലത്തിൽ നിന്നും പുതുതായി എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ട്; വിശദമാക്കാമോ?

## ലൈഫ് ഭവന പദ്ധതി

149 **ശ്രീ . കെ .ഡി .പ്രസേനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം എത്ര പേർക്ക് ഭവനം ഒരുക്കുന്നതിന് കഴിഞ്ഞുവെന്ന് വിശദമാക്കാമോ;

(ബി) ഗുണഭോക്താക്കളുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

## പർച്ചേസ് നിയമങ്ങളിൽ ഇളവ് അനുവദിക്കൽ

150 **ശ്രീ. ടി.ഐ.മധുസൂദനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരി കാലത്ത് ഡി.ഡി.സി., സി.എഫ്.എൽ.റ്റി.സി., സി.എസ്.എൽ.റ്റി.സി. എന്നീ ചികിത്സാകേന്ദ്രങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലാണ് പ്രവർത്തിക്കുന്നതെങ്കിലും ഇത്തരം കേന്ദ്രങ്ങളിലേക്ക് വേണ്ടി വരുന്ന അത്യാവശ്യ സാധനങ്ങൾ വാങ്ങുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾക്ക് പർച്ചേസ് നിയമങ്ങളിൽ ഇളവ് നിലവിലില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കളക്ടർമാർ വരെ ഉള്ളവർക്ക് നിലവിലുള്ള ഇളവ് താല്ക്കാലികമായി തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികൾക്കും അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

## ഗവ. പോളി ടെക്നിക് കോളേജ്

151 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി ഗവ. പോളി ടെക്നിക് കോളേജിനായി കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത ഭൂമിയിൽ നിന്നും അധികമുള്ള സ്ഥലം വിവിധ ആവശ്യങ്ങൾക്ക് അനുവദിക്കുന്നതിനായി എൽ എസ് ജി ഡി , RC4/137/2017 നമ്പർ ഫയലിൽ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) ഈ സ്ഥലം കൈമാറുന്നതു സംബന്ധിച്ച് കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് റെസല്യൂഷൻ പാസ്സാക്കി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് പഞ്ചായത്ത്

ഡയറക്ടറേറ്റിൽ എത്തി, ആയത് പഞ്ചായത്ത് വകുപ്പിലേക്ക് എന്നേക്ക് കൈമാറി എന്നത് വ്യക്തമാക്കാമോ;

(സി) പഞ്ചായത്ത് വകുപ്പിൽ ഈ ഫയലിൽ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ; പ്രസ്തുത ആവശ്യത്തിന് എന്ത് പരിഹാരമാണ് വകുപ്പ് കണ്ടെത്തിയിട്ടുള്ളത്എന്ന് വ്യക്തമാക്കാമോ?

**തൃക്കാക്കര മുനിസിപ്പാലിറ്റിയിലെ സ്റ്റാഫ് പാറ്റേൺ**

152 **ശ്രീ. പി. ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മുൻസിപ്പാലിറ്റിയെ ഗ്രേഡ് I മുൻസിപ്പാലിറ്റിയായി ഉയർത്തിയത് എന്നാണ്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) തൃക്കാക്കര മുൻസിപ്പാലിറ്റിയിലെ നിലവിലെ സ്റ്റാഫ് പാറ്റേൺ വിശദമാക്കാമോ;

(സി) ഗ്രേഡ് I മുൻസിപ്പാലിറ്റിയുടെ സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കാമോ;

(ഡി) ഗ്രേഡ് I ആയി ഉയർത്തിയ തൃക്കാക്കര മുൻസിപ്പാലിറ്റിയുടെ സ്റ്റാഫ് പാറ്റേൺ അതിനനുസൃതമായി ഉയർത്തിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) തൃക്കാക്കര മുനിസിപ്പാലിറ്റിയിൽ ഗ്രേഡ് I മുനിസിപ്പാലിറ്റിയിലെ സ്റ്റാഫ് പാറ്റേൺ രീതിയിൽ നിയമനം നടത്തുന്നതിനുള്ള നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ആവശ്യമായ സ്റ്റാഫുകളെ അടിയന്തിരമായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

**ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന വിവിധയിനം നികുതികൾ**

153 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ പാട്ടക്കരാർ വ്യവസ്ഥയിൽ പ്രവർത്തിക്കുന്ന എസ്റ്റേറ്റുകൾ ഏതൊക്കെയെന്ന് അറിയിക്കുമോ;

(ബി) ടി എസ്റ്റേറ്റുകളിൽ നിന്നും ഗ്രാമപഞ്ചായത്തിന് ഓരോ വർഷവും ലഭിക്കുന്ന വിവിധയിനം നികുതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ടി നികുതിയിനങ്ങളിൽ കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകുമോ?

**കോവിഡ് പ്രതിരോധത്തിനുള്ള ഫണ്ട്**

154 **ശ്രീ എ കെ എം അഷ്‌റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് മുഖ്യചുമതല വഹിക്കുന്ന കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതിനായി എത്ര ഫണ്ടുകൾ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ജില്ലയിലേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് കോവിഡ്

പ്രതിരോധ പ്രവർത്തനങ്ങൾക്ക് പ്രസ്തുത സ്ഥാപനങ്ങൾ തനതു ഫണ്ടിൽ നിന്നും 31-03-2021 വരെ ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ലഭ്യമാക്കുമോ?

## ലൈഫ് പദ്ധതി

155 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലയളവിൽ വടകര നിയോജകമണ്ഡലത്തിൽ ലൈഫ് പദ്ധതി പ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ള വീടുകളുടെ എണ്ണം എത്രയാണ്; പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) വടകര മണ്ഡലത്തിൽ ലൈഫ് പദ്ധതി പ്രകാരം വീടിനായി അപേക്ഷ നൽകിയിട്ടും വീട് ലഭിക്കാത്ത അപേക്ഷകരുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) അപേക്ഷ നൽകിയിട്ടും വീട് ലഭിക്കാത്തവർക്ക് എപ്പോൾ വീട് ലഭ്യമാക്കാനാകും എന്നും ഇതിനായി എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്നും അറിയിക്കാമോ;

(ഡി) സ്വന്തമായി സ്ഥലമുണ്ടെങ്കിലും സാമ്പത്തിക ബുദ്ധിമുട്ട് മൂലം ഒരേ വീട്ടിൽത്തന്നെ കഴിയേണ്ടി വരുന്ന ഒന്നിലധികം കുടുംബങ്ങൾക്ക് പ്രത്യേകം റേഷൻ കാർഡ് ഇല്ലാത്തതിനാൽ ലൈഫ് പദ്ധതിയിൽ വീട് ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ അത്തരം കുടുംബങ്ങൾക്ക് ലൈഫ് പദ്ധതി പ്രകാരം വീട് ലഭ്യമാക്കുന്നതിനായി പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങളിൽ ഇളവു വരുത്തുന്ന കാര്യം പരിഗണിക്കുമോ?

## ആലത്തൂർ നിയോജക മണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതി

156 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതി പ്രകാരം ആലത്തൂർ നിയോജക മണ്ഡലത്തിൽ ഭവനം അനുവദിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണം എത്ര; പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

## ലൈഫ് മിഷൻ പദ്ധതി

157 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി മാവേലിക്കര തഴക്കരയിൽ നിർമ്മിക്കുന്ന ഫ്ളാറ്റിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ?

## പ്രളയത്തിൽ തകർന്ന തദ്ദേശ റോഡുകളുടെ പുനരുദ്ധാരണം

158 **ശ്രീ. റ്റി.പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ പ്രളയത്തിൽ തകർന്ന എത്ര തദ്ദേശ റോഡുകളുടെ പുനരുദ്ധാരണത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണപ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

**ലൈഫ് മിഷൻ പദ്ധതി**

159 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ ആവിഷ്കരിച്ച ലൈഫ് മിഷൻ പദ്ധതി പ്രകാരം പ്രസ്തുത സർക്കാരിന്റെ കാലാവധിക്കുള്ളിൽ എത്ര വീടുകൾ നിർമ്മിച്ചു നൽകിയെന്നും എത്ര കുടുംബങ്ങൾക്ക് ആയതിന്റെ പ്രയോജനം ലഭിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ലൈഫ് മിഷൻ പദ്ധതി തുടരുമോയെന്നും എങ്കിൽ ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ എത്ര വീടുകൾ കൂടി കിടപ്പാടം ഇല്ലാത്തവർക്ക് നിർമ്മിച്ചു നൽകാനാണ് ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കുമോ?

**ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവ്**

160 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്;

(ബി) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെയും പ്രകൃതി ദുരന്തങ്ങളുടെയും പ്രത്യേക സാഹചര്യത്തിൽ പ്രസ്തുത പ്രവർത്തനങ്ങൾ ബ്ലോക്ക് തലത്തിൽ ഏറ്റെടുത്തു നടത്താൻ ഉത്തരവാദിത്തമുള്ള ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുള്ള തസ്തികകൾ നികത്താനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

**മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ഗ്രാമ പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥ ഒഴിവുകൾ**

161 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ഗ്രാമ പഞ്ചായത്തുകളിൽ എത്ര ഉദ്യോഗസ്ഥ ഒഴിവുകളാണ് നിലവിലുള്ളത്;

(ബി) അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ ഉള്ള ഗ്രാമ പഞ്ചായത്തുകൾ ഏതൊക്കെയാണ്;

(സി) അസിസ്റ്റന്റ് എഞ്ചിനീയർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെ ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

**തദ്ദേശ സ്വയംഭരണ വകുപ്പിലെ ഒഴിവുകൾ**

162 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും എത്ര റവന്യൂ ഇൻസ്പെക്ടർ, സൂപ്രണ്ട്, റവന്യൂ ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ, ഡെപ്യൂട്ടി സെക്രട്ടറി എന്നീ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു എന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത തസ്തികകളിൽ 2021 ജൂൺ 30 വരെ എത്ര റിട്ടയർമെന്റ് ഒഴിവുകൾ ഉണ്ട് എന്നറിയിക്കുമോ; ഇവ നികത്തുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) തദ്ദേശ സ്വയംഭരണ പൊതുസർവീസിന്റെ സ്പെഷ്യൽ റൂൾസിന് അംഗീകാരം നൽകുന്ന നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ; ആയതിന് എന്നത്തേക്ക് അംഗീകാരം നൽകുമെന്ന് വ്യക്തമാക്കാമോ?

## കാസർഗോഡ് ജില്ലയിൽ വിവിധ തസ്തികകളിലെ ഒഴിവുകൾ

163 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ (പഞ്ചായത്ത് - ഗ്രാമവികസനം - മുനിസിപ്പാലിറ്റി) വിവിധ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നു വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടികൾ തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

## ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരുടെ ഒഴിവുകൾ

164 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്;

(ബി) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടേയും പ്രകൃതിദുരന്തങ്ങളുടേയും പ്രത്യേക സാഹചര്യത്തിൽ മണ്ഡലാടിസ്ഥാനത്തിൽ ഏകോപിപ്പിക്കുന്നതിനും ബ്ലോക്ക് അടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടത്തുവാനും ചുമതലപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുള്ള തസ്തികകൾ നികത്താൻ നടപടി സ്വീകരിക്കുമോ;

(സി) പി.എസ്.സി. ലിസ്റ്റുകൾ നിലവിലില്ലാത്ത സാഹചര്യത്തിൽ മുൻകാലങ്ങളിൽ ചെയ്തതു പോലെ ജോയിന്റ് ബി.ഡി.ഒ.-മാരെ സ്റ്റോപ് ഗ്യാപ് അറേഞ്ച്മെന്റിൽ നിയമിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

## ഗ്രാമ വികസന വകുപ്പിന് കീഴിലുള്ള വികസന പരിശീലന കേന്ദ്രങ്ങൾ

165 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ വികസന വകുപ്പിന് കീഴിൽ എവിടെയെല്ലാമാണ് വികസന പരിശീലന കേന്ദ്രങ്ങൾ ഉള്ളതെന്ന് അറിയിക്കുമോ; ഇവയ്ക്ക് കേന്ദ്ര സർക്കാർ എന്തെല്ലാം സഹായങ്ങളാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പരിശീലന കേന്ദ്രങ്ങൾ സർക്കാർ വകുപ്പിൽ നിന്നും ഒഴിവാക്കുന്നതിനോ നിർത്തലാക്കുന്നതിനോ തീരുമാനിച്ചിട്ടുണ്ടോ; ഇത് കേന്ദ്ര സർക്കാർ ഫണ്ട് ലഭ്യതയെ ഏതു വിധത്തിലാണ് ബാധിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പുതിയ വികസന പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഗ്രാമീണ ജനങ്ങൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകിവരുന്ന വികസന പരിശീലന കേന്ദ്രങ്ങൾ കൂടുതൽ സ്ഥലങ്ങളിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## തണ്ണീർതട സംരക്ഷണ നിയമപ്രകാരം വാസയോഗ്യമായ ഭവനങ്ങൾ

166 **ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തണ്ണീർതട സംരക്ഷണ നിയമപ്രകാരം വാസയോഗ്യമായ ഭവനങ്ങൾ നിർമ്മിക്കുന്നതിന് നിലവിൽ സംസ്ഥാനത്തുള്ള നിയമ വ്യവസ്ഥ എന്തെല്ലാമാണ്;

(ബി) ഇത്തരത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷ പരിശോധിക്കുന്ന ആർ.ടി.പി/സി.ടി.പി ഓഫീസുകളിൽ സ്വീകരിക്കുന്ന നടപടി ക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഇത്തരത്തിൽ എത്ര അപേക്ഷകൾ മേൽ സൂചിപ്പിച്ച ഓഫീസുകളിൽ നടപടി സ്വീകരിക്കുന്നതിന് കെട്ടികിടപ്പുണ്ട്; വിശദാംശങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

## തിരുവനന്തപുരം നഗരസഭ മാസ്റ്റർ പ്ലാൻ

167 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയ്ക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുവേണ്ടി എന്തെങ്കിലും കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണ്; മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഗ്രീൻ ടു പ്ലാൻഡ് ഡെവലപ്പ്മെന്റ് സോൺ, റെസിഡൻഷ്യൽ സോൺ എന്നിവിടങ്ങളിൽ കെട്ടിടം നിർമ്മിക്കുവാൻ നിലവിലെ മാസ്റ്റർ പ്ലാനിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ ഉണ്ടോ; എന്തെല്ലാം നിയന്ത്രണങ്ങളാണെന്ന് വ്യക്തമാക്കുമോ;

(സി) ഗ്രീൻ ടു പ്ലാൻഡ് ഡെവലപ്പ്മെന്റ് സോൺ, റെസിഡൻഷ്യൽ സോൺ എന്നിവയിൽ ഉൾപ്പെട്ട സ്ഥലങ്ങളിൽ കെട്ടിട നിർമ്മാണ അനുമതിയ്ക്ക് പല തടസ്സങ്ങളും നേരിടുന്നവർക്കായി IDO (Interim Development Order) പുതുക്കുന്നതിന് തിരുവനന്തപുരം ജില്ല ടൗൺ പ്ലാനർ എന്തെങ്കിലും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; ആയത് കൗൺസിലിൽ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; കൗൺസിലിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ;

(ഡി) തിരുവനന്തപുരം ജില്ല ടൗൺ പ്ലാനർ തയ്യാറാക്കിയ പുതുക്കിയ IDO-ന്റെ അടിസ്ഥാനത്തിൽ നഗരസഭ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ഇ) ഗ്രീൻ ടു പ്ലാൻഡ് ഡെവലപ്പ്മെന്റ് സോണിൽപ്പെട്ട എത്ര കെട്ടിട നിർമ്മാണ അപേക്ഷകൾ നിലവിൽ നഗരസഭയുടെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്; പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് നടപടി സ്വീകരിക്കുമോ;

(എഫ്) അമൃത് പദ്ധതിയുടെ കീഴിൽ നഗരസഭയുടെ ഭൂവിനിയോഗമാപ്പ് തയ്യാറാക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ടോ; മാപ്പ് തയ്യാറാക്കുന്നതിന് കേന്ദ്രസർക്കാർ സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; പ്രസ്തുത സമയപരിധി എന്നാണ് അവസാനിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കോവിഡ്-19 ലോക്ഡൗൺ കാലത്തെ വ്യാജ വാറ്റും മദ്യവർജ്ജനവും

168 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യ വർജ്ജനത്തിന് ഊന്നൽ നൽകിക്കൊണ്ട് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ലോക്ഡൗൺ കാലത്ത് വ്യാപകമായി വ്യാജചാരായ വാറ്റ് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

## സ്ഥിരം എക്സൈസ് ചെക്ക് പോസ്റ്റ്

169 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്-കർണാടക അതിർത്തിയായ തോൽപ്പെട്ടിയിൽ സ്ഥിരം എക്സൈസ് ചെക്ക് പോസ്റ്റ് ഇല്ലാത്ത കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) നിരവധി എക്സൈസ് കേസുകൾ ദിനം പ്രതി റിപ്പോർട്ട് ചെയ്യപ്പെടുന്ന തോൽപ്പെട്ടിയിൽ അടിയന്തരമായി സ്ഥിരം എക്സൈസ് ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കാമോ?

## തഴക്കരയിലെ എക്സൈസ് കോംപ്ലക്സ്

170 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കരയിലെ എക്സൈസ് ഓഫീസുകൾക്കായി തഴക്കരയിൽ അനുവദിച്ച എക്സൈസ് കോംപ്ലക്സിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ?

## കാസർഗോഡ് ജില്ലയിൽ അനധികൃത മദ്യം കടത്ത് വ്യാപകം

171 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ഡൗണിന്റെ മറവിൽ കാസർഗോഡ് ജില്ലയിൽ അനധികൃത മദ്യം കടത്ത്

വ്യാപകമായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ ഒരു മാസത്തിനിടെ ഈ വിഷയത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര ലക്ഷം രൂപയുടെ മദ്യം പിടിച്ചെടുത്തിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) ഇത് തടയുന്നതിന് എന്തെങ്കിലും പ്രത്യേക നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

## ലോക്ഡൗൺമൂലം സംസ്ഥാനത്തെ ബിവറേജസ് കോർപ്പറേഷനുണ്ടായ നഷ്ടം

172 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ഡൗൺമൂലം സംസ്ഥാനത്തെ ബിവറേജസ് കോർപ്പറേഷന്റെ മദ്യശാലകൾ അടച്ചതുമൂലം കോർപ്പറേഷന് ഉണ്ടായ സാമ്പത്തിക നഷ്ടം കണക്കിലെടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത നഷ്ടം നികത്തുവാൻ ഓൺലൈനിലൂടെ ബുക്ക് ചെയ്യുന്നവർക്ക് വീടുകളിൽ മദ്യം എത്തിച്ചുനൽകുന്നതിന് ബെവ്കോ തീരുമാനിച്ചിട്ടുണ്ടോ?

## ബാറുകളുടെ എഫ്.എൽ.3 ലൈസൻസ്

173 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 നവംബർ 1 മുതൽ മുൻ സർക്കാരിന്റെ കാലാവധി പൂർത്തിയാകുന്നതുവരെ സംസ്ഥാനത്ത് പുതുതായി എത്ര ബാറുകൾക്ക് എഫ്.എൽ.3 ലൈസൻസ് അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ആർക്കൊക്കെയാണ് പ്രസ്തുത ലൈസൻസ് അനുവദിച്ചതെന്നതിന്റെ വിശദാംശം നൽകുമോ?

## കള്ള്ചെത്ത് മേഖലയിലെ പ്രതിസന്ധി

174 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-ലോക്ഡൗൺ കാഘട്ടത്തിൽ കള്ള് ചെത്ത് മേഖലയിൽ ഉണ്ടായ പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലോക്ഡൗൺ കാലഘട്ടത്തിൽ കള്ള് ചെത്തി ഒഴുക്കികളയുന്നത് നിമിത്തം ഉണ്ടാകുന്ന നഷ്ടത്തിനു നഷ്ട പരിഹാരം നൽകുന്നതിന് സ്വീകരിച്ച നടപടികളെ കുറിച്ച് വിശദമാക്കാമോ?

## അമരവിളയിൽ എക്സൈസ് കോംപ്ലക്സ്

175 **ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ അമരവിളയിൽ എക്സൈസ് കോംപ്ലക്സ്

സ്ഥാപിക്കുന്നതിനുവേണ്ടി 2020-21ലെ സംസ്ഥാന ബഡ്ജറ്റിൽ തുക ഉൾപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ 2 കോടിയുടെ ഭരണാനുമതിക്കായി പി.ഡബ്ല്യു.ഡി. ബിൽഡിംഗ് വിഭാഗം എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## കാൻസർ കെയർ ഫോർ ലൈഫ് പദ്ധതി

176 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ നടപ്പിലാക്കി വന്നിരുന്ന "കാൻസർ കെയർ ഫോർ ലൈഫ്" പദ്ധതി 2014 ആഗസ്റ്റിൽ നിർത്തലാക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) ജനങ്ങൾക്ക് ഏറെ ഉപയോഗപ്രദമായിരുന്ന പ്രസ്തുത പദ്ധതി പുനഃരാരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത വിഷയത്തിൽ സർക്കാരിന്റെ നിലപാട് വിശദീകരിക്കാമോ?

## ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ അടിസ്ഥാന സൗകര്യ വികസനം

177 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് നിലവിൽ ആരോഗ്യ വകുപ്പിന്റെ പരിഗണനയിൽ ഉള്ള പദ്ധതികൾ വിശദമാക്കുമോ?

## ആർദ്രം പദ്ധതി

178 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് എത്ര പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുള്ളത്;

(ഡി) കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം ആരോഗ്യകേന്ദ്രങ്ങൾക്കാണ് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് അംഗീകാരം ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

## പേരാവൂർ താലൂക്ക് ആശുപത്രി

179 **ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രവർത്തനോദ്ഘാടനം നടത്തിയ പേരാവൂർ താലൂക്ക്

ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; മേൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ കരാർ റദ്ദായിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വെളിപ്പെടുത്തുമോ ?

**പാനൂരിലെ താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിട സമുച്ചയം**

180 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാനൂരിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തിയതുമായി ബന്ധപ്പെട്ട നടപടികൾ എവിടെവരെയെത്തിയെന്ന് വിശദീകരിക്കാമോ;

(ബി) താലൂക്ക് ആശുപത്രിക്ക് പുതിയ കെട്ടിട സമുച്ചയം പണിയുന്ന നടപടികൾ എവിടെവരെയെത്തിയെന്ന് വ്യക്തമാക്കാമോ;

(സി) നിലവിലെ ആശുപത്രിയിൽ സ്ഥലപരിമിതി കാരണം രോഗികളും ജീവനക്കാരും ഏറെ പ്രയാസങ്ങൾ അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വിശദീകരിക്കുമോ?

**നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ പത്തോളജി ലാബ്**

181 **ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16-കാലയളവിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ പത്തോളജി ലാബിനു വേണ്ടി പി.ഡബ്ല്യൂ.ഡി. (ബിൽഡിംഗ് വിഭാഗം) ത്തിന് 1.50 കോടി രൂപ അഡ്വാൻസ് നൽകിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ് വിഭാഗം പ്രസ്തുത തുക വിനിയോഗിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) പി.ഡബ്ല്യൂ.ഡി. ബിൽഡിംഗ് വിഭാഗത്തിനു നൽകിയ തുക, കൈമാറിയ വർഷം എന്നിവ അറിയിക്കുമോ?

**സെൻട്രലൈസ്ഡ് ഓക്സിജൻ യൂണിറ്റ്**

182 **ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ട്രോമാകെയർ യൂണിറ്റിലേയ്ക്ക് ആവശ്യമായ ഓക്സിജൻ നൽകുന്നതിനായുള്ള സെൻട്രലൈസ്ഡ് ഓക്സിജൻ യൂണിറ്റിന്റെ പ്രവൃത്തി കെ.എം.എസ്.സി.എൽ പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഓക്സിജൻ പ്ലാന്റിന്റെ പ്രവൃത്തികൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എപ്പോൾ പൂർത്തീകരിക്കും എന്ന് വ്യക്തമാക്കാമോ?

## മലപ്പുറം ബ്ലോക്ക് പി.എച്ച്.സി-യിലെ ഒഴിവുകൾ

183 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂക്കോട്ടൂരിൽ പ്രവർത്തിക്കുന്ന മലപ്പുറം ബ്ലോക്ക് പി.എച്ച്.സി അപ്ഗ്രേഡ് ചെയ്തിട്ടുണ്ടെങ്കിലും സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) കോവിഡ് പശ്ചാത്തലത്തിൽ ആവശ്യമായ ജീവനക്കാരുടെ അപര്യാപ്തത കണക്കിലെടുത്ത് അടിയന്തരമായി സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) നിലവിലുള്ള ഒഴിവുകൾ നികത്തുവാൻ സത്വര നടപടി സ്വീകരിക്കാമോ?

## പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ

184 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ എത്ര പ്രാദേശിക ആരോഗ്യ കേന്ദ്രങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുള്ളത്; ഇവയിൽ ഏതെല്ലാം കുടുംബാരോഗ്യ കേന്ദ്രങ്ങളാണ് പൂർണ്ണമായും പ്രവർത്തന സജ്ജമായിട്ടുള്ളത്;

(ബി) ബാലുശ്ശേരി മണ്ഡലത്തിലെ പുതുതായി പ്രഖ്യാപിച്ച കുടുംബാരോഗ്യ കേന്ദ്രങ്ങൾ ഏതൊക്കെയാണ്; പ്രസ്തുത പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള എന്തെങ്കിലും പ്രത്യേക പദ്ധതികൾ സർക്കാർ തയ്യാറാക്കിയിട്ടുണ്ടോ;

(സി) കക്കയം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

## കുറ്റിപ്പുറം താലൂക്ക് ആശുപത്രി വികസനം

185 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജക മണ്ഡലത്തിലെ കുറ്റിപ്പുറം താലൂക്ക് ആശുപത്രിയുടെ സമഗ്രവികസനത്തിന് വേണ്ടി തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ആരോഗ്യവകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലേയും ജില്ലാ മെഡിക്കൽ ഓഫീസിലേയും ഫയലിന്റെ വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) ദേശീയപാതയിലുള്ള പ്രസ്തുത ആശുപത്രിയുടെ വികസനം അടിയന്തിരമായി തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ?

## ഇരിക്കൂർ ആശുപത്രിയിലെ ജീവനക്കാരുടെ നിയമനം

186 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷം താലൂക്ക് ആശുപത്രിയായി ഉയർത്തിയ ഇരിക്കൂർ ഗവൺമെന്റ് ആശുപത്രിയിൽ, താലൂക്ക് ആശുപത്രിക്ക് ആവശ്യമായ ജീവനക്കാരെ നിയമിക്കാനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനും നടപടികൾ സ്വീകരിക്കുമോ;

(ബി) നബാർഡിൽ നിന്നുള്ള ധനസഹായത്തോടെ ഇരിക്കൂർ ഗവണ്മെന്റ് ആശുപത്രിക്ക് കെട്ടിടം പണിയാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

## ആലത്തൂർ താലൂക്ക് ആശുപത്രി നവീകരണം

187 **ശ്രീ . കെ .ഡി .പ്രസേനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്ക് ആശുപത്രി നവീകരണത്തിന് നിലവിൽ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; അനുവദിച്ച എങ്കിൽ തുക എത്രയെന്ന് അറിയിക്കുമോ;

(ബി) ഏത് വിഭാഗത്തിലാണ് ഫണ്ട് അനുവദിച്ചിരിക്കുന്നതെന്നും നിർവ്വഹണ ഏജൻസി ഏതാണെന്നും വെളിപ്പെടുത്തുമോ;

(സി) നവീകരണ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

## മണലൂർ മണ്ഡലത്തിലെ ഹോമിയോ ആശുപത്രികൾ

188 **ശ്രീ. മുരളി പെരുനെല്ലി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിൽ ഹോമിയോ ആശുപത്രികൾ ഇല്ലാത്ത പഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഹോമിയോ ആശുപത്രികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ ആരംഭിക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ ആരോഗ്യവകുപ്പ് മുൻപ് സ്വീകരിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ;

(സി) മറ്റു പഞ്ചായത്തുകളിൽ ഹോമിയോ മരുന്ന് സൗജന്യമായി വിതരണം ചെയ്യുമ്പോൾ ഈ പഞ്ചായത്തുകളിൽ മരുന്ന് നൽകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഹോമിയോ ആശുപത്രികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ തുടങ്ങുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

## സ്റ്റാഫ് നേഴ്സിന്റെ മരണം

189 **ശ്രീ . എൻ . ഷംസുദീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി കോട്ടത്തറ ഗവ:ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ദേശീയ ആരോഗ്യ ദൗത്യത്തിനു കീഴിൽ സ്റ്റാഫ് നേഴ്സായി ജോലി ചെയ്തിരുന്ന രമ്യ

ജോലിക്കിടെ കോവിഡ് പോസിറ്റീവായി കുഴഞ്ഞുവീണ് മരിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡ്യൂട്ടിക്കിടയിൽ മരണപ്പെട്ട നേഴ്സ് രമ്യയുടെ ആശ്രിതർക്ക് ആരോഗ്യവകുപ്പിന്റെ ഭാഗത്തുനിന്നും സഹായം ലഭ്യമാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

## പട്ടാമ്പി താലൂക്ക് ആശുപത്രി വികസനം

190 **ശ്രീ . മുഹമ്മദ് മുഹസിൻ പി . :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാന ബജറ്റിൽ തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(സി) ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

## ആരോഗ്യകേന്ദ്രങ്ങളിലെ അംഗീകൃത സ്റ്റാഫ് പാറ്റേൺ

191 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലെ പി.എച്ച്.സി./സി.എച്ച്.സി./ എഫ്.എച്ച്.സി.കളിൽ നിലവിലുള്ള അംഗീകൃത സ്റ്റാഫ് പാറ്റേൺ ആരോഗ്യ കേന്ദ്രങ്ങൾ തിരിച്ച് ലഭ്യമാക്കുമോ;

(ബി) അനുവദനീയ അംഗബലത്തിനും താഴെ മെഡിക്കൽ ഓഫീസർമാർ ഉള്ള ആരോഗ്യകേന്ദ്രങ്ങൾ ഉണ്ടോയെന്നും ഉണ്ടെങ്കിൽ അവ ഏതൊക്കെയാണെന്നും അറിയിക്കുമോ?

## ഒർക്കാട്ടേരി സി.എച്ച്.സി. യിലെ സ്റ്റാഫ് പാറ്റേൺ വർദ്ധിപ്പിക്കുന്നതിന് നടപടി

192 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒർക്കാട്ടേരി പി.എച്ച്.സി.യെ സി.എച്ച്.സി. ആയി ഉയർത്തിയിട്ടുണ്ടെങ്കിലും ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ ഇപ്പോഴും പഴയതു തന്നെയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിക്കായി അനുവദിക്കപ്പെട്ടിട്ടുള്ള സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ വർദ്ധിപ്പിച്ച് ഐ.പി. ചികിത്സ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## വിളയൂർ പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി

193 **ശ്രീ . മുഹമ്മദ് മുഹസിൻ പി . :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും

വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളയൂർ പഞ്ചായത്തിൽ ഒരു ഹോമിയോ ഡിസ്പെൻസറി ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വിളയൂർ പഞ്ചായത്ത് സമർപ്പിച്ചിട്ടുള്ള നിവേദനങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഈ ആവശ്യം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**കായംകുളം താലൂക്കാശുപത്രിയുടെ വികസനം**

194 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്കാശുപത്രിയുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി കിഫ്ബി വഴി അംഗീകാരം ലഭിച്ച പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) ഈ പദ്ധതിയിൽ ഏതെല്ലാം പ്രവൃത്തികളാണ് ഉൾപ്പെട്ടിട്ടുള്ളത് എന്നും, പഴയ കെട്ടിടങ്ങൾ പൊളിച്ച് മാറ്റുന്നതിന് (കെ.എച്ച്.ആർ. ഡബ്ല്യൂ. എസ്. പേ വാർഡ് ഉൾപ്പെടെ) സ്വീകരിച്ചിട്ടുള്ള നടപടികളുടെ പുരോഗതി എന്തെന്നും വിശദമാക്കാമോ?

**മാവേലിക്കര ജില്ലാ ആശുപത്രിയിലെ കിഫ്ബി പദ്ധതി**

195 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

**പേരാമ്പ്ര താലൂക്ക് ആശുപത്രി വികസനം**

196 **ശ്രീ. റ്റി.പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആശുപത്രിയായി ഉയർത്തിയ പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ ഏതൊക്കെ വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) മെഡിക്കൽ, പാരാമെഡിക്കൽ വിഭാഗങ്ങളിലായി പ്രസ്തുത ആശുപത്രിയിൽ എത്ര ജീവനക്കാരുണ്ട് എന്നും ഇത് താലൂക്ക് ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചാണോ എന്നും വ്യക്തമാക്കുമോ;

(സി) ആശുപത്രി വികസനവുമായി ബന്ധപ്പെട്ട് ഇവിടെ എന്തൊക്കെ കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) പേരാമ്പ്ര താലൂക്ക് ആശുപത്രിയുടെ വികസനത്തിന് കിഫ്ബി മുഖേന ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയാണെന്ന് വിശദമാക്കുമോ;

(ഇ) ആശുപത്രിയുടെ വികസനം നടപ്പാക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയെയാണെന്നും പ്രസ്തുത ഏജൻസി ഇതുവരെയായി എന്തൊക്കെ കാര്യങ്ങൾ ചെയ്തുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(എഫ്) ആശുപത്രി വികസനം നടപ്പാക്കുന്നതിന് പ്രസ്തുത ഏജൻസിക്ക് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ?

**മുക്കം സി.എച്ച്.സി. മാതൃകാ ആശുപത്രിയാക്കുന്നതിനുള്ള നടപടി**

197 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും കൂടുതൽ തസ്തികകൾ സൃഷ്ടിച്ചും മുക്കം സി.എച്ച്.സി. മാതൃകാ ആശുപത്രിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) ഇതിനായി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**കുട്ടനാട്ടിലെ പ്രാഥമിക സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ**

198 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജക മണ്ഡലത്തിലെ പ്രാഥമിക സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് എന്തൊക്കെ അടിയന്തര നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ;

(ബി) കുട്ടനാട്ടിലെ ആരോഗ്യ കേന്ദ്രങ്ങളിൽ മതിയായ ജീവനക്കാരും മരുന്നും ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പൊതു ആരോഗ്യ കേന്ദ്രങ്ങളോടനുബന്ധിച്ച് ജീവനക്കാർക്ക് നല്ല ക്വാർട്ടേഴ്സ് സൗകര്യം ലഭ്യമാക്കിയാൽ കുട്ടനാട് പോലെയുള്ള പ്രദേശങ്ങളിൽ ജീവനക്കാർക്ക് ജോലിക്കെത്താൻ സൗകര്യമായിരിക്കും എന്നതിനാൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**വടകര ആശുപത്രിയിലെ ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത**

199 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര ഗവൺമെന്റ് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തിയിട്ടുണ്ടെങ്കിലും ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത മൂലം ആശുപത്രി വീർപ്പുമുട്ടുകയാണെന്നുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിക്കായി പുതുതായി പണികഴിപ്പിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; ഇത് എപ്പോൾ പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) ആശുപത്രിയിലെത്തുന്ന അവശരായ രോഗികൾക്കായുള്ള ലിഫ്റ്റ് സൗകര്യം, അപകടങ്ങളിൽപെട്ട് എത്തുന്നവർക്കായുള്ള മെച്ചപ്പെട്ട അടിയന്തര ചികിത്സാ സൗകര്യം , സിസേറിയൻ ഉൾപ്പെടെയുള്ള പ്രസവചികിത്സാ സൗകര്യങ്ങൾ തുടങ്ങിയവ സജ്ജീകരിച്ച് പ്രസ്തുത ആശുപത്രിയെ രാജ്യാന്തര നിലവാരമുള്ള ആശുപത്രിയായി ഉയർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## മുല്ലശ്ശേരി കമ്മ്യൂണിറ്റിഹെൽത്ത് സെന്റർ

200 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് ആധുനിക രീതിയിലുള്ള ഒരു ആംബുലൻസ് വാങ്ങാൻ എം.എൽ.എ. ഫണ്ടിൽ നിന്ന് തുക അനുവദിച്ച നടപടിക്ക് ഭരണാനുമതി എന്നാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആംബുലൻസ് ഈ കോവിഡ്-19 കാലഘട്ടത്തിൽ ലഭ്യമാക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കാമോ;

(സി) മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് അടിയന്തരമായി ആംബുലൻസ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

## ആരോഗ്യ മേഖലയിൽ നടത്തുന്ന മാതൃകാ പ്രവർത്തനങ്ങൾ

201 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയിൽ സർക്കാർ നടത്തുന്ന മാതൃകാ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി ദേശീയ ആരോഗ്യ സൂചികയിൽ നമ്മുടെ സംസ്ഥാനത്തിന് 22 മാനദണ്ഡങ്ങളിലും ഒന്നാമതെത്തുന്നതിന് സാധ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) മികവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് എത്ര സർക്കാർ ആശുപത്രികൾക്കാണ് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്-ന്റെ അംഗീകാരം നിലവിൽ ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് രോഗികൾക്ക് മികച്ച ചികിത്സ ലഭ്യമാക്കുന്നതിന് നൂതന പദ്ധതികൾ ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ?

## ആരോഗ്യ വകുപ്പിനു കീഴിൽ സൃഷ്ടിക്കുന്നതിന് പരിഗണിക്കുന്ന 1200 പുതിയ തസ്തികകൾ

202 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാവ്യാധിയുടെ സാഹചര്യത്തിൽ രോഗപ്രതിരോധത്തിലൂന്നിയ പൊതുജനാരോഗ്യ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി, നിലവിൽ ആരോഗ്യ വകുപ്പിനു കീഴിൽ സൃഷ്ടിക്കുന്നതിന് പരിഗണിക്കുന്ന 1200 പുതിയ തസ്തികകളിൽ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയുടെ ആവശ്യമായ പോസ്റ്റുകളും കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

## മലപ്പുറം ജില്ലയ്ക്ക് ജനസംഖ്യാനുപാതികമായി വാക്സിൻ

203 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും

വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ മരണപ്പെട്ട കോവിഡ് രോഗികളുടെ സ്രവം പരിശോധിക്കുന്നതിന് നിലവിൽ മഞ്ചേരി മെഡിക്കൽ കോളേജിൽ മാത്രമേ സൗകര്യമുള്ളൂ എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) മരണപ്പെട്ട കോവിഡ് രോഗികളുടെ സ്രവം തിരൂർ ജില്ലാ ആശുപത്രിയിൽ പരിശോധിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് കോവിഡ് വാക്സിൻ ഡോസുകൾ ജില്ലകൾക്ക് വിതരണം ചെയ്യുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ഓരോ ജില്ലയ്ക്കും ഇതുവരെ എത്ര ഡോസുകൾ വീതം നൽകി എന്നറിയിക്കുമോ;

(ഇ) മലപ്പുറം ജില്ലയ്ക്ക് ജനസംഖ്യാനുപാതികമായി വാക്സിൻ ലഭിച്ചിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) മലപ്പുറം ജില്ലയ്ക്ക് കൂടുതൽ വാക്സിൻ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

## <u>ബ്ലാക്ക് ഫംഗസ് രോഗ ബാധ</u>

204 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നാളിതുവരെ ബ്ലാക്ക് ഫംഗസ് രോഗ ബാധ സ്ഥിരീകരിച്ച രോഗികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) മറ്റു ചില സംസ്ഥാനങ്ങളിൽ ഈ രോഗത്തെ ഒരു പകർച്ചവ്യാധിയായി പ്രഖ്യാപിച്ചിട്ടുള്ളതായ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ;

(സി) ബ്ലാക്ക് ഫംഗസ് രോഗചികിത്സയ്ക്കായി ഉപയോഗിക്കുന്ന ചില മരുന്നുകൾക്ക് സംസ്ഥാനത്ത് ദൗർലഭ്യം നേരിടുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് ബ്ലാക്ക് ഫംഗസ് രോഗബാധ വർദ്ധിച്ചുവരുന്ന സാഹചര്യം പരിഗണിച്ച് ഇതിന്റെ ചികിത്സയ്ക്കായി ഒരു പ്രോട്ടോക്കോൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ?

## <u>ആരോഗ്യപ്രവർത്തകർക്ക് മതിയായ പരിഗണന നല്കുന്നതിനുള്ള നടപടി</u>

205 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്, നിപ്പ തുടങ്ങിയ മഹാമാരികളെ നിശ്ചയ ദാർഢ്യത്തോടെ നേരിട്ട് ലോകത്തിന് മാതൃകയായ കേരളത്തിലെ ആരോഗ്യപ്രവർത്തകർക്ക് മതിയായ പരിഗണന നല്കുന്നതിനും കൂടുതൽ ജീവനക്കാരെ നിയമിച്ച് അവരുടെ ജോലിഭാരം കുറയ്ക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) മികച്ച ആരോഗ്യപ്രവർത്തകർക്ക് കൂടുതൽ പ്രോത്സാഹനം എന്ന നിലയിൽ ഗുഡ് സർവ്വീസ് സർട്ടിഫിക്കറ്റ്, പ്രത്യേക ഇൻക്രിമെന്റ്, പാരിതോഷികങ്ങൾ മുതലായവ നല്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കാസർകോട് സർക്കാർ മെഡിക്കൽ കോളേജ്

206 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് സർക്കാർ മെഡിക്കൽ കോളേജിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ഏത് ഏജൻസി ആണെന്ന് വ്യക്തമാക്കാമോ;

(ബി) കാസർകോട് മെഡിക്കൽ കോളേജിന്റെ ആശുപത്രി കെട്ടിടനിർമ്മാണത്തിനും അനുബന്ധ കെട്ടിടങ്ങളുടെ നിർമ്മാണത്തിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയുടേതാണ പദ്ധതിയെന്നും ആയതിന് ഭരണാനുമതി നൽകിയിരുന്നുവോ എന്നും വ്യക്തമാക്കാമോ; വിശദാംശം നൽകാമോ;

(സി) സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ സർക്കാരിലേക്ക് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഈ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) കിഫ്ബി പദ്ധതിക്ക് എപ്പോൾ അംഗീകാരം നൽകുമെന്ന് അറിയിക്കുമോ; മെഡിക്കൽ കോളേജിന്റെ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഇ) കാസർകോട് വികസന പാക്കേജിൽ നിന്നും ഹോസ്റ്റൽ/ക്വാർട്ടേഴ്സ് കെട്ടിടത്തിനായി ഭരണാനുമതി ലഭിച്ച 29 കോടി രൂപയുടെ പ്രവൃത്തിക്ക് ആരോഗ്യവകുപ്പിൽ നിന്ന് സാങ്കേതിക അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് എപ്പോൾ ലഭ്യമാകും എന്ന് വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത മെഡിക്കൽ കോളേജിനായി എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും അവയിൽ നിയമനം പൂർത്തിയായത് എത്രയാണെന്നും വ്യക്തമാക്കാമോ?

## വയനാട് മെഡിക്കൽ കോളേജ്

207 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് മെഡിക്കൽ കോളേജിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജിലെ ഏതെല്ലാം തസ്തികകളിലേക്കാണ് നിയമനം നടന്നതെന്ന് അറിയിക്കാമോ ?

## കോഴിക്കോട് മെഡിക്കൽ കോളേജ് വികസനം

208 **ശ്രീ. റ്റി.പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലഘട്ടത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ എന്തെല്ലാം പുതിയ സംവിധാനങ്ങളാണ് നടപ്പാക്കിയത് എന്ന് വിശദമാക്കുമോ;

(ബി) അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തൊക്കെ കാര്യങ്ങളാണ് ഇവിടെ നടപ്പാക്കിക്കൊണ്ടിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) പുതിയ കാഷ്വാലിറ്റി ബ്ലോക്കിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(ഡി) പ്രസ്തുത കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി എപ്പോൾ തുറന്നുകൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**<u>ആദിവാസി കോളനികളിലെ കോവിഡ് വ്യാപനം തടയുന്നതിനുള്ള നടപടി</u>**

209 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആദിവാസി മേഖലകളിലും ആദിവാസി കോളനികളിലും കോവിഡ് -19 പടർന്ന് പിടിക്കുന്നത് തടയുന്നതിനും കോവിഡ് ബാധിക്കുന്ന ആദിവാസികൾക്ക് ആവശ്യമായ അടിയന്തര ചികിത്സ നൽകുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കോവിഡ് ബാധിച്ച് ഇതുവരെ കേരളത്തിൽ എത്ര ആദിവാസികൾ മരണപ്പെട്ടു എന്ന് അറിയിക്കുമോ;

(സി) കോവിഡ് ബാധിച്ച് മരണപ്പെടുന്ന ആദിവാസികളുടെ കുടുംബത്തിന് ധനസഹായം അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ആദിവാസികൾക്ക് കോവിഡ് വാക്സിനേഷന് മുൻഗണന നല്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

**<u>കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ്</u>**

210 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബിയിൽ ഉൾപ്പെടുത്തി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) കിഫ്ബിയിൽ നിന്നും ധനകാര്യ അനുമതി ലഭിച്ച പ്രോജക്ടുകൾ ഏതൊക്കെയാണ്; പ്രസ്തുത പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദമാക്കാമോ;

(സി) സർക്കാർ ഏറ്റെടുത്ത ശേഷം ബജറ്റിൽ ഉൾപ്പെടുത്തി എത്ര രൂപയുടെ ഏതൊക്കെ പദ്ധതികളാണ് പ്രസ്തുത മെഡിക്കൽ കോളേജിൽ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) ഈ മെഡിക്കൽ കോളേജിൽ ഇതുവരെയായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

**<u>കോവിഡ് മുന്നണിപ്പോരാളികൾക്ക് സംരക്ഷണം</u>**

211 **ശ്രീ സി ആർ മഹേഷ്**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ പി സി വിഷ്ണുനാഥ്**
**ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ മുന്നണിപ്പോരാളികളായ ഡോക്ടർമാർക്കും നഴ്സുമാർക്കും സുരക്ഷ ഉറപ്പു വരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ബി) ഇവർക്ക് പ്രത്യേക അലവൻസ് അടക്കമുള്ള ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ കൂടുതൽ ആരോഗ്യപ്രവർത്തകരെ ആവശ്യമുള്ള സാഹചര്യത്തിൽ എൻ.എച്ച്.എം. വഴി താല്ക്കാലികമായി നിയമിക്കപ്പെട്ട ആരോഗ്യപ്രവർത്തകർ ജോലി ഉപേക്ഷിച്ച പോകുന്ന സാഹചര്യം തടയാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

## ആലത്തൂർ താലൂക്ക് ആശുപത്രി

212 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്ക് ആശുപത്രിയിൽ അനുവദനീയമായ ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം തസ്തികകൾ നിലവിൽ ഒഴിഞ്ഞുകിടക്കുന്നുവെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ആശുപത്രിയിലെ ജീവനക്കാരിൽ നിന്നും മറ്റ് മേഖലകളിലേയ്ക്ക് മാറ്റി നിയമിച്ചിട്ടുള്ള ജീവനക്കാരുടെ കണക്ക് ലഭ്യമാക്കാമോ?

## ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റ്

213 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയുടെ 01.11.2007 തീയതി മുതലുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിലേക്കുള്ള പ്രൊമോഷൻ യഥാസമയം നടത്തുന്നതിനും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിലെ നിയമനം മുടങ്ങാതെ നടത്തുന്നതിനുമായി പ്രസ്തുത സീനിയോറിറ്റി ലിസ്റ്റ് താമസംവിനാ പ്രസിദ്ധീകരിക്കുമോ?

## സ്റ്റാഫ് നഴ്സ് ഗ്രേഡ് II പി.എസ്.സി റാങ്ക് ലിസ്റ്റ്

214 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 16.07.2018-ന് നിലവിൽ വന്ന സ്റ്റാഫ് നഴ്സ് ഗ്രേഡ് II പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര നിയമനങ്ങൾ നടന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഇനിയും എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ആരോഗ്യ വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക

215 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകാരോഗ്യ സംഘടനയുടെ മാർഗനിർദേശ പ്രകാരം രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ ആരോഗ്യ വകുപ്പിന് കീഴിൽ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2018-ൽ ആർദ്രം പദ്ധതിക്ക് കീഴിൽ 547 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പ്രൊപ്പോസലിനൊപ്പം പരിഗണിച്ച ചില കേഡറുകളിൽ മാത്രം തസ്തികകൾ സൃഷ്ടിച്ചപ്പോൾ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയുടെ പോസ്റ്റുകളൊന്നും സൃഷ്ടിച്ചില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എന്ത് കൊണ്ടാണ് ടി തസ്തിക ഒഴിവാക്കിയത് എന്ന് അറിയിക്കുമോ?

## മഞ്ചേശ്വരം താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം

216 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്ക് ആശുപത്രിയിൽ, ഒരു താലൂക്ക് ആശുപത്രിയ്ക്ക് വേണ്ടുന്ന സ്റ്റാഫ് തസ്തികകൾ സൃഷ്ടിക്കാത്തതിനാൽ ജനങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങൾ സർക്കാരിന്റ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത താലൂക്ക് ആശുപത്രിയിൽ സ്പെഷ്യാലിറ്റി ഡോക്ടർമാരുടേയും നഴ്സ് മാരുടേയും മറ്റ് ഉദ്യോഗസ്ഥരുടേയും തസ്തികകൾ സൃഷ്ടിച്ച് നിയമനം ത്വരിതപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ;

(സി) മഞ്ചേശ്വരം താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി കിഫ്ബിയിൽ നിന്നും അനുവദിച്ച പ്രവൃത്തിയുടെ പൂർത്തികരണത്തിന് വേഗത്തിൽ നടപടി സ്വീകരിക്കുമോ?

## ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ്

217 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് അവസാനിച്ചിട്ട് ഒന്നര വർഷത്തോളമായി എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടി തസ്തികയിലേക്ക് 12.01.2021 തീയതിയിൽ പി.എസ്.സി. നടത്തിയ പരീക്ഷയുടെ റാങ്ക് ലിസ്റ്റ് ഉടനെ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## മഞ്ചേശ്വരം താലൂക്ക് ആശുപത്രിയിലെ ജീവനക്കാരുടെ നിയമനം

218 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് 19 -ന്റെ പശ്ചാത്തലത്തിൽ ലോക്ഡൗൺ കാരണം മഞ്ചേശ്വരം മണ്ഡലത്തിലെ രോഗികളായ ജനങ്ങൾക്ക് വിദഗ്ധ ചികിത്സക്കായി മംഗലാപുരത്തേക്ക് പോകുന്നതിന് തടസ്സമുണ്ടായ സംഭവങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സാഹചര്യത്തിൽ രോഗികൾക്ക്മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് വേണ്ടി മഞ്ചേശ്വരം താലൂക്ക് ആശുപത്രിയിൽ വിദഗ്ധ ഡോക്ടർമാരേയും നഴ്സ് തുടങ്ങിയ സ്റ്റാഫുകളേയും നിയമിക്കുന്നതിന് നടപടി ഉണ്ടാകുമോ ?

## എന്റോസൾഫാൻ ദുരിത ബാധിതർ

219 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്റോസൾഫാൻ ദുരിത ബാധിതരുടെ ശാരീരികവും മാനസികവുമായ ഉന്നമനം ലക്ഷ്യമിട്ട് ആവിഷ്കരിച്ച റീഹാബിലിറ്റേഷൻ വില്ലേജിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) എന്റോസൾഫാൻ ദുരിത ബാധിതർക്കായി കേന്ദ്ര സർക്കാർ കഴിഞ്ഞ 5 വർഷങ്ങളിലായി എത്ര കോടി രൂപയുടെ സഹായ പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## ക്യാൻസർ രോഗികൾക്ക് വിദഗ്ദ്ധ ചികിൽസ

220 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ക്യാൻസർ രോഗികൾ ഉള്ള ജില്ല ഏതാണെന്നും, ഓരോ ജില്ലയിലെയും രോഗികളുടെ എണ്ണം എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) മലപ്പുറം ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ക്യാൻസർ രോഗികൾക്ക് വിദഗ്ദ്ധ ചികിൽസയ്ക്ക് വേണ്ടത്ര സൗകര്യങ്ങളില്ലാത്ത കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) തിരൂരിലെ ജില്ലാ ആശുപത്രിയിൽ ക്യാൻസർ രോഗികളുടെ ചികിൽസയ്ക്കായി പണിതു വരുന്ന കെട്ടിടം പ്രവർത്തി പൂർത്തീകരിച്ച് എപ്പോൾ പ്രവർത്തനം ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ആശുപത്രിയിൽ ക്യാൻസർ ചികിൽസയ്ക്കായി എല്ലാ ആധുനിക സൗകര്യങ്ങൾ ഒരുക്കുന്നതിനും, ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുമുള്ള നടപടികൾ ഉടനെ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ ?

## മാവൂർ തെങ്ങിലക്കടവിൽ കാൻസർ ചികിത്സാ കേന്ദ്രം

221 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ തെങ്ങിലക്കടവിൽ കാൻസർ ചികിത്സാ കേന്ദ്രം ആരംഭിക്കുന്നതിന് 2010-ൽ സർക്കാരിലേക്ക് സൗജന്യമായി വിട്ടുകിട്ടിയ ആറര ഏക്കർ സ്ഥലവും ബഹുനില കെട്ടിടവും ഉപയോഗപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

## കോവിഡ് വാക്സിൻ വിതരണവും ബ്ലാക്ക് ഫംഗസ് രോഗം തടയാനുള്ള മുൻകരുതലും

222 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വാക്സിൻ വാങ്ങുന്നതിനായി ഏതെങ്കിലും മരുന്ന് കമ്പനികളുമായി സർക്കാർ കരാർ ഒപ്പുവെച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് കോവിഡ് വാക്സിൻ സൗജന്യമായി നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) കോവിഡ് വാക്സിനുകൾ ലഭിക്കുന്നതിന് ക്ഷാമം നേരിടുന്നുണ്ടോ; ഇതുവരെ കേരളത്തിൽ എത്ര പേർക്ക് സർക്കാർ ചെലവിൽ കോവിഡ് വാക്സിനേഷൻ നൽകിയെന്ന് വ്യക്തമാക്കാമോ;

(ഡി) കേരളത്തിൽ ബ്ലാക്ക് ഫംഗസ് രോഗം പടർന്നു പിടിക്കുന്നത് തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഇ) ബ്ലാക്ക് ഫംഗസ് രോഗ ചികിത്സയ്ക്ക് വേണ്ടിയുള്ള മരുന്നിന് കേരളത്തിൽ ക്ഷാമം നേരിടുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## കൊവിഡ് വാക്സിൻ സംബന്ധിച്ച്

223 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒന്നും രണ്ടും ഡോസ് കൊവിഡ് വാക്സിൻ സ്വീകരിച്ചവരുടെ എണ്ണം ജില്ലതിരിച്ച് ലഭ്യമാക്കുമോ; അവരിൽ എത്രപേർ കോവിഡ് ബാധിച്ചു മരണപ്പെട്ടു എന്നുള്ള ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ബി) നിലവിൽ വാക്സിൻ രജിസ്ട്രേഷനുള്ള മാനദണ്ഡങ്ങൾ ലഘൂകരിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നും cowin രജിസ്ട്രേഷൻ സൈറ്റ് പലപ്പോഴും ലഭിക്കുന്നില്ലെന്ന കാര്യം പരിശോധിക്കുമോ ;

(സി) 45 വയസ്സിനു മുകളിലുള്ള എത്രപേർ വാക്സിൻ ലഭിക്കുവാൻ വേണ്ടി സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; അപ്രകാരം സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ട് വാക്സിനേഷൻ കേന്ദ്രം ലഭ്യമാകാത്ത എത്രപേർ ഉണ്ട് എന്നുള്ള ജില്ലാ തിരിച്ചുള്ള കണക്കു ലഭ്യമാക്കുമോ?

## കോവിഡ് ചികിത്സ

224 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ കോവിഡ് ചികിത്സയ്ക്ക് അനുവദിച്ചതും ഏർപ്പെടുത്തിയതുമായ സൗകര്യങ്ങൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ?

## കോവിഡ് വക്സിനേഷൻ

225 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് വാക്സിന് അനുഭവപ്പെടുന്ന ദൗർലഭ്യം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചതായി വിലയിരുത്തുന്നുണ്ടോ;

(ബി) കോവാക്സിൻ ഒന്നാം ഡോസെടുത്തവർക്ക് രണ്ടാം ഡോസ് എടുക്കേണ്ട സമയം അതിക്രമിച്ചിട്ടും അതിന്റെ ദൗർലഭ്യം കാരണം വാക്സിനെടുക്കുവാൻ സാധിക്കാത്ത സാഹചര്യം സംസ്ഥാനത്തുണ്ടോ;

(സി) കോവീഷീൽഡും കോവാക്സിനും രണ്ട് ഡോസെടുത്തവർക്കും കോവിഡ് ബാധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വാക്സിനെടുത്തവർക്ക് എത്ര ശതമാനം സംരക്ഷണം ലഭിക്കുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്;

(ഡി) 45 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് ഒന്നാം ഡോസ് വാക്സിൻ നൽകുവാനും ഒന്നാം ഡോസ് വാക്സിൻ എടുത്തവർക്ക് രണ്ടാം ഡോസ് സമയബന്ധിതമായി ലഭ്യമാക്കുമെന്ന് ഉറപ്പ് വരുത്തുവാനും ആവശ്യമായ ഇടപെടലുകൾ നടത്തുമോ?

## വയനാട് ജില്ലയിലെ കോവിഡ് പ്രതിരോധ പ്രവർത്തനം

226 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി വയനാട് ജില്ലയിലെ വിവിധ ആശുപത്രികളിൽ ഒരുക്കിയിട്ടുള്ള സജ്ജീകരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) വയനാട് ജില്ലയിലെ എതെല്ലാം ആശുപത്രികളിൽ ആണ് ഓക്സിജൻ പ്ലാന്റ് സ്ഥാപിച്ചിട്ടുള്ളതെന്നും അതിലേക്കായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) നിലവിൽ പ്രതിദിനം എത്ര അളവ് ഓക്സിജൻ വയനാട് ജില്ലയിൽ ഉത്പാദിപ്പിക്കാൻ കഴിയുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

## പൾസ് ഓക്സി മീറ്ററുകളുടെ ക്ഷാമം

227 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൾസ് ഓക്സി മീറ്ററുകൾക്ക് സംസ്ഥാനത്ത് ക്ഷാമം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനും പൾസ് ഓക്സീമീറ്ററിന് അമിത വില ഈടാക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നതിനും എന്തെല്ലാം ഇടപെടലുകളാണ് ഇതിനകം നടത്തിയതെന്നും വ്യക്തമാക്കുമോ;

(ബി) പൾസ് ഓക്സിമീറ്റർ സംസ്ഥാനത്ത് തന്നെ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; അതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

## കോവിഡ് വാക്സിൻ

228 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രം ആവശ്യത്തിന് കോവിഡ് വാക്സിൻ ലഭ്യമാക്കാത്ത സാഹചര്യത്തിൽ കേരളം സ്വന്തം നിലയിൽ ആഗോള ടെണ്ടർ വിളിച്ച് വാക്സിൻ വാങ്ങാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ അതിന്റെ തുടർനടപടികൾ വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി എപ്പോൾ വാക്സിൻ ലഭ്യമാക്കാൻ കഴിയുമെന്നറിയിക്കാമോ?

**<u>രണ്ടാം ഡോസ് കോവിഡ്-19 വാക്സിൻ ലഭ്യമാകാത്തവർ</u>**

229 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 45 വയസ്സിനു മുകളിലുള്ളവരിൽ എത്ര പേർ കോവിഡ് വാക്സിൻ ആദ്യ ഡോസ് സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ;

(ബി) ആദ്യ ഡോസ് സ്വീകരിച്ചവരിൽ കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരമുള്ള നിശ്ചിത ദിവസങ്ങൾക്കുള്ളിൽ രണ്ടാം ഡോസ് വാക്സിൻ ലഭ്യമാകാത്ത എത്രപേരുണ്ട് എന്ന വിവരം ലഭ്യമാക്കുമോ?

**<u>കോവിഡ് പ്രതിരോധ പ്രവർത്തനം</u>**

230 **ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. എ . പി . അനിൽ കുമാർ**
**ശ്രീ . സണ്ണി ജോസഫ്**
**ശ്രീ. പി. ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ താഴെത്തട്ടിലെ മുന്നണിപോരാളികളായി പ്രവർത്തിക്കുന്ന ആശാ വർക്കർമാർ അടക്കമുള്ളവരുടെ സുരക്ഷ ഉറപ്പു വരുത്താൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ആശാ വർക്കർമാരുടെ കഴിഞ്ഞ മൂന്ന് മാസത്തെ ഹോണറേറിയം മുടങ്ങിയിട്ടുണ്ടോ;

(സി) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ മുന്നണിപോരാളികളായി പ്രവർത്തിക്കുന്ന ആശാ വർക്കർമാർ അടക്കമുള്ളവർക്ക് ഹോണറേറിയത്തിനു പുറമെ റിസ്ക് അലവൻസ് നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

**<u>കോവിഡ് വാക്സിൻ ഫലപ്രാപ്തി പഠനം</u>**

231 **ശ്രീ . സണ്ണി ജോസഫ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ കോവിഡ് വാക്സിനുകളാണ് സർക്കാർ ജനങ്ങൾക്ക് നൽകുന്നത്; ഓരോ വാക്സിനും എത്രത്തോളം ഫലപ്രദമാണെന്ന പഠനം സർക്കാർ തലത്തിൽ നടത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഒന്നാം ഡോസും രണ്ടാം ഡോസും വാക്സിനുകൾ സ്വീകരിച്ച വ്യക്തികൾ പാലിക്കേണ്ട മാർഗരേഖ പുറത്തിറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ

നൽകാമോ;

(സി) രണ്ട് ഡോസ് കോവിഡ് വാക്സിൻ സ്വീകരിച്ച വ്യക്തികൾക്ക് രോഗം വരാനുള്ള സാധ്യതയുണ്ടെന്നിരിക്കെ ഇവർക്ക് സംസ്ഥാന സർക്കാർ പ്രത്യേക ഇളവുകൾ നൽകുന്നതിന്റെ അടിസ്ഥാനം വ്യക്തമാക്കാമോ?

**<u>നെയ്യാറ്റിൻകര ആശുപത്രിക്ക് ലഭിച്ച മെഡിക്കൽ ഉപകരണങ്ങൾ</u>**

232 **ശ്രീ കെ ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിക്ക് കോവിഡുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പിൽ നിന്നും ഏതൊക്കെ ഉപകരണങ്ങൾ ആണ് നൽകിയത് എന്ന് വിശദമാക്കാമോ;

(ബി) ഏതെങ്കിലും ഉപകരണങ്ങൾ ഇനി നൽകാൻ ഉണ്ടോ എന്നും വ്യക്തമാക്കുമോ?

**<u>കോവിഡ് വ്യാപന കാലത്തെ ചൂഷണം തടയാൻ സ്വീകരിച്ച നടപടികൾ</u>**

233 **ശ്രീ . സണ്ണി ജോസഫ്**
**ശ്രീ. പി. ടി. തോമസ്**
**ശ്രീ സി ആർ മഹേഷ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനം കൂടിവരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ഓക്സിജൻ സൗകര്യം ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ സി.എഫ്.എൽ.ടി.സി.കളിൽ ഓക്സിജൻ സൗകര്യം ലഭ്യമാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്തെ ചില സ്വകാര്യ ആശുപത്രികൾ കോവിഡ് രോഗികളിൽ നിന്നും അമിതമായ ചികിത്സാ തുക ഈടാക്കുന്ന എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) സർക്കാർ സ്വീകരിച്ച നടപടികൾ പാലിക്കാത്ത ആശുപത്രികൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) സംസ്ഥാനത്തെ മെഡിക്കൽ സ്റ്റോറുകളിലും മറ്റും മാസ്ക് തുടങ്ങിയ കോവിഡ് പ്രതിരോധ സാമഗ്രികൾക്ക് അമിത വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു തടയുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

**<u>കോവിഡ് വൈറസിന്റെ വകഭേദങ്ങൾ</u>**

234 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കോവിഡ് വൈറസിന്റെ ഏതൊക്കെ വകഭേദങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകാമോ;

(ബി) സംസ്ഥാനത്ത് കോവിഡിന്റെ കൂടുതൽ രൂക്ഷമായ മൂന്നാം തരംഗത്തിന് സാധ്യത സർക്കാർ മുന്നിൽ കാണുന്നുണ്ടോ; ഉണ്ടെങ്കിൽ അത് നേരിടാൻ എന്തൊക്കെ മുന്നൊരുക്കങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(സി) കോവിഡിന്റെ രണ്ടാം തരംഗത്തിന്റെ ഉച്ചസ്ഥായി പിന്നിട്ടതായി സർക്കാർ കരുതുന്നുണ്ടോ;

(ഡി) ഇനിയുള്ള ദിവസങ്ങളിൽ മരണ നിരക്ക് കൂടാനുള്ള സാധ്യത കാണുന്നുണ്ടോ; ഉണ്ടെങ്കിൽ ഇത് നേരിടാൻ എന്തൊക്കെ പ്രത്യേക നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## കോവിഡ് വാക്സിൻ കുത്തിവെപ്പ് കേന്ദ്രങ്ങൾ

235 **ശ്രീ . ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പേർക്ക് ഇതിനകം കോവിഡ് വാക്സിനുകൾ നൽകിയെന്നും ഇവ ജനസംഖ്യാനുപാതികമായി എത്ര ശതമാനം വരുമെന്നും ജില്ലകൾ തിരിച്ച് വ്യക്തമാക്കുമോ;

(ബി) മലപ്പുറം ജില്ലയിൽ കോവിഡ് പോസിറ്റിവിറ്റി നിരക്കുകൾ കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ജില്ലയിൽ കൂടുതൽ വാക്സിനുകളും കുത്തിവെപ്പ് കേന്ദ്രങ്ങളും അനുവദിക്കുമോ?

## കോവിഡ് മൂലം ജീവഹാനി

236 **ശ്രീ .പി. കെ. ബഷീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത്കോവിഡ്-19 മഹാമാരിയെ തുടർന്ന് നാളിതുവരെ എത്ര പേർക്ക് ജീവഹാനി സംഭവിച്ചതെന്ന് അറിയിക്കുമോ;

(ബി) കോവിഡ് രണ്ടാം തരംഗത്തിൽ ചെറുപ്പക്കാർ കൂടുതലായി മരണപ്പെടുന്നു എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും എങ്കിൽ ആയതിന്റെ കാരണം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ എന്നും വെളിപ്പെടുത്തുമോ;

(സി) മൂന്നാം തരംഗം ഉണ്ടായാൽ കുട്ടികളെയാണ് മാരകമായി ബാധിക്കുക എന്ന പഠന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്നും വെളിപ്പെടുത്തുമോ;

(ഡി) കോവിഡ് വാക്സിനുകൾ നൽകുവാൻ പാടില്ലാത്ത വിഭാഗക്കാർ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ഇ) സമയബന്ധിതമായി കുട്ടികൾക്ക് അടക്കം വാക്സിൻ നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

## കോവിഡ് - 19 സൗജന്യ വാക്സിൻ

237 **ശ്രീ. കെ.എം.സച്ചിൻദേവ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് - 19 മഹാമാരിയെ പ്രതിരോധിക്കുന്നതിനായി എല്ലാവർക്കും സൗജന്യമായി വാക്സിൻ നൽകുന്നതിനായി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ ഏതൊക്കെയാണെന്നറിയിക്കാമോ;

(ബി) വാക്സിൻ വിതരണത്തിനായി സർക്കാർ നിശ്ചയിച്ച മുൻഗണനകൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കോവിഡ് 19-നെ ചെറുക്കുന്നതിനായി സംസ്ഥാന സർക്കാർ സ്വന്തമായി വാക്സിൻ ഉൽപാദിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നടപടികൾ ഏതുവരെയായി എന്നറിയിക്കാമോ?

## കോവിഡ് വാക്സിനേഷൻ

238 **ഡോ. എം.കെ . മുനീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എഴുപതു വയസ്സു കഴിഞ്ഞതും യാത്ര ചെയ്യാൻ ശേഷി ഇല്ലാത്തതുമായ എത്ര പേർ ഇതേവരെ കോവിഡ് വാക്സിനേഷൻ എടുക്കാൻ സാധിക്കാതെ വീടുകളിൽ കഴിയുന്നു എന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) അത് സംബന്ധിച്ച് സർവ്വേ നടത്തി അവർക്കുവേണ്ടി മൊബൈൽ വാക്സിനേഷൻ സംവിധാനം ഒരുക്കുവാൻ സർക്കാർ തയ്യാറാകുമോ?

## വാക്സിൻ ക്ഷാമം

239 **ശ്രീ എൻ എ നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ഡോസും രണ്ട് ഡോസും വാക്സിൻ സ്വീകരിച്ചവരുടെ എണ്ണം എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഇതിൽ കോവിഷീൽഡും കോവാക്സിനും എത്രപേർക്ക് നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് വാക്സിൻ ക്ഷാമമുണ്ടോയെന്ന് വിശദമാക്കാമോ; പ്രസ്തുത വാക്സിൻ ക്ഷാമം എങ്ങനെ എപ്പോൾ പരിഹരിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ;

(സി) രണ്ടാം ഡോസ് വാക്സിൻ സ്വീകരിക്കേണ്ട കാലപരിധി എത്രയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കാലപരിധി നീളുന്നത് നല്ലതാണെന്ന് വിദഗ്ധാഭിപ്രായമുണ്ടോ; എങ്കിൽ പ്രസ്തുത അഭിപ്രായം ആരുടേതാണെന്ന് വ്യക്തമാക്കാമോ;

(ഡി) കേന്ദ്രത്തിൽ നിന്ന് സൗജന്യമായി എത്ര വാക്സിൻ ലഭിച്ചുവെന്നും പണം മുടക്കി എത്ര വാക്സിൻ വാങ്ങിയെന്നും അറിയിക്കാമോ;

(ഇ) സംസ്ഥാനത്ത് ഇനി എത്ര പേർക്ക് വാക്സിൻ നൽകാനുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശം നൽകാമോ?

## മലപ്പുറം ജില്ലയിലെ കോവിഡ്- 19 വാക്സിനേഷൻ കേന്ദ്രങ്ങൾ

240 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എത്ര കോവിഡ്- 19 വാക്സിനേഷൻ കേന്ദ്രങ്ങളാണ് നിലവിലുള്ളത്; ഇതുവരെ എത്രപേർക്ക് വാക്സിനേഷൻ നടത്തിയിട്ടുണ്ട്; ജനസംഖ്യയുടെ എത്ര ശതമാനം പേർക്കാണ് വാക്സിനേഷൻ നടത്തിയിട്ടുള്ളത്; നിലവിലെ ആക്ടീവ് രോഗികൾ എത്രയാണെന്ന് അറിയിക്കുമോ;

(ബി) ജനസംഖ്യ ആനുപാതികമായും വർദ്ധിച്ച ടി.പി.ആർ. നിരക്കും പരിഗണിച്ച് മലപ്പുറത്ത് കൂടുതൽ വാക്സിനേഷൻ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മങ്കട നിയോജക മണ്ഡലത്തിൽ കൂടുതൽ വാക്സിനേഷൻ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;?

## കോവിഡ് വാക്സിനേഷൻ

241 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ,കോവിഡ് വാക്സിനേഷൻ എത്ര ശതമാനം ആളുകൾക്ക് നൽകി എന്നത് സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) ഓരോ ജില്ലയ്ക്കും വാക്സിനുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വെളിപ്പെടുത്തുമോ; ജനസംഖ്യാനുപാതികമായി വാക്സിനുകൾ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം ജില്ലയിൽ താരതമ്യേന ഏറ്റവും കുറഞ്ഞ നിരക്കിലാണ് വാക്സിൻ നൽകിയിട്ടുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

## കൊറോണ വൈറസ് വകഭേദങ്ങളെ നേരിടുന്നതിനുള്ള കർമ്മപദ്ധതി

242 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് -19 രണ്ടാം തരംഗത്തിന്റെ ആരംഭത്തിൽ സംസ്ഥാനത്ത് രോഗബാധ വർദ്ധിക്കുന്നതിന് കാരണമായ വൈറസ് വകഭേദം തന്നെയാണോ നിലവിലും രോഗബാധ വർദ്ധിക്കുന്നതിന് കാരണമാകുന്നത് എന്നതു സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) വ്യത്യസ്ത വൈറസ് വകഭേദങ്ങളെ നേരിടുന്നതിന് എന്തൊക്കെ കർമ്മപദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## കോവിഡിന്റെ രണ്ടാം തരംഗം

243 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡിന്റെ രണ്ടാം തരംഗത്തിൽ മരണസംഖ്യ ക്രമാതീതമായി ഉയരുന്ന സാഹചര്യം സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; രണ്ടാം തരംഗത്തിൽ മരണ സംഖ്യ വർദ്ധിക്കുവാൻ ഉണ്ടായ സാഹചര്യങ്ങൾ എന്തൊക്കെയാണ്;

(ബി) സംസ്ഥാനത്ത് കോവിഡ് മരണസംഖ്യ കുറച്ച് കാട്ടുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനം സുരക്ഷിതമാണെന്നും, ഈ രോഗത്തെ ഭയപ്പെടേണ്ടതില്ലയെന്നുമുള്ള തെറ്റായ ഒരു ധാരണ ജനങ്ങളിൽ സൃഷ്ടിക്കുവാൻ മരണനിരക്ക് കുറച്ച് കാണിച്ചത് ഇടയാക്കിയിട്ടുണ്ടെന്ന ആരോപണം വസ്തുതയാണോ;

(ഡി) കോവിഡ് പ്രോട്ടോക്കോൾ ലഘൂകരിച്ച് വ്യാജനേട്ടം ഉണ്ടാക്കുവാൻ നടത്തുന്ന ശ്രമം കൂടുതൽ ദോഷകരമായി മാറിയതായുള്ള ആക്ഷേപത്തിന്റെ സാഹചര്യത്തിൽ യഥാർത്ഥ മരണസംഖ്യ വെളിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>കേരളത്തിലെ കോവിഡ് മരണങ്ങളുടെ കണക്ക്</u>**

244 **ശ്രീ പി സി വിഷ്ണുനാഥ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് മരണം കണക്കാക്കുന്നത് ഏത് പ്രോട്ടോക്കോളിന്റെ അടിസ്ഥാനത്തിലാണ് എന്ന് വിശദമാക്കാമോ;

(ബി) കേരളത്തിൽ അവലംബിക്കുന്ന മാനദണ്ഡങ്ങൾ അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്ക് അനുസൃതമാണോ എന്ന് വ്യക്തമാക്കാമോ;

(സി) കോവിഡ് നെഗറ്റീവ് ആയ ശേഷം പോസ്റ്റ് കോവിഡ് രോഗങ്ങളാൽ മരണമടയുന്ന വ്യക്തികളുടെ കണക്കുകൾ സർക്കാർ സൂക്ഷിക്കുന്നുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും പഠനങ്ങൾ സംസ്ഥാന സർക്കാർ നടത്തുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

**<u>മണലൂർ മണ്ഡലത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ</u>**

245 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മണലൂർ മണ്ഡലത്തിൽ 45 വയസ്സിനു മുകളിലുള്ള എത്രപേർക്ക് ഒന്നാം ഡോസ് വാക്സിനേഷനും രണ്ടാം ഡോസ് വാക്സിനേഷനും നൽകി എന്ന് വ്യക്തമാക്കാമോ;

(ബി) 18 വയസ്സിനു മുകളിലുള്ളവർക്കുള്ള വാക്സിനേഷൻ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ;

(സി) ശാരീരികമായി അവശത അനുഭവിക്കുന്നവർക്കും കിടപ്പുരോഗികൾക്കും വാക്സിനേഷൻ കേന്ദ്രങ്ങളിൽ എത്തിച്ചേരാൻ കഴിയാത്തതിനാൽ ഇത്തരക്കാർക്കായി വീടുകളിൽ ചെന്ന് വാക്സിൻ എടുക്കുന്നതിനായി നടപടികൾ

എടുത്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>**ജില്ലാ - താലൂക്ക് ആശുപത്രികളിൽ ഓക്സിജൻ ജനറേറ്റർ പ്ലാൻറുകൾ**</u>

246 **ശ്രീ. പി. ജെ. ജോസഫ്**

**ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ആശുപത്രികളോടും താലൂക്ക് ആശുപത്രികളോടും അനുബന്ധിച്ച് ഓക്സിജൻ ജനറേറ്റർ പ്ലാൻറുകൾ നിശ്ചിത സമയത്തിനുള്ളിൽ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; ഇതിനായുള്ള നടപടികൾ വേഗത്തിലാക്കുമോ;

(ബി) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വെന്റിലേറ്റർ, ഐ.സി.യു.ബെഡ്ഡുകൾ, ഓക്സിജൻ സപ്ലൈ എന്നിവ പ്രധാന ആരോഗ്യ കേന്ദ്രങ്ങളോട് അനുബന്ധിച്ച് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) കോവിഡ് മൂന്നാം തരംഗം ഉണ്ടാകാതിരിക്കാൻ എന്തൊക്കെ മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>**കോവിഡ് മരണങ്ങളിലെ വർദ്ധന**</u>

247 **ശ്രീ . ഷാഫി പറമ്പിൽ**

**ഡോ. മാത്യു കുഴൽനാടൻ**

**ശ്രീ പി സി വിഷ്ണുനാഥ്**

**ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് മരണങ്ങൾ ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കോവിഡ് മരണങ്ങൾ കുറയ്ക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കോവിഡ് രോഗികൾക്ക് ആവശ്യമായ വെന്റിലേറ്ററുകളും ഓക്സിജൻ സിലിണ്ടറുകളും അടക്കമുള്ള ഉപകരണങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; ജില്ലാ തലത്തിൽ ഇവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പോസ്റ്റ് കോവിഡ് രോഗങ്ങൾ മൂലം നിരവധി ആളുകൾ മരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കോവിഡ് മുക്തരായ വ്യക്തികളുടെ മരണനിരക്ക് കുറയ്ക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

<u>**കോവിഡ് വാക്സിന്റെ ലഭ്യത**</u>

248 **ശ്രീ . സണ്ണി ജോസഫ്**

**ശ്രീ. പി. ടി. തോമസ്**

**ഡോ. മാത്യു കുഴൽനാടൻ**

**ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ആവശ്യമായ കോവിഡ് വാക്സിൻ ലഭ്യമാക്കാൻ സംസ്ഥാന

സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ എല്ലാ ജനങ്ങൾക്കും വാക്സിൻ ലഭ്യമാക്കാനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ പ്ലാൻ ലഭ്യമാക്കാമോ ;

(സി) വിദേശ കമ്പനികളിൽ നിന്നും കോവിഡ് വാക്സിൻ വാങ്ങാനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്ത് കോവിഡ് വൈറസിന്റെ വാക്സിൻ റെസിസ്റ്റന്റ് വകഭേദങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെ നേരിടാനുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

## കായംകുളം താലൂക്ക് ആശുപത്രിയിൽ കോവിഡ് രോഗികളെ കിടത്തി ചികിത്സിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ

249 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്ക് ആശുപത്രിയിൽ ഓക്സിജൻ സൗകര്യങ്ങളോട് കൂടിയ എത്ര കിടക്കകളുണ്ട് എന്ന് വിശദമാക്കാമോ; നിലവിൽ ട്രയേജ് സംവിധാനം മാത്രമുള്ള കായംകുളം താലൂക്ക് ആശുപത്രിയിൽ കോവിഡ് രോഗികളെ കിടത്തി ചികിത്സിക്കുന്നതിനാവശ്യമായ പരമാവധി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## കോവിഡ് പ്രതിരോധ വാക്സിനേഷൻ

250 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ വാക്സിനേഷൻ സാർവ്വത്രികമാക്കുവാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

## കോവിഡ് -19 ചികിത്സാകേന്ദ്രങ്ങൾ

251 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജക മണ്ഡലത്തിൽ ഒന്നാം തലത്തിലും രണ്ടാം തലത്തിലും ആയി എത്ര കോവിഡ്-19 ചികിത്സാകേന്ദ്രങ്ങൾ നിലവിലുണ്ട് ; പഞ്ചായത്ത് , മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കുമോ;

(ബി) 2021 ജനുവരി ഒന്നുമുതൽ നാളിതുവരെ പ്രസ്തുത ചികിത്സാ കേന്ദ്രങ്ങളിൽ നിന്നും ചികിത്സ സ്വീകരിച്ച എത്ര കോവിഡ് -19 രോഗികൾ രോഗ മുക്തരായി എന്നും ചികിത്സയിലിരിക്കെ എത്ര പേർ മരണപ്പെട്ടു എന്നും അറിയിക്കുമോ?

## കോവിഡ് രണ്ടാം തരംഗം

252 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് രണ്ടാം തരംഗത്തിൽ വ്യാപന നിരക്ക് കൂടുകയും മരണ

സംഖ്യ വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് നിലവിൽ ഗുരുതരാവസ്ഥയിൽ കഴിയുന്ന കോവിഡ് രോഗികളുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനവ് ഉണ്ടാകുന്ന എന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) നിലവിൽ സംസ്ഥാനത്തെ ആശുപത്രികളിലെ വെന്റിലേറ്റർ ലഭ്യതയും ഓക്സിജൻ കിടക്കകളുടെ ലഭ്യതയും ഈ സാഹചര്യം നേരിടുവാൻ പര്യാപ്തമാണോ; ഇല്ലെങ്കിൽ അതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) കോവിഡ് രണ്ടാം തരംഗം നേരിടുന്നതിന് കേന്ദ്ര സർക്കാർ എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ ;വിശദാംശം ലഭ്യമാക്കുമോ?

## കോവിഡ്-19 മഹാമാരി

253 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 മഹാമാരിയെ നേരിടുന്നതിൽ കേരളം വിജയിച്ചതിലെ ഒരു പ്രധാന ഘടകമായ പൊതു ആരോഗ്യ സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി എന്തൊക്കെ പുതിയ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രാഥമിക-സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ കൂടുതൽ പാരാ മെഡിക്കൽ സംവിധാനങ്ങളും ആവശ്യത്തിന് ആരോഗ്യ പ്രവർത്തകരെയും നിയമിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദീകരിക്കാമോ?

## ചാത്തന്നൂർ മണ്ഡലത്തിലെ ആർദ്രം പദ്ധതി

254 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ പൂയപ്പള്ളി ,പൊഴിക്കര (പരവൂർ) എന്നീ പി .എച്ച് .സികളിൽ, ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിലുള്ള സൗകര്യങ്ങളൊരുക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്ന് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പി .എച്ച് .സികളിൽ, ആർദ്രം പദ്ധതി നടപ്പിലാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്നും ഉണ്ടെങ്കിൽ അവ എന്തൊക്കെയാണെന്നും വിശദമാക്കുമോ ?

## ബി. എസ്. സി. നഴ്സിംഗ് പരീക്ഷ

255 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഴ്സിംഗ് കോളേജുകളിൽ 2016 ആഗസ്റ്റിൽ ക്ലാസ്സ് തുടങ്ങി 2020 ആഗസ്റ്റിൽ കോഴ്സ് പൂർത്തിയാക്കിയ ബി. എസ്. സി. നഴ്സിംഗ് വിദ്യാർത്ഥികൾക്ക് കോവിഡ് പശ്ചാത്തലത്തിൽ ഇതുവരെയും പരീക്ഷ നടത്തിയിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തിന് പുറത്തുള്ള നഴ്സിംഗ് കോളേജുകളിൽ ഇതേവർഷം പഠനം

തുടങ്ങിയ വിദ്യാർത്ഥികൾ കോഴ്സ് പൂർത്തിയാക്കി പരീക്ഷ എഴുതി ജോലിയിൽ പ്രവേശിച്ചിട്ടും സംസ്ഥാനത്തെ നഴ്സിംഗ് വിദ്യാർത്ഥികൾക്ക് അതിന് കഴിയാത്ത സാഹചര്യം ഉണ്ടായത് ആരോഗ്യ സർവ്വകലാശാലയുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചമൂലമാണോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിദ്യാർത്ഥികൾക്ക് എത്രയും വേഗം പരീക്ഷ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ

256 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പ് 16 വർഷമായി നടത്തി വരുന്ന ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ എന്ന കോഴ്സ് മുനിസിപ്പൽ കോമൺ സർവ്വീസ്, പഞ്ചായത്ത് എന്നീ വകുപ്പുകളിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂളുകളിൽ ഉൾപ്പെട്ടിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്പെഷ്യൽ റൂളുകളിൽ യോഗ്യതയായി പറയുന്ന തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഹെൽത്ത് ഇൻസ്പെക്ടർ സർട്ടിഫിക്കറ്റ് കോഴ്സിന് പകരമായി ആരോഗ്യ വകുപ്പ് 16 വർഷമായി നടത്തി വരുന്ന ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ എന്ന കോഴ്സ് മുനിസിപ്പൽ കോമൺ സർവ്വീസ്, പഞ്ചായത്ത് എന്നീ വകുപ്പുകളിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയുടെ നിയമനത്തിനുള്ള യോഗ്യതയായി പരിഗണിക്കുന്നതാണ് എന്ന് വ്യക്തമാക്കുന്ന ഒരു സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുമോ?

## എം.ബി.ബി.എസ് പരീക്ഷയിലെ ആൾമാറാട്ടം

257 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ സർവ്വകലാശാല നടത്തിയ എം.ബി.ബി.എസ് പരീക്ഷയിൽ ആൾമാറാട്ടവും ക്രമക്കേടും നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കോളേജുകളിലാണ് ക്രമക്കേട് കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇതു സംബന്ധിച്ച അന്വേഷണം ഏത് ഘട്ടത്തിലാണെന്നും എത്ര വിദ്യാർത്ഥികൾക്കെതിരെ നടപടി സ്വീകരിച്ചെന്നും വ്യക്തമാക്കാമോ;

(സി) ഇത്തരം ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കുവാൻ നിലവിലുള്ള പരീക്ഷ നടത്തിപ്പിൽ എന്തെങ്കിലും പരിഷ്ക്കാരം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി ഏതെങ്കിലും കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## ചാത്തന്നൂർ മണ്ഡലത്തിൽ ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കൽ

258 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പൂയപ്പള്ളി, കല്ലുവാതുക്കൽ, ചിറക്കര എന്നീ ഗ്രാമപഞ്ചായത്തുകളിൽ ഭാരതീയ ചികിത്സാവകുപ്പിന്റെ ഡിസ്പെൻസറികൾ

സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 20.01.2021 തീയതിയിലെ എ1/16/2021/ആയുഷ് നമ്പർ ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## മാവേലിക്കര ഗവൺമെന്റ് ആയൂർവേദ ആശുപത്രി

259 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ഗവൺമെന്റ് ആയൂർവേദ ആശുപത്രിയുടെ നവീകരണത്തിന് അഞ്ച് കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

## പരിയാരം ആയുർവ്വേദ കോളേജ്

260 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിയാരം ഗവൺമെന്റ് ആയുർവ്വേദ കോളേജിൽ ഏതൊക്കെ വിഭാഗങ്ങളിലാണ് പി.ജി. കോഴ്സുകൾ നിലവിലുള്ളത്;

(ബി) ഏതൊക്കെ വിഭാഗങ്ങളിലാണ് പുതിയ പി.ജി. കോഴ്സുകൾ തുടങ്ങുന്നതിന് കേന്ദ്ര ആയുഷ് മന്ത്രാലയം അനുമതി നൽകിയിട്ടുള്ളത്;

(സി) ഓരോ വിഭാഗത്തിലും എത്രവീതം വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകാൻ കഴിയും;

(ഡി) പുതുതായി അനുവദിച്ച കോഴ്സുകളിലേയ്ക്ക് വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

## സിദ്ധ വിഭാഗം

261 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതീയ ചികിത്സ വകുപ്പിന് കീഴിൽ പുതുതായി വയനാട് ജില്ല ആയുർവേദ ആശുപത്രിയിൽ സിദ്ധ മെഡിക്കൽ ഓഫീസർ തസ്തിക പ്രാബല്യത്തിൽ വന്നതിന്റെ അടിസ്ഥാനത്തിൽ നിലവിൽ സുൽത്താൻ ബത്തേരി താലൂക്ക് ഗവണ്മെന്റ് ആയുർവേദ ആശുപത്രിയിൽ പ്ലാൻ പ്രോജക്റ്റിന്റെ കീഴിൽ പ്രവർത്തിച്ചുവന്നിരുന്ന സിദ്ധ വിഭാഗം നഷ്ടപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സിദ്ധ ചികിത്സയെ ആശ്രയിക്കുന്ന സാധാരണക്കാരായ രോഗികൾക്ക് ആശ്വാസമായി നല്ല രീതിയിൽ പ്രവർത്തിച്ചു വന്നിരുന്ന സിദ്ധ വിഭാഗം നിലവിലെ കോവിഡ് മഹാമാരിയുടെ സാഹചര്യം കൂടി കണക്കിലെടുത്ത് നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്ലാൻ ഫണ്ടിന് കീഴിലുണ്ടായിരുന്ന സിദ്ധ വിഭാഗത്തെ സുൽത്താൻ ബത്തേരി ഗവണ്മെന്റ് താലൂക്ക് ആയുർവേദ ഹോസ്പിറ്റലിൽത്തന്നെ പുനഃസ്ഥാപിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

## ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തിക

262 **ശ്രീ. അബ്ദുൽ ഹമീദ് മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ ശിശു വികസനം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് ആനുപാതികമായി ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികകൾ നിലവിൽ ഉണ്ടോ;

(ബി) ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിന് കഴിഞ്ഞ സർക്കാർ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്തെ അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം
30-05-2021

എസ് വി ഉണ്ണികൃഷ്ണൻ നായർ,
സെക്രട്ടറി

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].